# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ഏപ്രിൽ - 2019 ലക്കം 04**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................... 05
മെയ്ദിനസന്ദേശം ........................................................... 12
നോമ്പുകാല സന്ദേശം ........................................................... 19
രൂപതാകച്ചേരി വാർത്തകൾ ........................................................... 24
പ്രത്യേക ശ്രദ്ധയ്ക്ക് ........................................................... 33
പ്രസ്ബിറ്ററൽ കൗൺസിൽ - റിപ്പോർട്ട് ........................................................... 36
പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ........................................................... 39
വൈദിക സമ്മേളനം - റിപ്പോർട്ട് ........................................................... 42
മൈനർ സെമിനാരി വാർത്തകൾ ........................................................... 46
മതബോധനരംഗം ........................................................... 48
ചെറുപുഷ്പമിഷൻലീഗ് ........................................................... 51
*Department of Youth Ministry* ........................................................... 57
കെ.സി.വൈ.എം. ........................................................... 59
കുടുംബപ്രേഷിതത്വം ........................................................... 61
സീയോൻ വാർത്തകൾ ........................................................... 65
ജീസസ് യൂത്ത് ........................................................... 67
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................................... 72
സാമൂഹ്യ സേവനരംഗം (WSSS) ........................................................... 75
ബയോവിൻ അഗ്രോ റിസർച്ച് ........................................................... 80
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................................................... 83
കത്തോലിക്കാ കോൺഗ്രസ് ........................................................... 84
റേഡിയോ മാറ്റൊലി ........................................................... 86
*Mary Matha Arts & Science College* ........................................................... 92
*CEADOM* വിദ്യാഭ്യാസമേഖല ........................................................... 93
അറിയിപ്പുകൾ ........................................................... 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................................... 96
ബിഷപ്സ് പ്രോഗ്രാം ........................................................... 97

# സർക്കുലർ

***Circular Letter No. 06/2019***
***Prot. No. 21746/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ഉയിർപ്പ് തിരുനാൾ ആചരിക്കുന്നതിന് ഒരുക്കമായുള്ള അമ്പത് നോമ്പിന്റെ അവസാന ഭാഗത്തേയ്ക്ക് നാം എത്തുകയാണല്ലോ. ഈയവസരത്തിൽ കർത്താവ് ആഗ്രഹിക്കുന്ന രീതിയിലുള്ള നോമ്പാണോ നമ്മൾ നോക്കിയത് എന്നൊരു ആത്മശോധന നടത്തുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നു. അതിന് സഹായകമായിട്ടുള്ള ചില ചിന്തകൾ പങ്കുവയ്ക്കുകയാണ്.

നോമ്പ് എന്നാൽ എന്ത് എന്ന് ആദ്യം പരിശോധിക്കേണ്ടിയിരിക്കുന്നു. നോമ്പിന് വ്രതം എന്നും പറയാറുണ്ട്. ആശയടക്കം എന്ന പദത്തിന് ഔദ്യോഗികരൂപം നല്കിയാണ് നോമ്പ് എന്ന പദത്തിലേയ്ക്ക് എത്തിയതെന്ന് അനുമാനിക്കപ്പെടുന്നു. ഒരു പ്രത്യേക ആത്മീയാവസ്ഥയിലേക്ക് തന്റെ ജീവിതത്തെ എത്തിക്കാൻ വേണ്ടി ഒരു വ്യക്തി ഒരു നിശ്ചിത കാലത്തേയ്ക്ക് അനുഷ്ഠിക്കുന്ന ചില പ്രവൃത്തികളാണ് നോമ്പിന്റെ ഉള്ളടക്കം. അതിനായി തനിക്ക് ഇഷ്ടപ്പെടുന്ന ഒരുപാട് കാര്യങ്ങൾക്കുള്ള ആശയെ അഥവാ ആഗ്രഹത്തെ അടക്കി നിർത്തണം. അതുപോലെ അതിന് സഹായകമായ വചനവായന, പ്രാർത്ഥന, പരിഹാര പ്രവൃത്തികൾ തുടങ്ങിയവ കൊണ്ട് ആശയടക്കത്തിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. മനുഷ്യർക്കെന്നപോലെ എല്ലാ ജീവികൾക്കും ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങളിൽ ഭക്ഷണത്തിന് വലിയ സ്ഥാനമുണ്ട്. അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ കഴിക്കണം എന്ന ആശയെ അടക്കി നിർത്തുന്നു. നോമ്പിന്റെ അവസരത്തിൽ അതുകൊണ്ടാണ് അവയുടെ നിയന്ത്രണമുള്ളത്. ഭക്ഷണത്തോടൊപ്പം തന്നെ മറ്റ് അനേകം കാര്യങ്ങളിൽ നമുക്ക് ആഗ്രഹമുണ്ടാകും. ഓരോ വ്യക്തിയും അവരവരുടെ ജീവിതത്തിൽ വേണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന വസ്തുക്കളെ നോമ്പ് കാലത്ത് വേണ്ടെന്ന് വയ്ക്കുന്നു.

ഭക്ഷണസാധനങ്ങൾ അടക്കമുള്ള കാര്യങ്ങൾ വേണ്ടെന്ന് വക്കുന്നതു ഒരവസ്ഥയിലേക്ക് എത്തിച്ചേരാനുള്ള മാർഗ്ഗം അഥവാ വഴി മാത്രമാണ്. ഒരു സ്ഥലത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ ഓരോരുത്തരും അവരവർക്ക് ലഭ്യമായ വഴിയും യാത്രാവാഹനവും തെരഞ്ഞെടുക്കുന്നു. സ്വന്തം വാഹനമുള്ളവർ തെരഞ്ഞെടുക്കുന്നത്

ഏറ്റവും പെട്ടെന്ന് എത്താവുന്ന വഴിയായിരിക്കും. നേരേ മറിച്ച് മറ്റുള്ളവർ പൊതു വാഹനത്തെ ഉപയോഗിക്കും. ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇനമനുസരിച്ച് ലക്ഷ്യത്തിൽ എത്താനുള്ള ഉത്തരവാദിത്വത്തിൽ ഏറ്റക്കുറച്ചിലുണ്ടാകും. ബസിൽ കയറി വരുന്ന ഒരാൾ തന്റേതല്ലാത്ത കുറ്റം കൊണ്ട് ലക്ഷ്യത്തിൽ എത്താൻ താമസി ച്ചാൽ ആ വ്യക്തിക്ക് അതിൽ ഉത്തരവാദിത്വം താരതമ്യേന കുറവായിരിക്കും. എന്നാൽ സ്വന്തം വാഹനത്തിൽ വരുന്നയാളുടെ സ്ഥിതി അതല്ലല്ലോ. പള്ളിയുടെ തൊട്ടടുത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനുള്ള കടമയും വളരെ അകലെ താമസിക്കുന്നയാളുടെ കടമയും ഒരുപോലെയല്ലല്ലോ.

നമ്മെ സംബന്ധിച്ചിടത്തോളം നോമ്പിലൂടെ എത്തിച്ചേരാൻ ലക്ഷ്യം വയ്ക്കുന്ന അവസ്ഥ ഏതാണ്, അത് കർത്താവിനെപ്പോലെ ആയിത്തീരുക എന്നതാണ്. കർത്താവിനെപ്പോലെ ആയിത്തിരുക എന്നാൽ ദൈവമാകുക എന്നല്ല പ്രത്യുത പാപം ഇല്ലാത്ത അവസ്ഥ യിൽ എത്തുക എന്നർത്ഥം. അതായത് ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ ഏതവസ്ഥയിലായിരുന്നോ ആ അവസ്ഥയിൽ വീണ്ടും എത്തിച്ചേരുക. പറുദീസായിൽ ദൈവം ആദത്തോടും ഹവ്വായോടും സംസാരിക്കുന്നതും ഒരുമിച്ചായിരിക്കുന്നതും നാം കാണുന്നുണ്ട്. പാപമില്ലാത്ത അവസ്ഥ യിൽ മനുഷ്യന് ദൈവികമായ സാമീപ്യവും അതിൽനിന്നുളവാകുന്ന സ്വർഗ്ഗീയ ആനന്ദവും ലഭിക്കും എന്ന് പ്രതീകാത്മകമായി അവതരിപ്പി ക്കുന്നതാണവിടെ നാം കാണുന്നത്. അതാണ് ഉയിർപ്പിന്റെ ആനന്ദം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. മരണത്തിന് മുമ്പ് ലോകത്തിലായിരിക്കുമ്പോൾ ലഭിക്കുന്ന അത്തരം അനുഭവത്തിന് മരണത്തോടെ അന്ത്യമുണ്ടാകും. എന്നാൽ മരണശേഷം അത് നിത്യമായി തുടരുന്നു.

ദൈവത്തിന്റെ കല്പന തെറ്റിച്ചതോടെ മനുഷ്യന്റെ ആദ്യത്തെ അവസ്ഥയിൽ കാതലായ മാറ്റം വന്നു. പറുദീസായിൽ ഇറങ്ങിവന്ന് വിളിക്കുന്ന ദൈവത്തിന്റെ അടുത്ത് ചെല്ലാൻ മനുഷ്യന് നാണമാകുന്നു. ഈ അവസ്ഥ നമുക്കൊക്കെ അനുഭവമുള്ളതാണല്ലോ. കുറ്റം ചെയ്തിട്ട് സ്വന്തം പിതാവിന്റെ അടുത്ത് ചെല്ലാൻ മടിക്കുന്ന കുട്ടിക്കാലം മുതിർന്നവർക്ക് ഓർമ്മയുണ്ടാകും. ചെയ്തത് തെറ്റാണ് എന്ന തിരിച്ചറിവുള്ളതുകൊണ്ടാണ് അങ്ങനെ മടിക്കുന്നത്. എന്നാൽ കുറ്റബോധം അഥവാ പാപബോധം ഇല്ലാത്ത ഒരാൾക്ക് അത്തരം തോന്നലൊന്നും ഉണ്ടാകുകയില്ല.

നമുക്ക് പ്രയാസകരമെന്ന് തോന്നുന്ന ഒന്നും ദൈവത്തോട് ചേർന്നിരിക്കുന്ന അവസ്ഥയിൽ പ്രയാസകരമായി തോന്നുകയില്ല. ഭൂമിയിൽ അദ്ധ്വാനിച്ച് ഫലങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള കൽപനയും സന്താനോൽപാദനത്തിലൂടെ വർദ്ധിച്ച് പെരുകാനുള്ള കൽപനയും പാപത്തിന് മുമ്പു തന്നെ ദൈവം മനുഷ്യന് കൊടുത്തതാണ്. എന്നാൽ പാപം ചെയ്തതിന് ശേഷം അവ പ്രയാസകരമായിത്തീർന്നു. മരണവും ഇതുപോലെ തന്നെ. ജനിച്ചവരെല്ലാം മരിക്കണം എന്നത് മനുഷ്യ പ്രകൃതിയുടെ ഭാഗമാണ്. എന്നാൽ പാപത്തിന് ശേഷം അത് ദുഃഖകാരണമായിത്തീർന്നു.

നോമ്പ് കാലത്ത് നമ്മുടെ പാപങ്ങളെപ്പറ്റി അവബോധമുണ്ടാകുക എന്നതാണ് പാപമില്ലാത്ത അവസ്ഥയിലെത്താൻ വേണ്ട ആദ്യത്തെ വ്യവസ്ഥ. പാപമെന്താണ് എന്ന് നാമല്ല തീരുമാനിക്കുന്നത്. അത് തീരുമാനിക്കുന്നത് ദൈവമാണ്. ആദത്തേയും ഹവ്വായേയും ദൈവം പറുദീസായിൽ നിന്ന് പുറത്താക്കാൻ കാരണമായ പാപം ഏതാണ്, നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നതാണ് എന്ന് വചനം പറയും. അതൊരു പ്രതീകാത്മക ഭാഷയാണ്. തെറ്റും ശരിയും തീരുമാനിക്കാനുള്ള അവകാശവും അധികാരവും ദൈവത്തിന് മാത്രമേ ഉള്ളു. അത് ആദവും ഹവ്വായും കവർന്നെടുത്തു. അതായത് തങ്ങൾക്ക് ഇഷ്ടപ്പെട്ടത് നന്മയും അല്ലാത്തത് തിന്മയും എന്ന് അവർ തീരുമാനിച്ചു. അതെങ്ങനെയാണ് അവർ തീരുമാനിച്ചത് ദൈവത്തിന്റെ ശത്രുവായ പിശാചിന്റെ വാക്ക് സ്വീകരിച്ചു. മാത്രമല്ല ആ വൃക്ഷത്തിന്റെ ഫലം ആസ്വാദ്യവും കണ്ണിന് കൗതുകകരവും അറിവേകാൻ കഴിവുള്ളതുമായതിനാൽ അഭികാമ്യവും ആണെന്ന് അവർക്ക് തോന്നി (ഉൽപത്തി 3,6). ദൈവത്തിന്റെ വാക്കുകൾ മറന്ന് അവരത് പറിച്ച് തിന്നു.

അന്നത്തെപോലെ ഇന്നും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ വിരോധികൾ പറയുന്ന നുണകളാണ് നമുക്ക് പലപ്പോഴും വിശ്വസനീയമായി തോന്നുത്. മാത്രമല്ല അവർ വച്ചു നീട്ടുന്ന പഴങ്ങൾ കാണാൻ നല്ല ഭംഗിയും തിന്ന് ആസ്വദിക്കാൻ പറ്റിയവയും ഒരു നിശ്വാസത്തിന്റെ ആയുസ്സ് മാത്രമുള്ള മനുഷ്യന്റെ പരിമിതമായ മനസ്സുകൊണ്ട് വിശദീകരിക്കാനും മനസ്സിലാക്കാനും പറ്റിയവ ആണെന്നും തോന്നുന്നു. അങ്ങനെ മനുഷ്യനിർമ്മിതമായ ശാസ്ത്ര തത്വങ്ങൾക്ക് അപ്പുറത്ത് ഒന്നുമില്ല എന്ന അറിവാണ് വലുത് എന്ന നിഗമനത്തിലും എത്തുന്നു. അതോടെ ദൈവത്തിൽ നിന്നുള്ള അകൽച്ച പൂർണ്ണമാകുന്നു. പിന്നെയുള്ള ഏക ചിന്ത മേൽപ്പറഞ്ഞ വസ്തുക്കൾ പരമാവധി ആസ്വദിക്കുക എന്നത് തന്നെ. അതിന് തടസ്സം നിൽക്കു

ന്നവർ ആരായാലും അവരെ നിഷ്കരുണം ഇല്ലായ്മ ചെയ്യുകയും ചെയ്യും. ജ്ഞാനത്തിന്റെ പുസ്തകത്തിൽ ഭോഷൻമാർ പറയുന്നതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*അവർ മിഥ്യാ സങ്കൽപ്പത്തിൽ മുഴുകി. നമുക്ക് നിശ്ചയിച്ചിരിക്കുന്ന കാലം നിഴൽ പോലെ കടന്നു പോകുന്നു. മരണത്തിൽ നിന്ന് തിരിച്ച് വരവില്ല. അത് മുദ്രയിട്ട് ഉറപ്പിച്ചതാണ്. ആരും തിരിച്ച് വരുകയില്ല. വരുവിൻ ഇപ്പോഴുള്ള വിശിഷ്ടവസ്തുക്കൾ ആസ്വദിക്കാം. യുവത്വത്തിന്റെ ഉന്മേഷത്തോടെ ഈ സൃഷ്ടികൾ അനുഭവിക്കാം. മുന്തിയ വീഞ്ഞും സുഗന്ധദ്രവ്യങ്ങളും നിറയെ ആസ്വദിക്കാം. വസന്തപുഷ്പങ്ങളെയൊന്നും വിട്ടുകളയേണ്ട. വാടും മുമ്പ് പനിനീർ മൊട്ടുകൊണ്ട് കിരീടമണിയാം. സുഖഭോഗങ്ങൾ നുകരാൻ ആരും മടിക്കേണ്ട. ആഹ്ലാദത്തിന്റെ മുദ്രകൾ എവിടെയും പതിക്കാം. ഇതാണ് നമ്മുടെ ഓഹരി. ഇതാണ് നമ്മുടെ അവകാശം. നീതിമാനായ ദരിദ്രനെ നമുക്ക് പീഢിപ്പിക്കാം. വിധവയെ വെറുതെ വിടണ്ട. വൃദ്ധന്റെ നരച്ച മുടിയെ മാനിക്കരുത്. കരുത്താണ് നീതിയുടെ മാനദണ്ഡം. ദൗർബല്യം പ്രയോജനരഹിതമെന്ന് സ്വയം തെളിയുന്നു. നീതിമാനെ നമുക്ക് പതിയിരുന്ന് ആക്രമിക്കാം. അവൻ നമുക്ക് ശല്യമാണ്. അവൻ നമ്മുടെ പ്രവൃത്തികളെ എതിർക്കുന്നു. നിയമം ലംഘിക്കുന്നതിനെയും ശിക്ഷണ വിരുദ്ധമായി പ്രവൃത്തിക്കുന്നതിനെയും കുറിച്ച് അവൻ നമ്മെ ശാസിക്കുന്നു. തനിക്ക് ദൈവിക ജ്ഞാനമുണ്ടെന്നും താൻ കർത്താവിന്റെ പുത്രനാണെന്നും അവൻ പ്രഖ്യാപിക്കുന്നു. അവൻ നമ്മുടെ ചിന്തകളെ കുറ്റം വിധിക്കുന്നു. അവനെ കാണുന്നത് തന്നെ നമുക്ക് ദുസ്സഹമാണ്. അവന്റെ ജീവിതം നമ്മുടേതിൽ നിന്ന് വ്യത്യസ്തമാണ്. മാർഗ്ഗങ്ങൾ അസാധാരണവും... നിന്ദനവും പീഢനവും കൊണ്ട് അവന്റെ സൗമ്യതയും ക്ഷമയും പരീക്ഷിക്കാം. അവനെ ലജ്ജാകരമായ മരണത്തിന് വിധിക്കാം. അവന്റെ വാക്ക് ശരിയെങ്കിൽ അവൻ രക്ഷിക്കപ്പെടുമല്ലോ. അവർ ഇങ്ങനെ ചിന്തിച്ചു. എന്നാൽ അവർക്ക് തെറ്റുപറ്റി. ദുഷ്ടത അവരെ അന്ധരാക്കി (ജ്ഞാനം 2,5-21).* നമ്മുടെ പാപങ്ങൾ ഈ മേഖലകളിലാണെങ്കിൽ അവയെ തിരുത്താനുള്ള ആർജ്ജവത്വം ഈ നോമ്പുകാലത്ത് നമുക്കുണ്ടാകട്ടെ.

ഉപവാസം എങ്ങിനെയായിരിക്കണം എന്ന് ഏശയ്യാ പ്രവാചകനിലൂടെ കർത്താവായ ദൈവം അരുളിച്ചെയ്യുന്നത് ഇപ്രകാരമാണ്: *ഇത്തരം ഉപവാസമാണൊ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണ പോലെ തല കുനിക്കുന്നതും ചാക്ക് വിരിച്ച് ചാരവും വിതറി*

*കിടക്കുന്നതും ആണോ അത്? ഇതിനെയാണൊ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുന്നത്? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലെ അത്? അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടി വിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക (ഏശയ്യാ 58,5-9).*

നോമ്പുകാലം നമ്മുടെ ദൈവഭക്തി വർദ്ധിപ്പിക്കാനും ഉതകണം. എന്താണ് ദൈവഭക്തിയെന്ന് സുഭാഷിതങ്ങളിൽ കാണാം: *ദൈവഭക്തി തിന്മയെ വെറുക്കലാണ്. അഹംഭാവം, ഗർവ്വ്, ദുർമാർഗ്ഗം, ദുർവചനം എന്നിവ ഞാൻ വെറുക്കുന്നു* (8,13). *കർത്താവ് വെറുക്കുന്ന ആറ് കാര്യങ്ങളുണ്ട്. ഏഴാമതൊന്നുകൂടി അവിടുന്ന് മ്ലേച്ഛമായി കരുതുന്നു. ഗർവ്വ് കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്ക്കളങ്കമായ രക്തം ചൊരിയുന്ന കൈ, ദുഷ്കർമ്മങ്ങൾ നിനക്കുന്ന ഹൃദയം, തിന്മയിലേക്ക് പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞു കൂട്ടുന്ന കള്ളസാക്ഷി, സഹോദരർക്കിടയിൽ ഭിന്നത വിതക്കുന്നവൻ (6,16-19).* ദൈവഭക്തിയുണ്ടെങ്കിലേ ജ്ഞാനം അഥവാ അറിവ് ലഭിക്കുകയുള്ളൂ. ജ്ഞാനം ആത്മാവിന്റെ ദാനമാണ്. *ശിക്ഷണത്തോടുള്ള ആത്മാർത്ഥമായ അഭിലാഷമാണ് ജ്ഞാനത്തിന്റെ ആരംഭം. ശിക്ഷണത്തെ സ്നേഹിക്കുന്നവൻ ജ്ഞാനത്തെ സ്നേഹിക്കുന്നു (ജ്ഞാനം 6, 17).* നോമ്പുകാലം ശരിയായ ശിക്ഷണം അഭ്യസിക്കാനും ജ്ഞാനം നേടാനുമുള്ള കാലമാണ്. അതിനുള്ള മാർഗ്ഗങ്ങളാണ് ഉപവാസവും പ്രാർത്ഥനയും എല്ലാം.

ഉപവാസം എങ്ങിനെയിരിക്കണം എന്ന് ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്: *നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻവേണ്ടി അവർ മുഖം*

*വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അവർക്ക് പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം തരും (മത്തായി 6,16-18).*

ഉപവാസത്തിന്റെ ആവശ്യകതയെപ്പറ്റിയും ഈശോ പറയുന്നുണ്ട്: *മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ? മണവാളൻ കൂടെയുള്ളിടത്തോളം കാലം അവർക്ക് ഉപവസിക്കാനാവില്ല. മണവാളൻ അവരിൽ നിന്ന് അകറ്റപ്പെടുന്ന കാലം വരും; അന്ന് അവർ ഉപവസിക്കും (മർക്കോസ് 2,19-20).* ഈശോയുടെ ഈ പ്രബോധനത്തെ അൽപ്പമൊന്ന് വിശാലമാക്കിയാൽ നമുക്ക് മനസ്സിലാകും പാപം മൂലമാണ് നമ്മിൽ നിന്ന് മണവാളനായ ഈശോ അകറ്റപ്പെടുന്നത് എന്ന്. ഈശോ അകലുകയല്ല പ്രത്യുത അകറ്റപ്പെടുകയാണ് ചെയ്യുന്നത്. പാപമുള്ളിടത്ത് ദൈവത്തിന് ആയിരിക്കാൻ കഴിയില്ല. ചപ്പുചവറുകൾ നിറഞ്ഞ മുറിയിൽ പ്രകാശം കയറുകയില്ല. അത് മാറ്റുകയും ജനാലകളും വാതിലുകളും തുറന്നിടുകയും ചെയ്യുമ്പോഴേ പ്രകാശത്തിന് അകത്തേക്ക് പ്രവേശിക്കാൻ കഴിയുകയുള്ളു. ഈ നോമ്പുകാലത്ത് നമ്മുടെ ഹൃദയമുറികളിലെ പാപങ്ങളാകുന്ന ചപ്പ് ചവറുകളെ വാരി പുറത്ത് കളഞ്ഞ് ഹൃദയവാതിലുകൾ ഈശോയുടെ പ്രകാശം കടക്കാൻ തക്കവിധം തുറന്നിടാം.

*തിന്മകളെ നമ്മിൽ നിന്ന് ദൂരെയകറ്റണമെങ്കിൽ ഉപവാസവും പ്രാർത്ഥനയും അത്യന്താപേക്ഷിതമാണെന്നും അവിടുന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്: പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗ്ഗം പുറത്തുപോകുകയില്ല (മത്തായി 17,21).* നാൽപത് രാവും നാൽപത് പകലും ഉപവസിച്ചിട്ട് വരുമ്പോഴാണല്ലോ ഈശോയെ സാത്താൻ പരീക്ഷിക്കുന്നത്. അതേ, നമ്മിൽ പാപം ഇല്ലാതാകുന്ന അവസ്ഥയിൽ അവയിലേക്ക് തിരികെ പോകാനുള്ള പ്രലോഭനവും അതിശക്തമായിരിക്കും എന്ന വസ്തുതയും നമുക്ക് ഓർക്കാം. അതായത് പാപത്തെ നമ്മിൽ നിന്ന് അകറ്റി നിർത്തി ഈശോയുടെ കൂടെ ആയിരിക്കുക എന്നത് ഒരു നിരന്തര യുദ്ധമാണ്. ആ യുദ്ധം മരണത്തോടെ മാത്രമേ അവസാനിക്കുകയുള്ളു. അതുകൊണ്ട് ഈ യുദ്ധത്തിൽ ജയിക്കാൻ വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനമനു

*സരിച്ച് സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്ത് നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കാം (എഫേ. 6, 10-17).* ആ യുദ്ധത്തിന്റെ വിജയാഘോഷമായ ഉയിർപ്പ് തിരുനാൾ ആചരിക്കാൻ നമ്മളും യോഗ്യരാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2019 മാർച്ച് മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഏപ്രിൽ മാസം 07-ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസസമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി.കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, പ്രിയപ്പെട്ട തൊഴിലാളികളേ,

1. നമ്മുടെ ഗുരുവും നാഥനുമായ യേശു, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019-ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലകളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് "എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യം മുഴക്കി 1886-ൽ ചിക്കാഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്.

സഹനത്തിന്റെ എല്ലാ പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട സംഘടിതശക്തിയുടെ ആത്മധൈര്യം മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറവിളി ഉയർന്നത്. അതുകൊണ്ടുതന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതിവിവരണക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസുന്തിലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറത്തിറക്കിയ റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയിരിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനികരുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്യത്തിന്റെ നിലയില്ലാകയങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011-12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017-18 ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് ഭയപ്പെടു

ത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജനങ്ങൾ തൊഴിൽരഹിതരാണ്. നഗരങ്ങളിൽ ഇത് 22.9 ശതമാനം ആണ്. നോട്ടു നിരോധനം വഴിയും ജി.എസ്.ടി യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തു പോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷികമേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽ നിന്നു ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതി വിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴിലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത്

ഖേദകരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽ ഏതാണ്ട് മുഴുവൻ പേരും അസംഘടിത മേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങളുമാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘടിത തൊഴിലാളികളുടെയും ജീവിതത്തെയും ജീവിത സാഹചര്യങ്ങളെയുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവസ്ഥയിൽ അകപ്പെട്ടു പോകുന്ന യുവത്വം വഴിവിട്ട ധനാഗമ മാർഗങ്ങളിലേക്കും തീവ്രവാദത്തിലേക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യത്തോടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ പല പിണക്കങ്ങളും സങ്കുചിതമായ കക്ഷി താത്പര്യങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ്ദിനം പങ്കുവെയ്ക്കുന്ന സന്ദേശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളികളെയാണ് അസംഘടിത തൊഴിലാളികൾ എന്ന്

വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതുമൂലം സ്വാധീനശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനു തീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതികമായ വികസന വിഹിതവും ഇവർക്കു നിഷേധിക്കപ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമമാത്ര കർഷകരെയും അസംഘടിത തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിതപദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഓരോ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനുമാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മീകതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരള സഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ

തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഗാർഹീകതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെറുകിട തോട്ടംതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർവാഹനത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തനങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12. സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃതമുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ടതെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31) അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരിത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ ക്രിസ്തു അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവ നയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എം നെയാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം

ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരുംതന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിലും രക്ഷാകർമത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്ത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ് തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)
**ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)
**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

---

**NB:- 2019 ഏപ്രിൽ 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.**

## 2019 നോമ്പുകാല സന്ദേശം

ഫ്രാൻസിസ് മാർപാപ്പാ

*"സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷ യോടെ കാത്തിരിക്കുന്നു" (റോമാ 8:19)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവം ഓരോ വർഷവും സഭാമാതാവിലൂടെ "സന്തോഷപ്രദ മായ ഈ കാലഘട്ടം നമുക്കു നല്കുന്നു - നവീകൃതമായ മനസ്സോടും ഹൃദയത്തോടുംകൂടി പെസഹാ രഹസ്യം ആഘോഷിക്കുവാൻ നാം ഒരു ങ്ങുന്ന കാലഘട്ടം - ക്രിസ്തുവിൽ നമുക്കു പുതിയ ജീവൻ നല്കിയ മഹാസംഭവങ്ങളെ ഓർമ്മിക്കുന്ന കാലഘട്ടം" (ആമുഖ പ്രാർത്ഥന 1 നോമ്പുകാലം). ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ഫലമായി നമ്മൾ സ്വീകരിച്ച രക്ഷയുടെ നിറവേറലിലേക്ക് ഈസ്റ്റർ മുതൽ ഈസ്റ്റർ വരെ അങ്ങനെ യാത്ര ചെയ്യാൻ നമുക്കു കഴിയും. "എന്തെന്നാൽ പ്രത്യാശയിലേക്ക് നാം രക്ഷപ്രാപിക്കുന്നത്" (റോമാ 8:24). നമ്മുടെ ഭൗമികജീവിതങ്ങളിൽ നേരത്തേ തന്നെ പ്രവർത്തനനിരതമായിക്കൊ ണ്ടിരിക്കുന്ന ഈ രക്ഷാരഹസ്യം ചരിത്രത്തെയും സൃഷ്ടി മുഴുവനെയും ആശ്ലേഷിക്കുക കൂടി ചെയ്യുന്ന ഒരു ചലനാത്മക പ്രക്രിയയാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "സൃഷ്ടപ്രപഞ്ചം ദൈവമക്ക ളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമാ 8:19). ഈ വീക്ഷണപ്രകാരം, ഈ വരുന്ന നോമ്പുകാലത്ത് നമ്മുടെ മാനസാന്തര യാത്രയോട് ഒന്നുചേർന്നുപോകാൻ ചില ചിന്തകൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. സൃഷ്ടിയുടെ വീണ്ടെടുപ്പ്**

ക്രിസ്തുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്ന ത്രിദിന പെസഹാചരണം ആരാധനാക്രമവർഷത്തിന്റെ ഉച്ചകോടിയാണ്. ക്രിസ്തുവുമായുള്ള നമ്മുടെ അനുരൂപപ്പെടൽ (cf റോമാ 8:29) ദൈവിക കാരുണ്യത്തിന്റെ ഒരു അമൂല്യസമ്മാനമാണെന്ന അറിവോടെ തയ്യാറെ ടുപ്പിന്റെ ഒരു യാത്ര നടത്താൻ അത് നമ്മെ വർഷംതോറും ക്ഷണി ക്കുന്നു.

നമ്മൾ ദൈവമക്കളെന്ന നിലയിൽ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാ ത്മാവിനാൽ നയിക്കപ്പെടുന്നവരും (cf റോമാ 8:14) ദൈവികനിയമത്തെ അംഗീകരിക്കാനും അനുസരിക്കാനും കഴിവുള്ളവരുമാണ്. ആ നിയമം നമ്മുടെ ഹൃദയങ്ങളിലും പ്രകൃതിയിലും എഴുതപ്പെട്ടതാണ്. നാം സൃഷ്ടിയുടെ വീണ്ടെടുപ്പിൽ സഹകരിക്കുന്നതിലൂടെ സൃഷ്ടിയുടെ

ഉപകർത്താക്കളായിത്തീരുന്നു. അതുകൊണ്ടാണ് സൃഷ്ടി ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, യേശുവിന്റെ പെസഹാരഹസ്യത്തിന്റെ കൃപ ആസ്വദിക്കുന്ന എല്ലാവരും അതിന്റെ നിറവേറൽ അനുഭവിച്ചറിയുന്നത് മനുഷ്യശരീരത്തിന്റെ വീണ്ടെടുപ്പിൽത്തന്നെയാണ്. ക്രിസ്തുവിന്റെ സ്നേഹം വിശുദ്ധരുടെ ജീവിതങ്ങളെ ചൈതന്യത്തിലും ശരീരത്തിലും ആത്മാവിലും രൂപാന്തരപ്പെടുത്തുമ്പോൾ അവ ദൈവത്തിനു സ്തുതി സമർപ്പിക്കുന്നു. പ്രാർത്ഥന, ധ്യാനം, കല എന്നിവയിലൂടെ അവ മറ്റു സൃഷ്ടികളെയും ആ സ്തുതിയിൽ ഉൾപ്പെടുത്തുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ "സൃഷ്ടികളുടെ സംഗീത"ത്തിൽ വിസ്മയനീയമാംവിധം അതു പ്രകടമാണല്ലോ (cf. ലാവുദാത്തോസി, 87). എന്നാലും ഈ ലോകത്തിൽ വീണ്ടെടുപ്പ് ഉത്പാദിപ്പിച്ച് സമന്വയം പാപത്തിന്റെയും മരണത്തിന്റെയും നിഷേധാത്മകശക്തിയുടെ നിരന്തര ഭീഷണിക്കു കീഴിലാണ്.

**2. പാപത്തിന്റെ നാശാത്മകശക്തി**

യഥാർത്ഥത്തിൽ, നാം ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കുന്നതിൽ പരാജയപ്പെടുമ്പോൾ നമ്മൾ അയല്ക്കാരോടും മറ്റു സൃഷ്ടികളോടും-നമ്മോടുതന്നെയും-നാശകരമായ രീതിയിൽ പെരുമാറുന്നു. കാരണം, അവരെയെല്ലാം നമ്മുടെ ഇഷ്ടമനുസരിച്ച് ഉപയോഗിക്കാമെന്ന് ഏറെക്കുറെ ബോധപൂർവം നാം ചിന്തിക്കാൻ തുടങ്ങുന്നു. അപ്പോൾ മിതത്വമില്ലായ്മ വിജയിക്കുന്നു: നമ്മുടെ മാനുഷികാവസ്ഥയും പ്രകൃതിതന്നെയും നമുക്കു നല്കിയിട്ടുള്ള പരിമിതികളെ അതിലംഘിക്കുന്ന ഒരു ജീവിതം നയിക്കാൻ നാം പരിശ്രമിക്കുന്നു. ദൈവചിന്തയോ ഭാവിപ്രത്യാശയോ ഇല്ലാതെ പ്രവർത്തിക്കുന്ന ദൈവനിഷേധികളുടെ തനിസ്വഭാവമായി ജ്ഞാനഗ്രന്ഥം (cf.2,1-11) സൂചിപ്പിക്കുന്നതരം കടിഞ്ഞാണില്ലാത്ത ആഗ്രഹങ്ങൾക്ക് നമ്മൾ കീഴ്പ്പെടുന്നു. നാം നിരന്തരം ഈസ്റ്ററിലേക്കു തിരിയാതിരുന്നാൽ, ഉത്ഥാനത്തിന്റെ ചക്രവാളത്തിലേക്കു തിരിയാതിരുന്നാൽ, "എനിക്ക് എല്ലാം വേണം, ഇപ്പോൾത്തന്നെ വേണം" "അമിതമായതു മതിയാകുന്നില്ല" എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളിൽ പ്രകടമാകുന്ന മനോഭാവം മേല്ക്കൈ നേടും.

നമുക്ക് അറിയാവുന്നതുപോലെ, എല്ലാ തിന്മയുടെയും വേര് പാപമാണ്. അത് ആദ്യത്തെ പ്രത്യക്ഷപ്പെടൽ മുതൽ ദൈവവുമായുള്ള നമ്മുടെ ഐക്യത്തെയും മറ്റുള്ളവരോടും പ്രകൃതിയോടു തന്നെയുമുള്ള

ഐക്യത്തെയും തകർത്തു. പ്രകൃതിയോട് നമ്മുടെ ശരീരം വഴി നാം പ്രത്യേകമാംവിധം ബന്ധപ്പെട്ടാണിരിക്കുന്നതിനാൽ ദൈവവുമായുള്ള ഐക്യത്തിന്റെ ഈ തകർച്ച ഞാൻ ജീവിക്കാൻ വിളിക്കപ്പെട്ട പരിസ്ഥിതിയുമായുള്ള ഐക്യപൂർണമായ ബന്ധത്തെയും തകർക്കുന്നു. അങ്ങനെ പൂന്തോട്ടം ഒരു മരുഭൂമിയായിത്തീർന്നു (cf ഉത്പ. 3:17-18). സൃഷ്ടിയുടെ ദൈവമായി തന്നെത്തന്നെ പരിഗണിക്കാൻ മനുഷ്യനെ പാപം പ്രേരിപ്പിക്കുന്നു. സൃഷ്ടിയുടെ അധികാരിയായി സ്വയം ചമഞ്ഞ് സ്രഷ്ടാവ് നിശ്ചയിക്കാത്തതും സ്വന്തം താത്പര്യങ്ങൾക്കു ചേർന്നതുമായ വിധത്തിൽ മനുഷ്യൻ സൃഷ്ടിയെ ഉപയോഗിക്കുന്നത് മറ്റു സൃഷ്ടികളുടെ നാശത്തിനു കാരണമാകും.

ദൈവത്തിന്റെ നിയമം അഥവാ സ്നേഹത്തിന്റെ നിയമം ഉപേക്ഷിക്കുമ്പോൾത്തന്നെ 'ദുർബലന്റെ മേൽ ശക്തൻ' എന്ന നിയമം നടപ്പിലാകും. മനുഷ്യഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പാപം (cf മർക്കോ 7:20-23) അത്യാഗ്രഹത്തിനും സുഖത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ഓട്ടത്തിന്റെയും മറ്റുള്ളവരുടെയും തന്റെ തന്നെയും നന്മയോടുള്ള താത്പര്യമില്ലായ്മയുടെയും രൂപം സ്വീകരിക്കും. അത്, ഓരോ ആഗ്രഹവും ഒരു അവകാശമായി കാണുന്ന ആ അദമ്യമായ മോഹത്താൽ, സൃഷ്ടികളുടെ - അതായത് വ്യക്തികളുടെയും പരിസ്ഥിതിയുടെയും - ചൂഷണത്തിലേക്ക് നയിക്കും; ഉടനെയോ, പിന്നീടോ അതിന്റെ പിടിയിലുള്ള എല്ലാം നശിപ്പിക്കുകയും ചെയ്യും.

**3. അനുതാപത്തിന്റെയും ക്ഷമിക്കലിന്റെയും സൗഖ്യദായകശക്തി**

"പുതിയസൃഷ്ടി" ആക്കപ്പെട്ട ദൈവമക്കളുടെ വെളിപ്പെടൽ സൃഷ്ടിക്ക് അത്യാവശ്യമാണ്. എന്തെന്നാൽ "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതുകടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു" (2 കോറി, 5:17). യഥാർത്ഥത്തിൽ അവരുടെ വെളിപ്പെടൽ മുഖേന സൃഷ്ടിക്കുതന്നെ, പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും സ്വയം തുറന്നുകൊണ്ട് (cf വെളി 21:1) ഒരു പെസഹാ ആഘോഷിക്കാം. ഈസ്റ്ററിലേക്കുള്ള പാത ഒരുകാര്യം ആവശ്യപ്പെടുന്നുണ്ട് - പെസഹാരഹസ്യത്തിന്റെ സമൃദ്ധമായ കൃപാവരം പൂർണ്ണമായി ജീവിക്കുന്നതിനുവേണ്ടി നാം, ക്രൈസ്തവരെന്ന നിലയിൽ, നമ്മുടെ മുഖങ്ങളെയും ഹൃദയങ്ങളെയും അനുതാപം, മാനസാന്തരം, ക്ഷമിക്കൽ എന്നിവയിലൂടെ നവീകരിക്കണം. സർവ്വസൃഷ്ടിയുടെയും 'ആകാംക്ഷയോടുള്ള കാത്തിരുപ്പ്' പൂർത്തിയാക്കുന്നത് ദൈവമക്കളുടെ വെളിപ്പെടലിലാണ്, അതായത്, ക്രൈസ്തവരും സകല ജനവും മാനസാന്തരത്തിന്റെ അവിഭാജ്യഘടകമായ ആ "ഈറ്റുനോവി'

ലേക്ക് ആത്യന്തികമായി പ്രവേശിക്കുമ്പോഴാണ്. സൃഷ്ടി മുഴുവനും നമ്മോടൊപ്പം മുമ്പോട്ടു പോകാൻ വിളിക്കപ്പെട്ടിരിക്കുന്നു. "സൃഷ്ടി ജീർണ്ണതയുടെ അടിമത്വത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും"(റോമ 8.21) നോമ്പുകാലം ഈ മാനസാന്തരത്തിന്റെ കൗദാശികമായ അടയാളമാണ്.

വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ പെസഹാരഹസ്യത്തെ മൂർത്തീഭവിപ്പിക്കാൻ അത് ക്രിസ്ത്യാനികളെ ക്ഷണിക്കുന്നു. സർവോപരി ഉപവാസം, പ്രാർത്ഥന, ധർമദാനം എന്നിവ വഴിയാണ് അങ്ങനെ ചെയ്യേണ്ടത്.

**ഉപവാസം:** ഇത് മറ്റുള്ളവരോടും സൃഷ്ടിമുഴുവനോടുമുള്ള നമ്മുടെ മനോഭാവത്തെ മാറ്റാൻ പഠിക്കലാണ്; നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിന് എല്ലാം വിഴുങ്ങുവാനുള്ള പ്രലോഭനത്തിൽ നിന്ന് പിന്തിരിയലാണ്; നമ്മുടെ ഹൃദയത്തിന്റെ ശൂന്യത നിറയ്ക്കാൻ കഴിയുന്ന സ്നേഹത്തിനുവേണ്ടി സഹിക്കാൻ തയ്യാറാകലാണ്. **പ്രാർത്ഥന:** വിഗ്രഹാരാധനയും നമ്മുടെ അഹംഭാവത്തിന്റെ സ്വയം പര്യാപ്തതയും ഉപേക്ഷിക്കാനും കർത്താവിനെയും അവിടുത്തെ കാരുണ്യത്തെയും നമുക്ക് ആവശ്യമുണ്ടെന്ന് അംഗീകരിക്കാനും പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. **ധർമ്മദാനം:** നമുക്കില്ലാത്ത ഒരു ഭാവി കൈക്കലാക്കാൻ നമുക്കു കഴിയുമെന്ന മിഥ്യയായ വിശ്വാസത്തിൽ എല്ലാം നമുക്കുവേണ്ടി സംഭരിച്ചുവയ്ക്കുന്ന മാനസികവിഭ്രാന്തിയിൽ നിന്ന് ധർമ്മദാനം വഴി നാം രക്ഷപ്പെടുന്നു. അങ്ങനെ സൃഷ്ടിയെയും നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച് ദൈവത്തിനുള്ള പദ്ധതിയുടെ സന്തോഷം വീണ്ടും കണ്ടെത്താം. അവിടുത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും മുഴുവൻ ലോകത്തെയും സ്നേഹിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. ഈ സ്നേഹത്തിൽ നമ്മുടെ യഥാർത്ഥമായ സന്തോഷം കണ്ടെത്താം.

പ്രിയ സഹോദരീസഹോദരന്മാരേ, നാല്പതു ദിവസത്തെ "നോമ്പു"കാലം ദൈവപുത്രൻ സൃഷ്ടിയുടെ മരുഭൂമിയിൽ ചെലവഴിച്ചു. അതിനെ വീണ്ടും ആദിമ പാപത്തിനുമുമ്പ് ആയിരുന്നതുപോലെ ദൈവവുമായുള്ള ഐക്യത്തിന്റെ പൂന്തോട്ടമാക്കിത്തീർക്കുകയെന്ന ലക്ഷ്യം ആ മരുഭൂമി വാസത്തിനുണ്ടായിരുന്നു (cf മർക്കോ 1:12-13, ഏശ 51:3). അതേ പാതയിലൂടെയുള്ള യാത്രയായിരിക്കട്ടെ നമ്മുടെ ഈ വർഷത്തെ നോമ്പുകാലം. അത് സൃഷ്ടിക്കും ക്രിസ്തുവിന്റെ പ്രത്യാശ നല്കട്ടെ. അങ്ങനെ "സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും

ചെയ്യും" (റോമാ 8:21). കൃപാവരത്തിന്റെ ഈ കാലയളവ് മിഥ്യയാകാൻ നാം അനുവദിക്കരുത്! യഥാർത്ഥ മാനസാന്തരത്തിന്റെ പാതയിലൂടെ പുറപ്പെടാൻ നമുക്ക് ദൈവസഹായം യാചിക്കാം. നമ്മുടെ സ്വാർത്ഥ തയും സ്വയം മുഴുകലും ഉപേക്ഷിക്കാം. യേശുവിന്റെ പെസഹായി ലേക്കു തിരിയാം. നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങ ളിൽ നമുക്ക് അവരോടൊപ്പം നില്ക്കുകയും നമ്മുടെ ആത്മീയവും ഭൗതികവുമായ സ്വത്തുക്കൾ അവരുമായി പങ്കുവയ്ക്കുകയും ചെയ്യാം. ഇങ്ങനെ, പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ വസ്തുനിഷ്ഠമായി നമുക്കു സ്വാഗതം ചെയ്യാം. അതിന്റെ പരിവർത്തനാത്മകമായ ശക്തിയെയും മുഴുവൻ സൃഷ്ടിയിലേക്കും പ്രസരിപ്പിക്കാം.

*വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2018,*
*വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം*

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 16–ാം ചരമവാർ ഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6–ാം തീയതി ശനിയാഴ്ച യാണ്. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 06.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുകർമ്മത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

ബഹു. പോൾ  മണക്കാട്ടുമറ്റം അച്ചന്റെ ചരമദിനം ഏപ്രിൽ 8 നും ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29 നും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചുതരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാ വിഹിതവും വൈദിക ക്ഷേമ നിധിയിലേക്കുള്ള തുകയും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**രൂപതാദിനം 2019 മെയ് 7 ചൊവ്വ**

രൂപതയിൽ നടന്ന വിവിധ സമ്മേളനങ്ങളിലും നിലമ്പൂർ, മണിമൂളി, നീലഗിരി പ്രദേശങ്ങളിലെ വൈദികരുടെ പ്രത്യേക സമ്മേളനത്തിലും ചർച്ച ചെയ്ത് തീരുമാനിച്ചതുപോലെ ഈ വർഷത്തെ രൂപതാദിനം മെയ് 7–ാം തീയതി ചൊവ്വാഴ്ച മണിമൂളിയിൽ വച്ച് നടക്കുകയാണ്. നിലമ്പൂർ–മണിമൂളി പ്രദേശങ്ങളിൽ നിന്നും രൂപതാദിനത്തിൽ കൂടുതൽ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.

**രൂപതാദിനത്തിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്:**
**മണിമൂളി – നിലമ്പൂർ ഫൊറോനകൾ:**

1. എല്ലാ വൈദികരും, സന്യസ്തരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകർ, കുടുംബകൂട്ടായ്മ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ (കൈക്കാരന്മാർ, ഇടവക സെക്രട്ടറിമാർ, 4 വിഭാഗങ്ങളിൽ നിന്നും ഓരോരുത്തർ വീതം – പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഉപസമിതി കൺവീനർമാർ), കുടുംബ കൂട്ടായ്മ യൂണിറ്റുകളിൽ നിന്നും ഓരോരുത്തർ വീതം, എല്ലാ മതാദ്ധ്യാ പകരും, മണിമൂളി–നിലമ്പൂർ ഫൊറോന കൗൺസിൽ അംഗങ്ങൾ, എല്ലാ സംഘടനാഭാരവാഹികളും, LP, UP, HS, HSS, College പ്രധാനാദ്ധ്യാ പകരും പങ്കെടുക്കേണ്ടതാണ്.

**മറ്റ് ഫൊറോനകളിൽ നിന്നും**

1. എല്ലാ വൈദികരും, സന്യാസഭവനങ്ങളിലെ മേജർ സുപ്പീരി യേഴ്സും ലോക്കൽ സുപ്പീരിയേഴ്സും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തുകൈക്കാരൻ, മതബോധന പ്രധാനാദ്ധ്യാപകർ, ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും മതബോധനത്തി ന്റെയും രൂപതാഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്.

**പ്രോഗ്രാം**

| | | |
|---|---|---|
| 09.00 am | – | രജിസ്ട്രേഷൻ |
| 09.15 am | – | പതാക ഉയർത്തൽ |
| 09.30 am | – | വി. കുർബ്ബാന |
| 10.30 am | – | പൊതുസമ്മേളനം |
| 01.30 pm | – | ഉച്ചഭക്ഷണം |

ഈ വർഷം സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോ ഷിക്കുന്ന വൈദികർ, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സന്യസ്തർ, 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാ ക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരെ രൂപതാദിനത്തിൽ ആദരി ക്കുന്നു. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

രൂപതാദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ വ്യക്തി മുദ്രപതിപ്പിച്ചിട്ടുള്ള രൂപാതാംഗങ്ങളെ ആദരിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇത്തരത്തിൽ പരിഗണനീയരായ വ്യക്തികളുടെ പേരു വിവരങ്ങൾ അവാർഡ് കമ്മിറ്റി ചെയർമാനായ ബഹു. തോമസ് ജോസഫ് തേരകം അച്ചനെ അറിയിക്കേണ്ടതാണ്. (ഫോൺ +919446030066, +918129882728)

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 15 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ബാസ്റ്റിൻ വട്ടാങ്കിയിൽ SJ (കയ്യൂന്നി) അച്ചന് മാനന്തവാടി രൂപതയിലേക്ക് സ്വാഗതം. അച്ചന്റെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഏപ്രിൽ മാസം മുതൽ ശമ്പളത്തോടൊപ്പം ദേവാലയ ശുശ്രൂഷിയ്ക്ക് 125 രൂപ വാർഷിക ഇൻക്രിമെന്റ് കൂട്ടിയ തുകയും അക്കൗണ്ടന്റിന് 75 രൂപ വാർഷിക ഇൻക്രിമെന്റ് കൂട്ടിയ തുകയും (വിശദവിവരങ്ങൾക്ക് മാനന്തവാടി രൂപത ബുള്ളറ്റിൻ, ജനുവരി 2017, പേജ് 10-11 കാണുക) നൽകേണ്ടതാണ്. ബഹു. വൈദികരുടെ വാർഷിക ഇൻക്രിമെന്റ് 500 രൂപയാണ്.

**വൈദികരുടെ സ്ഥലമാറ്റം**

നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ പൊതു സ്ഥലമാറ്റം മെയ് മാസം 18 ന് ആയിരിക്കും.

**Transfer and Appointments**

1. Rev. Fr. Bastin Vattankyil SJ - Asst. Vicar, Kayyunni (w.e.f. 01-03-2019)

**ഓഡിറ്റിംഗ്**

മുൻ വർഷങ്ങളിൽ ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശപണം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്ഥാപനങ്ങളുടെ FC കണക്കുകളുടെ ഓഡിറ്റിംഗ് ഈ വർഷം മെയ് നാലാം തീയതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളുടെ പൊതു കണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ പിന്നാലെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭി

ക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റിംഗിനു സെക്രട്ടറിമാർ വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, 2019-2020 ലേയ്ക്കുള്ള ബഡ്ജറ്റ്, വാർഷികതെരട്ടിന്റെ 2 കോപ്പികൾ, 10% രൂപതാവിഹിതം അടച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്കായി Online ആയി account സമർപ്പിച്ചതിന്റെ print out, നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC ഉണ്ടെങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ, കഴിഞ്ഞവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയും കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺ സമർപ്പിക്കുവാനുള്ള ഫീസും ഓഡിറ്റിനു വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

നീലഗിരി റീജണിലുള്ള പള്ളികളിലെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ കാലേകൂട്ടിതന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കും എന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതിരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും മെയ് 8 ന് അരുൾ നിലയം സി.എം.ഐ. ആശ്രമത്തിൽ വച്ച് ആയിരിക്കും. അന്നേദിവസം ഓഡിറ്റർമാരും അവിടെ ഉണ്ടായിരിക്കും.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 24 ബുധൻ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | രാവിലെ 9 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | രാവിലെ 9 മുതൽ | " |
| വാഴവറ്റ | രാവിലെ 9 മുതൽ | " |
| തെനേരി | രാവിലെ 9 മുതൽ | " |
| നെടുമ്പാല | രാവിലെ 9 മുതൽ | " |
| കളത്തുവയൽ | രാവിലെ 9 മുതൽ | " |
| റിപ്പൺ | രാവിലെ 9 മുതൽ | " |
| കൊളവയൽ | രാവിലെ 9 മുതൽ | " |
| എടപ്പെട്ടി | രാവിലെ 9 മുതൽ | " |
| വൈത്തിരി | രാവിലെ 9 മുതൽ | " |
| ചാരിറ്റി | രാവിലെ 9 മുതൽ | " |
| ലക്കിടി | രാവിലെ 9 മുതൽ | " |
| ഒലിവുമല | രാവിലെ 9 മുതൽ | " |
| ചൂരൽമല (Independent Station) | രാവിലെ 9 മുതൽ | " |
| കുന്നമ്പറ്റ (Independent Station) | രാവിലെ 9 മുതൽ | " |
| പുഴമുടി | രാവിലെ 9 മുതൽ | " |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 25 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 26 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| വാളാഞ്ചേരി (Independent Station) | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 26 വെള്ളി** | **ബിഷപ്പ്സ് ഹൗസ്** |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 27 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent Station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 27 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ (Independent Station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു.ബത്തേരി ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം (Independent Station) | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ചുങ്കക്കുന്ന് ഫൊറോന** | **മെയ് 1 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **മെയ് 1 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **മെയ് 2 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| പുഷ്പനഗർ (Independent Station) | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പൊയിൽ (Independent Station) | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **മെയ് 2 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്ലോടി ഫൊറോന** | **മെയ് 3 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| നിരവിൽപുഴ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരി | രാവിലെ 9 മുതൽ | " |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | " |
| വഞ്ഞോട് | രാവിലെ 9 മുതൽ | " |
| വാളേരി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| **ദ്വാരക ഫൊറോന** | **മെയ് 3 വെള്ളി** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **മെയ് 8 ബുധൻ** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent Station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent Station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| ഊട്ടി | രാവിലെ 9 മുതൽ | " |

## പ്രത്യേക അറിയിപ്പ്

നമ്മുടെ രൂപതയിൽ ആരംഭിച്ചിരിക്കുന്ന Online Accounting System ന്റെ Soft ware വാങ്ങിയിട്ടുള്ള A,B Grade ഇടവകകൾ 9440 രൂപയും C,D,E Grade ഇടവകകൾ 4720 രൂപയും അടക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. 2019-2020 ലേയ്ക്കുള്ള software maintenance charge ആയ 3540 രൂപയും അടയ്ക്കേണ്ടതാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ എൽപ്പിക്കേണ്ട പൊതുപിരിവുകൾ (സ്നേഹനിധി, യുവജനദിനം, മതബോധന ഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്, വിദ്യാഭ്യാസ സഹായനിധി, ഇടവക കളിൽ നിന്നുള്ള 10% എന്നിവ ഒഴികെ) താഴെ കൊടുത്തിരിക്കുന്ന രൂപതയുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. സ്നേഹ നിധി, യുവജനദിനം, മതബോധനഞായർ, മാധ്യമദിനം, മദ്യവിരുദ്ധ ഞായർ, പി.പി.എഫ്., വിദ്യാഭ്യാസ സഹായനിധി, ഇടവകകളിൽ നിന്നുള്ള 10% എന്നിവ താഴെകൊടുത്തിരിക്കുന്ന അതാത് സംഘടനക ളുടെ ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യുകയോ, അല്ലെങ്കിൽ ചെക്കായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്. പിരിവുകൾ അയച്ചു കഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ്ഹൗസ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫോൺ: 8281879949

**രൂപതയുടെ ബാങ്ക് അക്കൗണ്ട്**

| | | |
|---|---|---|
| A/C Name | : | The Roman Catholic Diocese of Mananthavady |
| A/C No. | : | 0605053000000001 |
| Name of the Bank | : | South Indian Bank |
| Branch | : | Mananthavady |
| IFS Code | : | SIBL0000605 |

| | | |
|---|---|---|
| A/C Name | : | Diocese of Mananthavady |
| A/C No. | : | 0063-02151700-190001 |
| Name of the Bank | : | Catholic Syrian Bank |
| Branch | : | Mananthavady |
| IFS Code | : | CSBK0000063 |

**Bishop's Account**

A/C Name : Bishop Jose Porunnedom
A/C No : 0605053000008376
Bank : South Indian Bank
Branch : Mananthavady
IFS Code : SIBL0000605

**Mass Intention**

A/C Name : Vicar General
A/C No : 0063 02151838 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

**Priest Provident Fund**
A/C Name : Priest Provident Fund
A/C No : 0063 02151971 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Educational Aid Fund**
A/C Name : Secretary
A/C No : 0063 02154100 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Mutual Aid Fund (ഇടവകകളിൽ നിന്നുള്ള 10%)**
A/C Name : The Roman Catholic Diocese of Mananthavady
A/C No : 0063-03854921-195001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Snehanidhi (സ്നേഹനിധി)**
A/C Name : Snehanidhi
A/C No : 0063 02151620 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**KCYM (യുവജനദിനം)**
A/C Name : Director KCYM
A/C No : 0063 02152928 190001
Bank : Catholic Syrian Bankl
Branch : Mananthavady
IFS Code : CSBK0000063

---

**Account Details of Department of Cathechism (മതബോധനഞായർ)**
A/C Name: CATECHETICAL CENTRE
A/C No. 0063-02152792-190001
Bank: Catholic Syrian Bank
Branch: Mananthavady
IFS Code: CSBK0000063

---

**Communication Media (മാധ്യമദിനം)**
A/C Name : Director Media Commission
A/C No : 47512200041588
Bank : Syndicate bank
Branch : Nalloornad
IFS Code : SYNB0004751

---

**Madyvirudhasamithi (മദ്യവിരുദ്ധഞായർ)**
A/C Name : KCBC Madyavirudhasamithi
A/C No : 0063 02155302 190001
Bank : Catholic Syrian Bank
Branch : Mananthavady
IFS Code : CSBK0000063

---

**Youth Convention**
A/C Name : Your Neighbour Association
Bank : Syndicate Bank Dwaraka
Ac/No : 47512200033540
Branch : Dwaraka
IFS Code : SYNB0004751

---

**ഫാ. ജിൽസൺ കോക്കണ്ടത്തിൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

# പ്രസ്ബിറ്ററൽ കൗൺസിൽ-റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദികസെനറ്റിന്റെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു യോഗം 2019 മാർച്ച് 06-ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ ചേർന്നു. റവ.ഫാ. ജോസഫ് കളമ്പുകാട്ട് നയിച്ച പ്രാർത്ഥന യോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും യോഗത്തിന്റെ അജണ്ട വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം അഭിവന്ദ്യ പിതാവ് ആമുഖ പ്രഭാഷണം നടത്തുകയും സമകാലിക മാധ്യമങ്ങ ളിലെ സഭയ്ക്കെതിരെയുള്ള തെറ്റിദ്ധാരണാജനകമായ വാർത്ത കളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു.

പലവിധത്തിലുള്ള ലേഖനങ്ങളും ആശയങ്ങളും സഭയ്ക്കെതിരെ വരുമ്പോൾ സഭാമക്കൾ ജാഗരൂകരായിരിക്കണമെന്നും സഭയുടെ നില പാടുകൾ വ്യക്തമായി തിരിച്ചറിയാനും അതുവഴി ബോധ്യങ്ങൾ വളർത്താനും വൈദികർ തയ്യാറാകേണ്ടതാണെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് രൂപതാ പ്രൊക്യൂറേറ്റർ റവ. ഫാ. ജോൺ കോക്കണ്ടത്തിൽ രൂപതയുടെ 2018-2019 വർഷത്തെ കണക്കും 2019-2020 വർഷത്തെ വാർഷിക ബഡ്ജറ്റും അവതരിപ്പിച്ചു. ദ്വാരകയിലും പനമരത്തുമുള്ള രൂപതയുടെ ഷോപ്പിംഗ് കോംപ്ലക്സുകളെക്കുറിച്ചുള്ള ചർച്ചനടക്കുകയും വിശദീകരണം നൽകുകയും ചെയ്തു.

തുടർന്ന് നിയമപരിഷ്കരണ കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച 2019 ലെ ചർച്ച് ബില്ലിനെക്കുറിച്ച് ചർച്ച നടന്നു. കത്തോ ലിക്കാ സഭയെയും സഭയുടെ ശുശ്രൂഷകളെയും സംവിധാനങ്ങളെയും തകർക്കുന്ന ബില്ലിനെതിരായി ശക്തമായ പ്രതിഷേധം അറിയിക്കണ മെന്നും ജനങ്ങളെ ബില്ലിന്റെ വിവിധവശങ്ങളെക്കുറിച്ച് അവബോധമുള്ള വരാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഫൊറോനാ തലത്തിൽ കൈക്കാരന്മാർ, കമ്മറ്റിക്കാർ, ഫൊറോനാ കൗൺസിൽ, സംഘടനാ ഭാരവാഹികൾ എന്നിവർക്ക് ക്ലാസ്സുകൾ സംഘടിപ്പിച്ച് ചർച്ച നടത്തിയതിനുശേഷം പാസ്റ്ററൽ കൗൺസിലിൽ വിശദാംശങ്ങൾ അവതരിപ്പിക്കാൻ തീരുമാനിച്ചു. അതോടൊപ്പം ജനപ്രതിനിധികൾക്ക് നിവേദനം നൽകുന്നതിനും തീരുമാനിച്ചു. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ശരിയായ അവബോധം ഇല്ലാത്തതിനാൽ അബദ്ധപ്രചര ണങ്ങൾക്ക് സഭാമക്കൾ വശംവദരാകുന്നതിൽ യോഗം ഉത്കണ്ഠപ്പെട്ടു. തുടർന്ന് നടപടിയെന്ന നിലയിൽ ഇനിയും സംഘടിതമായി ചർച്ച് ബില്ലി

നെതിരെ ബോധവത്കരണം നടത്തണമെന്നും സഭയിൽ വിശ്വാസി കൾക്ക് വിശ്വാസ്യത നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ തിരുത്തലുകൾക്കൊപ്പം സ്വയം വിമർശനത്തിനും സഭ തയ്യാറാകണമെന്നും അത്മായർക്ക് സഭാ സംവിധാനങ്ങളിൽ അവകാശം മാത്രമല്ല ഉത്തരവാദിത്വം കൂടിയു ണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു.

ബില്ലിനെക്കുറിച്ച് കൃത്യമായി പഠിക്കാനും ബില്ലിൽ സാമ്പത്തിക കാര്യങ്ങൾ മാത്രമല്ല അടിസ്ഥാന വിശ്വാസത്തെയും ചോദ്യം ചെയ്യു ന്നതാണ് അതിലെ ആശയങ്ങളെന്നും ജനത്തെ ബോധ്യപ്പെടുത്തുക യാണ് അനിവാര്യമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. സഭയിൽ തീരുമാനങ്ങൾ എടുക്കേണ്ട സാഹചര്യങ്ങളിൽ അത്മായപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണെന്നും, ഇടവക-രൂപത സംവിധാനത്തെക്കുറിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കും ഒപ്പം വിശ്വാസികളെല്ലാവർക്കും അറിവുനൽകേണ്ടതാണെന്നും യോഗം വിലയിരുത്തി. കത്തോലിക്കാ സഭയുടെ നിയമങ്ങൾ രാജ്യനിയമങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തി ക്കുന്നതെന്നും ഇക്കാര്യത്തിൽ സഭാഗംങ്ങൾക്കിടയിൽ തെറ്റിദ്ധാരണ കൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. രൂപതാ-ഇടവക സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി ഒരു ഉപപാഠപുസ്തകം തയ്യാറാക്കുവാൻ വിശ്വാസപരിശീലനത്തിന്റെ രൂപതാ ഡയറക്ടർ തോമസ് കാട്ടുതുരുത്തി യിലച്ചനെ ചുമതലപ്പെടുത്തി. ഇനിവരുന്ന വൈദികസമ്മേളനത്തിൽ ഇടവക-ഫൊറോന തലത്തിൽ ബില്ലിനെക്കുറിച്ച് പഠിച്ച് വിശദമായി ചർച്ച നടത്തണമെന്നും നയപരിപാടികളും തുടർ നടപടികളും വിശദീ കരിക്കണമെന്നും തീരുമാനമായി.

അജപാലന സഹകരണത്തിന്റെ ഭാഗമായി മിഷൻ ചൈതന്യം നഷ്ടപ്പെടാതെ നിലനിർത്തുന്നതിന് ഷംഷാബാദ് രൂപതയുമായി സഹ കരിച്ച് അജപാലനത്തിനായി രാജ്യത്തിന്റെ വടക്കുകിഴക്ക് സംസ്ഥാന ങ്ങൾ ഏറ്റെടുക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. വരുന്ന വർഷങ്ങളിൽ ഈ മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി വൈദികരെ ആ പ്രദേശങ്ങളിലേക്കയയ്ക്കുവാനും തീരു മാനമായി.

മുൻവർഷങ്ങളിൽ നടത്തപ്പെട്ട രൂപതാദിനത്തിലെ പങ്കാളിത്ത ക്കുറവ് മൂലം ഇനിയുള്ള വർഷങ്ങളിൽ രൂപതാദിനം രൂപതയുടെ വിവിധ പ്രവിശ്യകളിൽ കൂടുതൽ പങ്കാളിത്തത്തോടെ നടത്തുവാൻ തീരു മാനിച്ചു. ഈ വർഷത്തെ രൂപതാദിനം നിലമ്പൂർ, നീലഗിരി, മണിമൂളി

പ്രദേശങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട് മണിമൂളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. അഞ്ചു വർഷത്തിലൊരിക്കൽ പൊതുവായും രൂപതാദിനം നടത്തുവാൻ തീരുമാനിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് മേജർ ആർച്ച്ബിഷപ്പിന്റെ ഓരോ രൂപതയിലും ചർച്ച ചെയ്യുവാനായി നൽകിയ കത്തുവിശദീകരിച്ചു. സിനഡിൽ ചർച്ച ചെയ്യുവാനായി ആനുകാലിക വിഷയങ്ങൾ മുൻകൂട്ടി എഴുതി സിനഡിനെ അറിയിക്കാവുന്നതാണ്. പരാതികൾ പരിഹരിക്കുവാൻ രൂപതാതലത്തിലും ഇടവകതലത്തിലും പരാതി പരിഹാര കമ്മറ്റി രൂപീകരിക്കേണ്ടത് അനിവാര്യമാണെന്നും കത്തിലൂടെ മേജർ ആർച്ച് ബിഷപ് ഓർമ്മിപ്പിച്ചു. ഇടവകയിൽ സേവനം ചെയ്യുന്ന സന്യസ്തർക്ക് ന്യായമായ വേതനം നൽകുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

രൂപതയുടെ ഉടമസ്ഥതയിലുള്ള താഴെയങ്ങാടി പ്രദേശത്തുള്ള സ്ഥലത്തിന്റെ ഉപയോഗത്തെക്കുറിച്ച് യോഗം ചർച്ചചെയ്തു. ജീവസ് ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് ചർച്ച നടത്തുകയും സാധിക്കുന്നിടത്തോളം അംഗങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ ഇടവകകൾ തോറും പദ്ധതികൾ ആവിഷ്കരിക്കണമെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു. വളരെ ക്രിയാത്മകമായ ചർച്ചകൾക്കും പര്യാലോചനകൾക്കും ശേഷം രൂപതാ വൈസ്ചാൻസലർ ബഹു. ചാക്കോ പുല്ലൻകുന്നേൽ അച്ചൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുകയും അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥനയോടെ 01.30 ന് യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# പാസ്റ്ററൽ കൗൺസിൽ-റിപ്പോർട്ട്

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ യോഗം 2019 മാർച്ച് 09 ശനിയാഴ്ച രാവിലെ 10.30 ന് ബഹു. സി. ജാസ്മിൻ CMC നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സ്വാഗത പ്രസംഗം നടത്തുകയും പാസ്റ്ററൽ കൗൺസിലിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അജണ്ടകൾ വിശദീകരിച്ച് സംസാരിച്ചു.

രൂപതാ പ്രൊക്യുറേറ്റർ ഫാ. ജിൽസൺ കോക്കണ്ടത്തിൽ രൂപതയുടെ 2018-19 വർഷത്തെ വരവ് ചിലവ് കണക്കുകളും 2019-20 വർഷത്തേക്കുള്ള ബഡ്ജറ്റും അവതരിപ്പിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അച്ചനും, പിതാവും വിശദീകരണങ്ങൾ നൽകി.

കേരള നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിക്കുന്നതിനായി തയ്യാറാക്കിയ ചർച്ച് ആക്ട് 2019 എന്താണെന്നും ഏതുവിധമാണ് അത് സഭയെ ബാധിക്കുന്നതെന്നും വിശദമായി ചർച്ച നടന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ വിഷയാവതരണം നടത്തി. നിയമപരിഷ്കരണ കമ്മീഷന്റെ നടപടിയിൽ യോഗം ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി.

2023 ലെ രൂപതാ ജൂബിലിയ്ക്ക് മുൻകൂട്ടി തയ്യാറാകണമെന്നും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും യോഗം അഭിപ്രായപ്പെട്ടു. രൂപതാ ദിനാഘോഷം എല്ലാവർഷവും നടത്തണമെന്നും വിവിധ റീജിയണുകളിൽ മാറി മാറി സമ്മേളനം സംഘടിപ്പിക്കുകയും മൂന്നോ അഞ്ചോ വർഷത്തിൽ ഒരിക്കൽ വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കാമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

കോർപ്പറേറ്റ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകരുടെ തസ്തികകൾ അംഗീകരിച്ച് കിട്ടാത്തതുമൂലം പ്രയാസം ഉണ്ടാകുന്ന സാഹചര്യം യോഗത്തിൽ ചർച്ച ചെയ്തു. ഇതിന്റെ കാരണങ്ങൾ കോർപ്പറേറ്റ് മാനേജർ ഫാ. ബിജു പൊൻപാറയ്ക്കൽ വിശദീകരിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും നിലപാടുകൾ ഇതുമായി ബന്ധപ്പെട്ട കോടതി നടപടികളും, വിദ്യാഭ്യാസ ഓഫീസുകളിൽനിന്നുണ്ടാകുന്ന നിലപാടുകളുമാണ് ഇതിന് കാരണമെന്ന് അച്ചൻ വ്യക്തമാക്കി. കഴിയുന്നത്ര വേഗത്തിൽ നിയമനാംഗീകാരം വാങ്ങിക്കുന്നതിന്

കോർപ്പറേറ്റ് ഓഫീസ് എല്ലാശ്രമവും നടത്തുന്നുണ്ടെന്നും അച്ചൻ യോഗത്തെ അറിയിച്ചു.

കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ രൂപീകരണ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവെന്നും ശാക്തീകരണ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നും യോഗത്തിൽ അഭിപ്രായമുയർന്നു.

ദേവാലയങ്ങളിലെ ഗാനശുശ്രൂഷയിൽ ഉണ്ടാകേണ്ട മിതത്വം, മതബോധന വാർഷിക പരീക്ഷയുടെ സമയമാറ്റം, പാസ്റ്ററൽ കൗൺസിൽ നിർദ്ദേശങ്ങളുടെ ഫലപ്രാപ്തി എന്നീ വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടു. സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന വൈദികർ ശ്രദ്ധ പുലർത്തണമെന്ന അഭിപ്രായമുണ്ടായി. പ്രളയശേഷം കാലാവസ്ഥയിലും, മണ്ണിന്റെ ഘടനയിലും ഉണ്ടായ മാറ്റം കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണെന്നും അതിനാൽ പ്രളയദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിൽവന്ന നഷ്ടം കർഷകർക്ക് നല്കണമെന്നുമുള്ള പ്രമേയം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. ശ്രീ സാലു മേച്ചേരിൽ പ്രമേയം അവതരിപ്പിച്ചു.

**നിർദ്ദേശങ്ങളും തീരുമാനങ്ങളും**

1. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഇടവക രൂപത തലങ്ങളിൽ വിനിയോഗിച്ച തുക പ്രസിദ്ധീകരിക്കുക (പ്രളയദുരിതാശ്വാസ പ്രവർത്തനമുൾപ്പെടെ).
2. ചർച്ച് ആക്ട് ബില്ലിന്റെ അപകടങ്ങൾ സംബന്ധിച്ച് വിശ്വാസ സമൂഹത്തെ ബോധവത്കരിക്കുക. ഇതിനായി റിസോഴ്സ് ഗ്രൂപ്പ് പരിശീലനം, പാരീഷ് കമ്മിറ്റി, കുടുംബക്കൂട്ടായ്മകൾ എന്നിവിടങ്ങളിൽ ബോധവത്കരണ പ്രവർത്തനം എന്നിവ ആസൂത്രണം ചെയ്യുക.
3. എല്ലാ കുടുംബങ്ങളിൽ നിന്നും നിയമപരിഷ്കരണ കമ്മീഷന് പ്രതിഷേധ കാർഡുകൾ അയയ്ക്കുക.
4. സഭാ സംവിധാനങ്ങളെക്കുറിച്ചും നടത്തിപ്പ് രീതികളെക്കുറിച്ചുമുള്ള ബോധവത്കരണം ഇടവകാതലത്തിൽ നടത്തുക.
5. രൂപതാ സ്ഥാപനത്തിന്റെ അമ്പതാം വർഷം ആഘോഷങ്ങൾക്ക് രൂപരേഖ ഉണ്ടാക്കുക.
6. രൂപതയിൽ എപ്പാർക്കിയൽ അസംബ്ലി ഡിസംബറിന് മുമ്പ് നടത്തുക.
7. രൂപതാദിനാഘോഷം ഈ വർഷം മണിമൂളി നിലമ്പൂർ റീജിയണിൽ വച്ച് നടത്തുക.

8. ഗൂഡല്ലൂരിൽ ഭൂമി ഏറ്റെടുക്കുന്ന സർക്കാർ തീരുമാനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ പഠനം നടത്തി ഇടപെടുക.
9. ജീവസ് ആരോഗ്യ സുരക്ഷയിൽ സാധ്യമായ മുഴുവൻ കുടുംബങ്ങളെയും ചേർക്കുന്നതിനായി പരിശ്രമിക്കുക.
10. കുടുംബകൂട്ടായ്മ ലീഡേഴ്സിന് തുടർപരിശീലനങ്ങൾ നൽകുക.
11. രൂപതയുടെ കണക്കുകളുടെ ഓഡിറ്റഡ് സംക്ഷിപ്തം ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുക.

ചർച്ചയിൽ ശ്രീ. ജോയ് തലച്ചിറ, ശ്രീ. ജോസ് കടയിൽതട്ടിൽ, ശ്രീ. സജി നരിവേലിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോർജ്ജുകുട്ടി കോട്ടേപ്പറമ്പിൽ, ശ്രീ. ജോർജ്ജ് കൊച്ചുകുളത്തിങ്കൽ, ശ്രീ. ബേബി കുര്യൻ വെളിയത്ത്, ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. വർക്കി നിരപ്പേൽ, ഫാ. ബിജു പൊൻപാറയ്ക്കൽ, ഫാ. ജോർജ്ജ് മൈലാടൂർ, ഫാ. ജോസ് കൊച്ചറയ്ക്കൽ, ശ്രീ. ബിനു മാങ്കൂട്ടം, അഡ്വ. ജോർജ്ജ് ജോസഫ്, അഡ്വ. റെജിമോൾ തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. അഭിവന്ദ്യ ജോസ് പിതാവ് ചർച്ചകൾ നിയന്ത്രിക്കുകയും മറുപടി നൽകുകയും ചെയ്തു. സിഞ്ചെല്ലൂസ് റവ. ഫാ. ജോസ് മേച്ചേരിൽ, ചാൻസലർ റവ. ഫാ. ജോസഫ് നെടുങ്കല്ലേൽ മുതലായവർ നേതൃത്വം നൽകി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം (Priests' Conference) 2019 മാർച്ച് 14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ബഹു. ഡോൺ ബോസ്കോ തേവർകുന്നേൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ. അബ്രാഹം നെല്ലിക്കൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മുറിവേറ്റ് വ്രണിതമായ സാഹചര്യത്തിലൂടെ കടന്നുപോകുന്ന ദൈവജനത്തിനൊപ്പമാണ് പുരോഹിതരായ നാമെല്ലാവരും ഇന്നായിരിക്കുന്നതെന്നും മുറിവേറ്റിടത്തൊക്കെ തൈലം പൂശി സുഖപ്പെടുത്തുക എന്നതാണ് പുരോഹിതരുടെ ധർമ്മമെന്നും സഹോദര സ്നേഹത്തോടെ മുറിവേറ്റ യേശുവിന്റെ സഭയോട് ചേർന്ന് കൂട്ടായ്മയിൽ ശക്തിപ്പെടണമെന്നും ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം യോഗത്തിന്റെ അജണ്ട അവതരിപ്പിച്ചു. അതോടൊപ്പം മാനന്തവാടി രൂപതയിലെ നവവൈദികരേയും രൂപതയിലേക്ക് സേവനത്തിനായി കടന്നുവന്ന വിവിധ സന്യാസ സമൂഹങ്ങളിലെ വൈദികരേയും വൈദിക കൂട്ടായ്മയിലേക്ക് അഭിവന്ദ്യ പിതാവ് പുഷ്പങ്ങൾ നൽകി സ്വാഗതം ചെയ്തു.

തുടർന്നുള്ള സമ്മേളനത്തിൽ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ കേരള സർക്കാരിന്റെ നിയമപരിഷ്കരണ കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച ചർച്ച് ബിൽ 2019 ന്റെ പിന്നാമ്പുറങ്ങളെക്കുറിച്ചും ഈ ബിൽ അംഗീകരിച്ചാൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചും അതുകൊണ്ടുതന്നെ ഈ ബില്ലിനെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആശയങ്ങൾ പങ്കുവെച്ചു. ദേവസ്വം ബോർഡിന്റെ രൂപീകരണത്തിലേക്ക് നയിച്ചതിന്റെ നാൾവഴികൾ, കാരണങ്ങൾ, അതുവഴി ഒരു മതവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എങ്ങനെ കാലക്രമത്തിൽ രാഷ്ട്രീയപാർട്ടിക്കാരുടെയും സർക്കാരിന്റെയും നിയന്ത്രണത്തിലേക്ക് എത്തപ്പെട്ടു എന്നും, ഇവയൊക്കെ ചർച്ച് ബില്ല് 2019 ന്റെ കാര്യത്തിലും കാലക്രമേണ സാധുവാകുമെന്നും അദ്ദേഹം പറഞ്ഞുവച്ചു. സഭ ഇന്നും ഗവൺമെന്റിന്റെയും പ്രത്യേകിച്ച് പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളുടെയും മറ്റും ശത്രുവായി നിലനിൽക്കാൻ കാരണം സഭയുടെ ശക്തമായ ആത്മീയ നേതൃത്വവും, ധാർമ്മികതയിൽ അടിയുറച്ച പ്രവർത്തനങ്ങളുമാണ്. അതിനാൽ സഭാ സംവിധാനത്തെ കാലക്രമേണ ഇല്ലാതാക്കുന്ന അജണ്ടയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ട ചർച്ച് ബിൽ നടപ്പിലാക്കരുതെന്നും അതിന്റെ ഭവിഷ്യത്തുക്കളെ

ക്കുറിച്ച് ദൈവജനത്തെ ബോധവത്കരിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. തുടർന്ന് ശ്രീ. സാലു അബ്രാഹം മേച്ചേരിൽ ചർച്ച് ബില്ലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു.

തുടർന്ന് രൂപതാ പ്രക്യൂറേറ്റർ റവ. ഫാ. ജോൺ കോക്കണ്ടത്തിൽ രൂപതയുടെ 2018-2019 വർഷത്തെ കണക്കും 2019-2020 വർഷത്തെ വാർഷിക ബഡ്ജറ്റും അവതരിപ്പിച്ചു. അജപാലന സഹകരണത്തിന്റെ ഭാഗമായി മിഷൻ ചൈതന്യം നിലനിർത്തുന്നതിന് ഷംഷാബാദ് രൂപതയുമായി സഹകരിച്ച് രാജ്യത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ അജപാലന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. വരും വർഷങ്ങളിൽ ഈ മിഷൻ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി വൈദികരെ ആ പ്രദേശങ്ങളിലേക്കയയ്ക്കുവാനും തീരുമാനമായി. ഈ മിഷൻ പ്രവർത്തനത്തെക്കുറിച്ചുള്ള രൂപരേഖയും ഒപ്പം എത്രകാലം അവിടെ സേവനം ചെയ്യണമെന്നും മറ്റും കൃത്യമായി അവതരിപ്പിക്കാൻ സാധിച്ചില്ലെങ്കിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുള്ള ക്രൈസ്തവരെ ഒന്നിച്ചുചേർക്കാനും മറ്റും 5 വൈദികരെങ്കിലും നമ്മുടെ രൂപതയിൽ നിന്നും സന്നദ്ധരാകണമെന്നും താത്പര്യമുള്ളവർ നേരിട്ട് അറിയിക്കണമെന്നും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. വടക്കുകിഴക്കു സംസ്ഥാനങ്ങളിലെ പ്രവർത്തനസാധ്യതകളെക്കുറിച്ച് ആർക്കുംതന്നെ കൃത്യമായ വിവരങ്ങൾ നൽകാൻ സാധിക്കുകയില്ലെന്നും യോഗത്തിൽ അഭിപ്രായമുയർന്നു.

മുൻ വർഷങ്ങളിൽ നടത്തപ്പെട്ട രൂപതാദിനത്തിലെ പങ്കാളിത്തക്കുറവു മൂലം ഇനിയുള്ള വർഷങ്ങളിൽ രൂപതയുടെ വിവിധ പ്രവിശ്യകളിൽ കൂടുതൽ പങ്കാളിത്തത്തോടെ രൂപതാദിനം നടത്തുവാൻ തീരുമാനിച്ചു. ഈ വർഷത്തെ രൂപതാദിനം നിലമ്പൂർ, നീലഗിരി, മണിമൂളി പ്രദേശങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട് മണിമൂളിയിൽ വച്ച് നടത്തുവാനും  അഞ്ചു വർഷത്തിലൊരിക്കൽ പൊതുവായി രൂപതാദിനം നടത്തുവാനും തീരുമാനമായി. പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുമ്പോഴും നിലമ്പൂർ-മണിമൂളി പ്രദേശത്തുതന്നെ രൂപതാദിനം ആഘോഷിക്കുന്നതാണ് ഉചിതമെന്ന നിലപാടിലേക്ക് സമ്മേളനം എത്തിച്ചേർന്നു.

മാനന്തവാടി രൂപത ജൂബിലി വർഷത്തിലേക്ക് കടക്കുന്ന സാഹചര്യത്തിൽ ജൂബിലി ആഘോഷങ്ങളും നടപ്പിലാക്കേണ്ട പദ്ധതികളും മുൻകൂട്ടി ക്രമീകരിക്കണമെന്ന് അഭിപ്രായമുണ്ടായി. ജൂബിലി വർഷത്തിന് മുന്നോടിയായി 2019 നവംബർ മാസത്തിൽ എപ്പാർക്കിയൽ

അസംബ്ലി നടത്തേണ്ടതുണ്ടെന്നും, ഇതിന്റെ നടത്തിപ്പിനായി കുടുംബ ങ്ങളും ഇടവകകളും തോറും ചർച്ചചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ച് നേരത്തെതന്നെ തീരുമാനിക്കണമെന്നും ജൂബിലി വർഷത്തോടനുബ ന്ധിച്ച് രൂപതയുടെ ചരിത്രപുസ്തകം പ്രസിദ്ധീകരിക്കേണ്ടതാണെും യോഗത്തിൽ തീരുമാനമായി.

ഇടവകകളിൽ നിന്നും മറ്റും രൂപതയിലേക്ക് വരുന്ന പരാതികൾ പരിഹരിക്കുന്നതിനായി 5 അംഗങ്ങൾ അടങ്ങുന്ന ഒരു പരാതി പരിഹാര കമ്മറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും ആ കമ്മറ്റിയായിരിക്കും ഇനി വരുന്ന വർഷങ്ങളിൽ പരാതികൾ സ്വീകരിക്കുകയും അതിൻമേൽ തീരുമാന ങ്ങൾ എടുക്കുന്നതെന്നും, ശേഷം എന്തെങ്കിലും പരാതികൾ നിലനിൽ ക്കുന്നുണ്ടെങ്കിൽ മാത്രമേ മേൽഘടകം അതിന്മേൽ തീർപ്പുകൽപ്പിക്കൂ എന്നും യോഗത്തെ അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. അതോടൊപ്പം മേജർ ആർച്ച് ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് കേരള ത്തിലെ എല്ലാ സീറോ മലബാർ രൂപതകളോടും പ്രായപൂർത്തിയാകാത്ത വർക്കും എളുപ്പം പീഢനത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ള മുതിർന്നവർക്കും എതിരെയുള്ള പീഢനങ്ങൾ കൈകാര്യം ചെയ്യാനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അവ നടപ്പിലാക്കാൻ ആവശ്യമായ നടപടിക്രമങ്ങളും (റൂൾസ്) ഭൗതികസാഹചര്യങ്ങളും ഒരു ക്കാൻ സമയം ആവശ്യമുള്ളതിനാൽ നമ്മുടെ രൂപതയിൽ കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങൾ 2019 ഏപ്രിൽ 1 മുതൽ മാത്രമേ പൂർണ്ണമായതോതിൽ നടപ്പിൽ വരുകയുള്ളുവെന്നും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

പ്രവാസികൾ വിവാഹത്തിനുള്ള കുറികൾ കൊണ്ടുവരുമ്പോൾ ലത്തീൻ പള്ളിയിൽ അംഗങ്ങളായ സീറോ മലബാർ വിശ്വാസികൾ ഏറ്റവും അടുത്തുള്ള സീറോ മലബാർ ഇടവകയിൽ അംഗമാകേണ്ട താണെന്നും അല്ലാത്ത അവസരങ്ങളിൽ വിവാഹം അസാധുവായിരിക്കു മെന്നുമുള്ള മേജർ ആർച്ച്ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവി ന്റെ കത്ത് യോഗത്തിൽ വായിച്ചുകേൾപ്പിച്ചു. ഈ കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുമ്പോഴും വിവേകത്തോടെ ഈ വിഷയത്തെ വൈദികർ കൈകാര്യം ചെയ്യണ്ടതാണെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. അതേസമയം പ്രവാസികൾ അംഗങ്ങളായിരിക്കുന്ന ലത്തീൻ ഇടവകകളിൽ നിന്നും Free State Certificate ലഭിക്കുന്നത് സ്വീകാ ര്യമാണെന്നും അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. ഇടവകയിൽ സേവനം ചെയ്യുന്ന സന്ന്യസ്തർക്ക് ന്യായമായ വേതനം നൽകുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

സിനഡിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ വൈദികർ, സന്യസ്തർ, വിശ്വാസികൾ എന്നിവരിൽ നിന്നും സ്വീകരിക്കാൻ സാധ്യത നിലനിൽക്കുന്നുണ്ടെന്നും ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് നേരത്തെ അറിയിക്കേണ്ടതാണെന്നും യോഗത്തെ അറിയിച്ചു. സീറോ മലബാർ സഭയിലെ ഓരോ രൂപതയിലും ഒരു ഇടവകയെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ Major Archiepiscopal Pilgrim Centre ആയി പ്രഖ്യാപിക്കാൻ സാധിക്കുമെന്ന മേജർ ആർച്ചുബിഷപിന്റെ നിർദ്ദേശത്തെ യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് റവ. ഫാ. ബാബു മൂത്തേടം കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ സീയോൻ ധ്യാന കേന്ദ്രത്തിൽ 2019 ഏപ്രിൽ മാസം 4, 5, 6 തീയതികളിൽ നടത്തപ്പെടുന്ന കരിസ്മാറ്റിക് കൺവെൻഷനെക്കുറിച്ച് യോഗത്തെ അറിയിച്ചു. സോഷ്യൽ സർവ്വീസ് ഡയറക്ടറായ റവ. ഫാ. പോൾ കൂട്ടാല ജീവസ് ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും തുടർന്നു നടത്തിയ ചർച്ചയിൽ സാധിക്കുന്നിടത്തോളം അംഗങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ ഇടവകകൾ തോറും പദ്ധതികൾ ആവിഷ്കരിക്കണമെന്നും യോഗത്തിൽ അഭിപ്രായം ഉണ്ടായി. റവ. ഫാ. വർഗ്ഗീസ് തട്ടുപറമ്പിൽ ഈ വർഷം സീയോൻ ധ്യാനകേന്ദ്രത്തിൽ 2019 ഏപ്രിൽ 25 മുതൽ 28 വരെ നടക്കുന്ന ക്രിസ്റ്റീൻ ധ്യാനത്തെക്കുറിച്ചും, റവ. ഫാ. മനോജ് കവളക്കാടൻ പ്രോ-ലൈഫ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്നും അതിനായി ബഹു. വൈദികർ സഹകരിക്കണമെന്നും, റവ. ഫാ. പോൾ വാഴപ്പിള്ളി സബ്സിഡി നിരക്കിൽ ബൈബിൾ ലഭ്യമാണെന്നും യോഗത്തെ അറിയിച്ചു. തുടർന്നു നടന്ന പൊതുചർച്ചയിൽ ഭാവിയിൽ പള്ളികൾ കൂടുതലും വൈദികർ കുറവും വരുന്ന സാഹചര്യങ്ങളിൽ രൂപതാ വൈദികർ സമൂഹമായി ജീവിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും, രൂപതാ നിയമാവലി പുതുക്കേണ്ടതാണെന്നും, കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കാലാവധിയെ സംബന്ധിച്ച് പരിഷ്കരണം ആവശ്യമാണെന്നും, സെമിനാരി വിദ്യാർത്ഥികളുടെ രൂപീകരണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നുമുള്ള വിവിധ അഭിപ്രായങ്ങൾ യോഗത്തിൽ ചർച്ചചെയ്യപ്പെട്ടു. വൈദിക സമ്മേളനത്തിൽ ആദ്യന്തം സജീവമായി പങ്കെടുത്ത എല്ലാ വൈദികർക്കും അഭിവന്ദ്യ പിതാവ് നന്ദി പറയുകയും രൂപതാഗാനത്തോടെ സമ്മേളനം അവസാനിക്കുകയും ചെയ്തു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

# മൈനർ സെമിനാരി വാർത്തകൾ

## Come and See Programme

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേരുവാൻ താൽപര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2019 ഏപ്രിൽ 28 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 30 ചൊവ്വാഴ്ച രാവിലെ 10 മണി വരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിൽ ചേരുവാനാഗ്രഹിക്കുന്ന എല്ലാവരെയും ദൈവവിളി ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. രൂപതയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

അവധിക്കാലത്ത് ഇടവകകളിൽ യുവജനങ്ങൾക്കും കുട്ടികൾക്കുമായി ധ്യാനം, ക്യാമ്പുകൾ എന്നിവ നടത്തുന്നതിന് മേജർ സെമിനാരി വിദ്യാർത്ഥികളുടെ സേവനം ആവശ്യമുള്ള ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പെരിയ ബഹുമാനപ്പെട്ട വികാരി ജനറാൾ അബ്രാഹം നെല്ലിക്കലച്ചനെ വിളിക്കേണ്ടതാണ്. ഫോൺ : 09656012457, 08547407101

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**

റെക്ടർ, മൈനർ സെമിനാരി, മാനന്തവാടി രൂപത,

ഫോൺ: 09447882293

**ദൈവവിളി ക്യാമ്പുകൾ 2019**

മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശംസകൾ! സമാഗതമാകുന്ന ഈസ്റ്റർ ആശംസകൾ നേരുന്നു. ദൈവവിളി കണ്ടെത്തുവാനും ദൈവവിളി തിരിച്ചറിയുവാനും സഹായകമാകുന്ന ദൈവവിളിക്യാമ്പുകൾ ഈ വർഷവും മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആൺകുട്ടികൾക്കായുള്ള ക്യാമ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**ക്യാമ്പ്** I : നീലഗിരി റീജിയൺ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** ഫാത്തിമ മാതാ ചർച്ച്, കയ്യൂന്നി

**തീയതി:** 2019 ഏപ്രിൽ 7 ഞായർ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**ക്യാമ്പ്** II : **പങ്കെടുക്കേണ്ട ഫൊറോനകൾ –** മണിമൂളി, നിലമ്പൂർ

**ക്യാമ്പ് നടക്കുന്ന സ്ഥലം:** റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി:** 2019 ഏപ്രിൽ 11 വ്യാഴം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ

**NB** : ക്യാമ്പ് I, II പങ്കെടുക്കുന്നവരുടെ ശ്രദ്ധക്ക്

1) രാവിലെ 9.00 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

2) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം

3) ക്യാമ്പ് ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും.

4) വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ സന്ദർശനസമയം ഏപ്രിൽ 7 നും 11 നും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്.

**ക്യാമ്പ് III: പങ്കെടുക്കേണ്ട ഫൊറോനകൾ**

കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻ ബത്തേരി, ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്, ദ്വാരക.

**ക്യാമ്പ് നടക്കുന്ന സ്ഥലം:** മൗണ്ട് മേരി കോളേജ് (രൂപതാ മൈനർ സെമിനാരി) മാനന്തവാടി

**തീയതി:** 2019 ഏപ്രിൽ 8 തിങ്കൾ 5 മണി മുതൽ 10 ബുധനാഴ്ച രാവിലെ 10 മണി വരെ

**ക്യാമ്പ് III : പങ്കെടുക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

1. ക്യാമ്പിനുവരുന്ന കുട്ടികൾ പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാൻ ആഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം ഏപ്രിൽ 9 ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 2.30 വരെയാണ്.
3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.
4. മണിമൂളി, നിലമ്പൂർ, നീലഗിരി റീജിയണിൽ നിന്നുള്ളവർക്ക് മൂന്നാമത്തെ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്.

**പ്രത്യേക അറിയിപ്പ്**

1. ഈ വർഷം പെൺകുട്ടികൾക്കായി രൂപതാക്യാമ്പ് ഇല്ല.

2. നമ്മുടെ രൂപതയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ച് പോകുന്നവർ NOC വാങ്ങുന്നതിനായി വൊക്കേഷൻ പ്രൊമോട്ടറെ സമീപിക്കേണ്ടതാണ്.

ദൈവവിളി ക്യാമ്പുകൾക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിജു തുരുത്തേൽ** – വൊക്കേഷൻ പ്രൊമോട്ടർ

**Address**

Mount Mary College (Minor Seminary)
Bishop's House, PB No.1, Mananthavady, Wayanad Dt- 670 645
Fr. Sebastian Elemkunnel (Rector) - 9447882293
Fr. Biju Thuruthel (Vocation Promoter) - 9495511616

**വിശ്വാസോത്സവം-പരീക്ഷാ പഠനശില്പശാല-വാർഷിക പരീക്ഷ**

I-IX ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഏപ്രിൽ 6-ാം തീയതി ശനിയാഴ്ചയാണ്. 10 മണി മുതൽ 12.00 മണി വരെയാണ് പരീക്ഷാ സമയം. ഏപ്രിൽ 2, 3, 4 തീയതികളിൽ വിശ്വാസോത്സവം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവത്തിനുള്ള അദ്ധ്യാപകസഹായി രൂപതാ മതബോധന ഓഫീസിൽ ലഭ്യമാണ്. മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിന് ശേഷം ഏപ്രിൽ 5-ാം തീയതി പരീക്ഷപഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണം. I, II, III ക്ലാസ്സുകളിൽ അതാതു ക്ലാസ്സുകളുടെ ഉപപാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വിശ്വാസോത്സവ ദിവസങ്ങളിൽ ചെയ്യിക്കാവുന്നതാണ്. IV-ാം ക്ലാസ്സിലെ കുട്ടികൾ പ്രഥമ കുമ്പസാരത്തിനും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിനും ഒരുങ്ങുന്ന വർഷമായതിനാൽ 'ഓ ദിവ്യകാരുണ്യമേ' എന്ന ഉപപാഠപുസ്തകത്തിലെ വിഷയങ്ങൾതന്നെ പഠനവിഷയമാക്കുകയും നമസ്കാരങ്ങൾ (പ്രാർത്ഥനകൾ) അവരെ പഠിപ്പിക്കുകയും ചെയ്യുക. 5,6,7 ക്ലാസ്സുകൾക്കായി കുടുംബത്തിലെ വിശ്വാസജീവിതം എന്ന വിഷയത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ്. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് വിശ്വാസോത്സവം നടത്തുവാൻ രൂപത മൈനർ സെമിനാരിയിലെ ബഹു. വൈദികരുടേയും വൈദിക വിദ്യാർത്ഥികളുടേയും സേവനം ലഭ്യമാണ്. ബഹു. ഫൊറോന ഡയറക്ടറച്ചൻമാർ മൈനർ സെമിനാരിയിലെ ബഹു. വൈദികരുടേയും വൈദിക വിദ്യാർത്ഥികളുടേയും സേവനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മൈനർ സെമിനാരിയിലെ ബഹു. വൈദികർക്ക്, പ്രത്യേകമായി ബിജു തുരുത്തേലച്ചനും റ്റിബിൻ ചക്കുളത്തിലച്ചനും ബ്രദേഴ്സിനും ക്ലാസിനുവേണ്ട പരിശീലനം നല്കിയ നോബിൾ പാറയ്ക്കലച്ചനും നന്ദി അറിയിക്കുന്നു.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷത്തെ 4, 7 ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും ഡിപ്ലോമ പരീക്ഷയും ഏപ്രിൽ 6-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയാണ്. പരീക്ഷാസമയം കൃത്യമായി പാലിക്കുവാൻ

ശ്രദ്ധിക്കുക. ഓരോ ഇടവകയിലെയും പരീക്ഷാനടത്തിപ്പിന്റെ ഉത്തര വാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റർമാർക്കുമായിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർ വൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണ ത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാദ്ധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരേയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 25 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണേ.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 3-ാം തീയതി രാവിലെ 10.00 മണി മുതൽ 5.00 മണി വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

**ഇന്റേണൽ അസ്സസ്മെന്റ്**

X-ാം ക്ലാസ്സ് ഡിപ്ലോമ കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന ഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനൊപ്പം ഓഫീസിൽ എത്തിക്കണം.

## Diploma : Revaluation, Say Exam

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ റിസൾട്ട് ഏപ്രിൽ 27 മുതൽ www.catechismmdy.org എന്ന സൈറ്റിൽ ലഭ്യമായിരിക്കും. ഡിപ്ലോമ പരീക്ഷയുടെ പേപ്പർ പുനർനിർണ്ണയത്തിന് മെയ് 4-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി നൽകുക. ഡിപ്ലോമയുടെ Say Exam മെയ് 11-ാം തീയതി ശനിയാഴ്ചയായിരിക്കും. ആദ്യ പരീക്ഷകൾ എഴുതി തോറ്റവർക്ക് മാത്രമേ Say Exam എഴുതാനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളു. മെയ് 4-ന് മുമ്പ് Say Exam രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 100 രൂപയാണ് Say Exam രജിസ്ട്രേ ഷൻ ഫീസ്.

VII-ാം ക്ലാസ്സ് രൂപതാ പ്രതിഭാ സംഗമം ഏപ്രിൽ 13-ന്

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട VII-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ രൂപതാതല പ്രതിഭാസംഗമം ഏപ്രിൽ 13-ന്

രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. ഫൊറോനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ കൃത്യസമയത്ത് എത്തിക്കുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

**HDC പരീക്ഷാഫലം**

ഫെബ്രുവരി മാസത്തിൽ നടത്തിയ 2016-18 വർഷത്തെ HDC (Higher Diploma in Catechesis) പരീക്ഷാഫലം ഏപ്രിൽ 10-ന് മതബോധന കേന്ദ്രത്തിന്റെ Website ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**HDC പ്രവേശനം**

അടുത്ത വർഷത്തേക്ക് HDC യ്ക്കുള്ള അധ്യാപകരെ മുൻകൂട്ടി പറഞ്ഞുറപ്പിച്ച് രജിസ്ട്രേഷൻ നടത്തുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. ഈ വർഷം മുതൽ ഈ കോഴ്സ് ഡിപ്ലോമ കോഴ്സ് ആയിരിക്കുകയില്ല, സർട്ടിഫിക്കറ്റ് കോഴ്സ് ആയിരിക്കും. 1000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**DCC**

12-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളെ DCC കോഴ്സിൽ ചേർക്കുവാനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ.

**ജൂബിലേറിയൻസ്**

മതാധ്യാപനരംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഏപ്രിൽ 30-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക. മെയ് 25-ാം തീയതി HM, PP Conference-ൽ ജൂബിലേറിയൻസിനെ ആദരിക്കുന്നതാണ്.

**HCC Private Registration ക്യാമ്പും പരീക്ഷയും**

2019 മെയ് 9 മുതൽ 12 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് HCC ക്യാമ്പ് നടത്തപ്പെടുന്നു. ക്യാമ്പിന്റെ അവസാനദിവസമാണ് പരീക്ഷ. Private Registration നടത്തിയിരിക്കുന്ന കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കുക.

**HM, PP Conference**

2019-20 വർഷത്തെ ആദ്യ HM, PP Conference മെയ് 25-ാം തീയതി ശനിയാഴ്ചയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് തീയതി ശ്രദ്ധിക്കുമല്ലോ.

ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊണ്ട്,

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

എല്ലാവരും അവധിക്കാലത്തിന്റെ ആഘോഷ തിമിർപ്പിലായിരിക്കും അല്ലേ? ഈ അവധിക്കാലം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കണം എന്നതിലേയ്ക്കുള്ള മൂന്ന് പ്രധാന കാര്യങ്ങൾ - 'അ' യിൽ തുടങ്ങുന്ന മൂന്ന് കാര്യങ്ങൾ - ആരോഗ്യം, അറിവ്, അനുകമ്പ. നമുക്കാദ്യം ആരോഗ്യത്തെക്കുറിച്ച് പറയാം. ഇത്രയും കാലം പാഠപുസ്തകങ്ങൾക്കിടയിലായിരുന്നു നിങ്ങൾ. പരീക്ഷയുടെ പിരിമുറുക്കത്തിലായിരുന്നു നിങ്ങൾ. ഇനി ഈ അവധിക്കാലത്ത് നന്നായിട്ട് കളിക്കണം. നന്നായിട്ട് കളിക്കണമെന്നു പറഞ്ഞത് മന:പൂർവ്വമാണ്. അതായത് ചീത്തയായിട്ട് കളിക്കരുത് എന്നർത്ഥം. ഏതാണ് ചീത്തക്കളി? മുറിക്കകത്തിരുന്ന് മൊബൈൽ ഫോൺ, കമ്പ്യൂട്ടർ ഗെയിംസ്, ടെലിവിഷൻ, കാർട്ടൂൺസ് എന്നിവയുടെ ഉള്ളിൽ കുടുങ്ങി കിടക്കരുത്. ഒരു ചതുരത്തിന്റെ ഉള്ളിൽ കുടുങ്ങി കിടക്കാനുള്ളതല്ല നിങ്ങളുടെ ബാല്യം. അത് ഒരുപാട് അപകടം ചെയ്യും. ആധുനിക സാങ്കേതിക വിദ്യയോടൊപ്പം മാത്രമേ നമുക്ക് യാത്ര ചെയ്യാൻ സാധിക്കുകയുള്ളു എന്നുള്ളത് സത്യമാണ്. ഇന്നത്തെ കാലഘട്ടത്തിൽ സോഷ്യൽമീഡിയ, ഫേസ്ബുക്ക്, വാട്സ്ആപ്പ് എല്ലാം നമുക്കാവശ്യമാണ്. പക്ഷേ അതിനടിമകളായിപ്പോവുന്നതാണ് ഏറ്റവും വലിയ പ്രശ്നം. അരുതാത്തതിനോട് 'No' എന്നു പറയാനുള്ള സാഹചര്യം നമ്മുടെ മനസ്സിൽ സ്വയം സൃഷ്ടിക്കുക എന്നതാണ് നാം ആദ്യം ചെയ്യേണ്ടത്. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ മാറ്റി വച്ചതിനുശേഷം കളിസ്ഥലത്തേക്കിറങ്ങുക. കൂട്ടുകാരെക്കൂട്ടി ഒരു സംഘമുണ്ടാക്കി നന്നായിട്ട് ഓടിച്ചാടി കളിക്കണം. അവിടെ ജയിക്കാനും പരാജയപ്പെടാനും പഠിക്കണം. ഇണങ്ങിയും പിണങ്ങിയും, തോറ്റും ജയിച്ചും നല്ലവണ്ണം കളിക്കുക. അതിലൂടെ നമ്മുടെ ശാരീരികവും മാനസികവുമായുള്ള ആരോഗ്യം ഒരുപാട് വർദ്ധിക്കും. അതോടൊപ്പം നല്ല പ്രചോദനങ്ങൾ ലഭിക്കുന്ന ക്യാമ്പുകളിലും, സെമിനാറുകളിലും ഒക്കെ പങ്കെടുക്കാൻ ശ്രമിക്കുക.

രണ്ടാമത്തെ കാര്യം അറിവാണ്. പാഠപുസ്തകത്തിൽ നിന്നും മാറി നിന്ന് മറ്റു പുസ്തകങ്ങൾ വായിക്കാനുള്ള ഏറ്റവും നല്ല അവസരമാണ് ഈ അവധിക്കാലം. അതുകൊണ്ടു തന്നെ എന്റെ കൂട്ടുകാരോട് എനിക്കു പറയാനുള്ളത്, രാത്രി കിടക്കുന്ന സമയത്തും രാവിലെ

ഉണർന്നെഴുന്നേറ്റാലും ഒരു മണിക്കൂർ സമയമെങ്കിലും നിർബന്ധമായും മറ്റു പുസ്തകങ്ങൾ വായിക്കുക. അത് കഴിവതും ആത്മകഥ സ്പർശമുള്ള പുസ്തകങ്ങൾ വായിക്കുകയാണെങ്കിൽ ഓരോരുത്തരും എങ്ങനെയാണ് പ്രതിസന്ധികളെ അതിജീവിച്ചത് എന്നു പഠിക്കുവാൻ സാധിക്കും.

മൂന്നാമത്തെ കാര്യം അനുകമ്പയാണ്. നമ്മളെല്ലാം ഓടിച്ചാടി നടക്കുമ്പോഴും ഉല്ലസിച്ച് തിമിർക്കുമ്പോഴും നമുക്കു ചുറ്റും ഇതിനൊന്നും ഭാഗ്യമില്ലാത്ത ഒരുപാട് ആളുകളുണ്ടെന്നുള്ള കാര്യം നാം മറക്കരുത്. അനാഥമന്ദിരങ്ങളിൽ കഴിയുന്നവർ, ഓട്ടിസം ബാധിച്ച കുട്ടികൾ, സെറിബ്രൽപൾസ് ബാധിച്ച കുട്ടികൾ, ഡിപ്രഷൻ ബാധിച്ച കുട്ടികൾ, ക്യാൻസർ വാർഡുകളിൽ കഴിയുന്നവർ ഇങ്ങനെ ഒരുപാട് ആളുകൾ, നിരാലംബരായ ആളുകളുണ്ട്. ഞാൻ നിങ്ങളോട് പറയുന്നത് മാസത്തിൽ രണ്ടു തവണയെങ്കിലും മാതാപിതാക്കളെയും കൂട്ടി ഇത്തരം സ്ഥലങ്ങളിൽ പോകണം. അവിടുത്തെ ആളുകളെ കാണണം. പറ്റുമെങ്കിൽ അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കണം. ഇത് നിങ്ങളുടെ മനസ്സിന്റെ ആർദ്രത ഒരുപാട് വർദ്ധിപ്പിക്കും. അറിവിനോട് ആർദ്രത ചേർത്തുവയ്ക്കുമ്പോഴാണ് നമ്മൾ നല്ലൊരു മനുഷ്യനായി മാറുന്നത്. ഈ ലോകത്തിലെ ചെറുജീവിതത്തിൽ മറ്റുള്ളവർക്ക് പ്രചോദനമേകുവാനും മറ്റുള്ളവരുടെ നല്ല പ്രചോദനങ്ങൾ സ്വീകരിക്കുവാനും നമുക്ക് സാധിക്കട്ടെ. അതുകൊണ്ട് ഈ അവധിക്കാലം ആഘോഷമാക്കാം - ആരോഗ്യത്തിലൂടെ, അറിവിലൂടെ, അനുകമ്പയിലൂടെ.

സ്നേഹത്തോടെ,

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ - 71 സ്വർല്ലോക രാജ്ഞി**

**മിഷൻ പ്രയർ ബാങ്ക് ശേഖരണം** - രാജ്കോട്ട് രൂപത (മണിമൂളി മേഖല)

**ശാഖാ തെരഞ്ഞെടുപ്പ്**

വിശ്വാസോത്സവത്തോടനുബന്ധിച്ചോ അതിനു മുൻപോ ശാഖകളിൽ 2019-2020 വർഷത്തെ തെരഞ്ഞെടുപ്പ് നടത്തണം. മതാദ്ധ്യാപകരടക്കമുള്ള മുതിർന്ന അംഗങ്ങളെയും, വളർന്നു വരുന്ന പുതുതലമുറയെയും ഉൾപ്പെടുത്തിയുള്ള എക്സിക്യൂട്ടീവ് ശാഖാതലത്തിൽ രൂപപ്പെടുത്താൻ ശ്രദ്ധിക്കണേ.

**വാർഷികറിപ്പോർട്ട്/സന്ദർശനറിപ്പോർട്ട്**

2018 -2019 വർഷത്തെ വാർഷികറിപ്പോർട്ട്, സന്ദർശനറിപ്പോർട്ട്

എന്നിവ പൂരിപ്പിച്ച് ഏപ്രിൽ 15 ന് മുൻപ് മേഖലാ ഭാരവാഹികളെ ഏൽപ്പി ക്കേണ്ടതാണ്. ഫോമുകൾ മേഖലാ ഭാരവാഹികൾ വഴി എത്തിക്കു ന്നതാണ്. റിപ്പോർട്ടുകളുടെ '3' കോപ്പി വീതം തയ്യാറാക്കണം. (1 രൂപത, 1 മേഖല, 1 ശാഖ)

**വചനതാരം**

ഏപ്രിൽ 15 തിങ്കളാഴ്ച (നേരത്തേ അറിയിച്ചിരുന്നത് ഏപ്രിൽ 9 എന്നായിരുന്നു അതിൽ ചെറിയ വ്യത്യാസമുണ്ട്. ശ്രദ്ധിക്കണേ.) രാവിലെ 9.30 മുതൽ 7 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കു ന്നതാണ്. പങ്കെടുക്കുന്ന ശാഖാംഗങ്ങൾ 9 മണിക്ക് തന്നെ എത്തി രജിസ്ട്രേഷൻ പൂർത്തിയാക്കണം. കുട്ടികൾക്ക് ആദ്യ റൗണ്ടുമുതൽ പങ്കെടുക്കുന്നതിനായി കൃത്യസമയം പാലിക്കണേ.

**ജോ.ഡയറക്ടേഴ്സ് മീറ്റിംഗ്**

നമ്മുടെ രൂപതയിലെ എല്ലാ ശാഖകളുടേയും ജോ.ഡയറക് ടേഴ്സിന്റെ ഒരു യോഗം ഏപ്രിൽ 7 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ നടക്കുന്നതാണ്. 10.30-വി. കുർബാന, 11.30-മീറ്റിംഗ്, 1.30-ഭക്ഷണം, സമാപനം.

അടിയന്തര പ്രാധാന്യമുള്ള ഈ സമ്മേളനത്തിൽ എല്ലാ ജോ. ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മികച്ച ശാഖാ തെരഞ്ഞെടുപ്പ്**

രൂപതാ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം രൂപതയിലെ മികച്ച ശാഖകളെ നാം തെരഞ്ഞെടുക്കുന്നത് താഴെപറയുന്ന വിധമാ യിരിക്കും.

1. ഏപ്രിൽ 15 നുള്ളിൽ ലഭിക്കുന്ന വാർഷിക റിപ്പോർട്ടുകൾ മേഖലാ ഭാരവാഹികൾ വിലയിരുത്തും.

2. ഏപ്രിൽ 30 നുള്ളിൽ മേഖലാ ടീം ശാഖകൾ സന്ദർശിച്ച്, റിക്കോഡുകൾ പരിശോധിച്ച്, പ്രവർത്തനങ്ങൾ വിലയിരുത്തിയതിനു ശേഷം ഏറ്റവും കൂടുതൽ പോയിന്റു ലഭിച്ച '2' ശാഖകളുടെ പേരു വിവരം രൂപതയ്ക്കു നൽകും.

3. മേഖല ടീം നൽകുന്ന '2' ശാഖകളിൽ മെയ് ആദ്യവാരം രൂപത ടീം സന്ദർശനം നടത്തുന്നതാണ്. 13 മേഖലകളിലെയും സന്ദർശനം പൂർത്തിയാക്കിയാണ് രൂപതാ തലത്തിലെ മികച്ച ശാഖ കളെ തിരഞ്ഞെടുക്കുക.

**സ്നേഹസന്ദർശനം**

മെയ് മാസത്തിലെ ആദ്യ രണ്ടാഴ്ചകളിലായി രൂപതാ ടീം അംഗ ങ്ങൾ സ്നേഹസന്ദർശനത്തിനായി ശാഖകളിലൂടെ വരും. ശാഖാ

എക്സിക്യൂട്ടീവ് അംഗങ്ങളെ കാണാനും, റിക്കോഡുകൾ പരിശോധി ക്കാനുമാണ് സന്ദർശനം ക്രമീകരിക്കുന്നത്. ഡയറക്ടറച്ചന്മാരെയും, ജോ. ഡയറക്ടേഴ്സിനേയും ടീം അംഗങ്ങൾ വിളിക്കുമ്പോൾ സന്ദർശ നത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണേ. വാർഷികറിപ്പോർട്ട്, സന്ദർശനറിപ്പോർട്ട് എന്നിവ സന്ദർശകർക്ക് പരിശോധിക്കാനാവും വിധം ലഭ്യമാക്കേണ്ടതാണ്.

**മേഖലാ/രൂപതാ ക്യാമ്പുകൾ**

ഈ വർഷം മേഖലാ/രൂപതാ ക്യാമ്പുകൾ ആകർഷകമായ നേതൃത്വ പരിശീലനമായാണ് ക്രമീകരിക്കുന്നത്. ഏപ്രൽ 8 മുതൽ 12 വരെയും, 22 മുതൽ 28 വരെയുമാണ് മേഖലാ ക്യാമ്പുകൾ ക്രമീകരി ച്ചിരിക്കുന്നത്. മേഖലയിൽ ദ്വിദിന ക്യാമ്പാണ് ഒരുക്കുന്നത്. 2019-2020 വർഷത്തെ ഭാരവാഹികൾക്കിടയിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരെയാണ് ക്യാമ്പിനു പറഞ്ഞയക്കേണ്ടത്.

2018-2019 പ്രവർത്തന വർഷത്തെ രൂപതാ വാർഷിക മാനേജിംഗ് കമ്മിറ്റിയും - രൂപതാ ഇലക്ഷനും 2019 മെയ് 4 ശനിയാഴ്ച രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു.

10.30 മുതൽ 1 മണിവരെ മാനേജിംഗ് കമ്മിറ്റി, 1 മണി ഉച്ച ഭക്ഷണം, 1.30-2.00 ആരാധന, 2.30-3.30 ഇലക്ഷൻ.

**പ്രവർത്തന റിപ്പോർട്ടുകൾ**

**അഭിനന്ദനങ്ങൾ:-** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച മീനങ്ങാടി ശാഖാംഗ മായ ശ്രീ. ലെസ്‌ലി അഗസ്റ്റ്യൻ കുഴുപ്പിള്ളിക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**ശാഖാ വാർത്തകൾ**

*പടമല:-* കുടുംബകൂട്ടായ്മയിൽ വാർഡുകളിൽ മിഷൻലീഗിലെ അംഗ ങ്ങൾ വി.അൽഫോൻസായെകുറിച്ച് പ്രസംഗം പറഞ്ഞു. സിമിത്തേരി സന്ദർശനം നടത്തി.

*പഴൂർ:-* ഇടവക തിരുനാളിനോടനുബന്ധിച്ച് സി.എം.എൽ അംഗങ്ങളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. ബൈബിൾ കൺവെൻഷനൊരുക്കമായി പ്രാർത്ഥനാ ദിനാചരണം നടത്തി.

*മഞ്ഞൂറ:-* ആരാധന, ജപമാല, സൺഡേസ്റ്റാർ, ജന്മദിനകൂട്ടം, അൾത്താരസംഘ മീറ്റിംഗ്, രോഗീസന്ദർശനം, ഭവനസന്ദർശനം, ഗാന പരിശീലനം എന്നിവ നടത്തി. രോഗീസഹായമായി 2500 രൂപ നൽകി.

*നെടുമ്പാല:-* പ്രേഷിതപ്രഭയിൽ 30 പേർ പങ്കെടുത്തു. ആദ്യവെള്ളിയാഴ്ച 1 മണിക്കൂർ ആരാധന നടത്തി. യൂണിറ്റു തലത്തിൽ ഭവന സന്ദർശനം നടത്തി.

*കാട്ടിക്കുളം:-* തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിച്ചു. ബാഡ്ജ് സ്വീകരണം, കാഴ്ചവെയ്പ്പ്, കലാപരിപാടികൾ എന്നിവ നടത്തി, കുട്ടികൾക്ക് സമ്മാനം നൽകി. പരീക്ഷ ഒരുക്ക ആരാധന നടത്തി.

*കുഞ്ഞോം:-* വിശുദ്ധരെ പരിചയപ്പെടുത്തി, ആൽബം നിർമ്മിച്ചു, രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

*വാഴവറ്റ:-* പ്രേഷിതപ്രഭയിൽ പങ്കെടുത്തു, തിരുബാലസഖ്യദിനം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. വീരമൃത്യു പ്രാപിച്ച ധീരജവാൻ വസന്തകുമാറിന്റെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

*ചെന്നലോട്:-* നോമ്പുകാല പ്രാർത്ഥനകൾക്ക് പരിശീലനം, പ്രേഷിത പ്രഭ വിജയത്തിനായി കുരിശടിയിൽ കരുണയുടെ ജപമാല, മദ്യപാനികൾക്കുവേണ്ടി പരിഹാര ജപമാല എന്നിവ നടത്തി.

*തൃശ്ശിലേരി:-* തിരുബാലസഖ്യദിനത്തിൽ കുട്ടികൾക്ക് കായിക മത്സരം നടത്തി. ബഹു. ജസ്റ്റിൻ മൂന്നാനാലച്ചന്റെ രജതജൂബിലി ആഘോഷിച്ചു.

*മംഗളം:-* കോളനി സന്ദർശനം നടത്തി.

*അമ്പായത്തോട്:-* ഇടവകയിലെ ഭവനനിർമ്മാണത്തിൽ സഹായിച്ചു. സാമ്പത്തിക സഹായമായി 35000 രൂപ നൽകി.

*കയ്യൂന്നി:-* രൂപതാ വാർഷികത്തിൽ 262 പേർ പങ്കെടുത്തു. 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി പ്രാർത്ഥനയും ആരാധനയും നടത്തി.

*ആടിക്കൊല്ലി:-* പഠനത്തിൽ മികവ് തെളിയിച്ചവരെയും തിരുബാലസഖ്യ മത്സരത്തിൽ വിജയികളായവരെയും ആദരിച്ചു. 'ക്രിസ്തുവും, ക്രിസ്ത്യാനിയും'എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

*പാറത്തോട്ടം:-* വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ അനുസ്മരണത്തോടനുബന്ധിച്ച് ഗ്രൂപ്പുകളിൽ നിമിഷ പ്രസംഗം, ക്വിസ്സ് മത്സരം, നോട്ടീസ് ബോർഡിൽ ചാർട്ട് തയ്യാറാക്കൽ എന്നിവ നടത്തി. പ്രേഷിത പ്രഭയിൽ ആവേശത്തോടെ പങ്കെടുത്തു.

*ഇടിവണ്ണ:-* തിരുബാലസഖ്യദിനത്തിൽ കാഴ്ചവെപ്പും വിവിധമത്സരങ്ങളും നടത്തി. നല്ല ദൈവവിളിക്കായി ആരാധന നടത്തി.

*എടപ്പെട്ടി:-* തിരുബാലസഖ്യദിനം വിവിധ കലാപരിപാടികളോടെ

സമുചിതമായി ആഘോഷിച്ചു. പ്രേഷിതപ്രഭയിൽ ബാന്റുമേളവും, ഡിസ്പ്ലേയും നടത്തി.

*വെള്ളുന്നി:-* രോഗീസന്ദർശനം നടത്തി സഹായമായി 1000 രൂപ നൽകി. ഭവന സന്ദർശനം നടത്തി സഹായമായി 2000 രൂപ നൽകി.

*കുറുമണി:-* തിരുബാലസഖ്യദിനം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. പരീക്ഷഒരുക്ക പ്രാർത്ഥന നടത്തി. പളളിയും ഗ്രോട്ടോയും വൃത്തിയാക്കി. സ്നേഹസന്ദേശ റാലിയിൽ പങ്കെടുത്തു.

*കല്ലുവയൽ:-* പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. ജന്മദിനം ആഘോഷിച്ചവർക്ക് ആശംസകൾ നേർന്നു. +2 ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ് നൽകി.

*കോട്ടത്തറ:-* സമർപ്പിത ദിനാചരണം, വൃദ്ധജനസന്ദർശനം, തിരുബാല സഖ്യദിനാചരണം എന്നിവ നടത്തി.

*പുതുശ്ശേരിക്കടവ്:-* തിരുബാലസഖ്യദിനം ആചരിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പായാംകുഴിയിൽ**
സെക്രട്ടറി, സി.എം.എൽ.

**ലൈഫ് ട്രെയിനിംഗ് - അഞ്ചാം ബാച്ചിലേക്ക്**

ലൈഫ് ട്രെയിനിംഗ് അഞ്ചാം ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ രണ്ടാംഘട്ട പരീക്ഷ ഫെബ്രുവരി 22, 23 വെള്ളി, ശനി എന്നീ ദിവസങ്ങളിലും മൂന്നാംഘട്ട പരീക്ഷ മാർച്ച് 1, 2 വെള്ളി, ശനി എന്നീ ദിവസങ്ങളിലും ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രണ്ടാംഘട്ട പരീക്ഷയിൽ 97 വിദ്യാർത്ഥികളും മൂന്നാംഘട്ട പരീക്ഷയിൽ 60 വിദ്യാർത്ഥികളും മാനന്തവാടി രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി പങ്കെടുത്തു. വിവിധങ്ങളായ പാഠ്യവിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ മികവു തെളിയിക്കുവാൻ വ്യത്യസ്ത രീതിയിലുള്ള പരീക്ഷകൾ നടത്തി. രണ്ട് ക്യാമ്പുകളിലും പങ്കെടുത്ത വിദ്യാർത്ഥികൾക്ക് അനുമോദനങ്ങൾ.

ഈ പ്രവേശന പരീക്ഷകൾക്ക് നേതൃത്വം നല്കിയ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കലിനും, ശ്രീ. സെബാസ്റ്റ്യൻ പുരക്കലിനും, യൂത്ത് മിനിസ്ട്രി ടീമിനും, ഈ ദിനങ്ങളിൽ സഹായിച്ച സി. അനിജ സി.എം.സി.ക്കും, കുമാരി റോഷ്നിക്കും, ലൈഫ് വിദ്യാർത്ഥികൾക്കും നന്ദി.

**മാതാപിതാക്കളോടൊപ്പം**

ലൈഫ് ട്രെയിനിംഗിന്റെ അഞ്ചാം ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ പേരൻസ് മീറ്റ് 02-03-2019 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 84 മാതാപിതാക്കൾ പങ്കെടുത്ത ഈ മീറ്റിംഗിന് ബത്തേരി കേരളാ അക്കാദമി സ്കൂൾ പ്രിൻസിപ്പൽ ഗ്രേസി ടീച്ചർ നേതൃത്വം നല്കി. തുടർന്ന് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ മാതാപിതാക്കൾക്ക് ക്ലാസ് നൽകി. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**പരീക്ഷ ഒരുക്ക പ്രാർത്ഥന**

മാർച്ച് 9 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് ലൈഫ് ട്രെയിനിംഗ് വയനാട് - കൊട്ടിയൂർ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയും, മാർച്ച് 12 ചൊവ്വാഴ്ച്ച 4 മണി മുതൽ 6.30 വരെ നിലമ്പൂർ-മണിമൂളി മേഖലയിലെ

വിദ്യാർത്ഥികൾക്ക് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വെച്ചും പരീക്ഷയ്ക്ക് ഒരുക്കമായുള്ള കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും, പ്രത്യേക പ്രാർത്ഥനയും നടത്തി. കുമ്പസാരത്തിന് സഹായിച്ച ഫാ.ജിന്റോ തട്ടുപറമ്പിലിനെ നന്ദിയോടെ ഓർക്കുന്നു.

**മ്യൂസിക്ക് ജെ.ബാന്റ്**

പാടാനും സംഗീതോപകരണങ്ങൾ വായിക്കാനും കഴിയുന്ന യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ആത്മീയ പരിപാടികൾ കോളേജുകളിലും, ഇടവകകളിലും നടത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന മ്യൂസിക്ക് ജെ.ബാന്റിന്റെ പരിശീലനം എല്ലാ ഞായറാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ യൂത്ത്മിനിസ്ട്രി ഓഫീസിൽ വെച്ച് നടക്കുന്നു.

**ലൈഫ് ട്രെയിനിംഗ് കർമ്മ പരിപാടികൾ**

* മാർച്ച് 29,30 ഫൈനൽ പരീക്ഷ.

* റെസിഡെൻഷ്യൽ ട്രെയിനിംഗ് – ഏപ്രിൽ 14 ഞായർ 10 മണി മുതൽ 17 ബുധൻ 4 മണി വരെയും 26 വെള്ളി 10 മണി മുതൽ 30 ചൊവ്വ 4 മണി വരെയും 2016, 2017 ബാച്ചുകൾക്ക് കുഞ്ഞോത്ത് വെച്ച് പരിശീലനം നടക്കും.

* മെയ് 2 വ്യാഴം 10 മണി മുതൽ 25 ശനി 4 മണിവരെ 2018, 2019 ബാച്ചുകൾക്ക് കുഞ്ഞോത്ത് വെച്ച് റെസിഡൻഷ്യൽ ട്രെയിനിംഗ് നടക്കും.

* മെയ് 10 വെള്ളിയാഴ്ച്ച രാവിലെ 10 മണി മുതൽ 12 ഞായർ 3 മണി വരെ ലൈഫ് കുടുംബധ്യാനം പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ROOF - (Reconstructing Opportunity of Organized Fraternity)**

പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ROOF എന്ന പേരിൽ ഏകോപിക്കുന്നു. രജത ജൂബിലി വർഷത്തെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഗഡു വിതരണം നടത്തി. മണ്ഡ്യ രൂപത പിതൃവേദിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പരിപാടി നടപ്പാക്കുന്നത്.

**ത്യാഗം – കുരിശിന്റെ വഴി**

ഈ വർഷം മേഖലകൾ കേന്ദ്രീകരിച്ച് യൂത്ത് ക്രോസ് വഹിച്ച് കുരിശിന്റെ വഴി സംഘടിപ്പിക്കുന്നു. ഏപ്രിൽ 6 ന് ശനിയാഴ്ച്ച രാവിലെ 8 മണി മുതൽ ഗവൺമെന്റ് ഹോസ്പിറ്റൽ ക്ലീനിംഗ് നടത്തുന്നു. യൂണിറ്റുകളിൽ നിന്ന് പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണെ.

**ചർച്ച് ആക്ട് വിശ്വാസ സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള നീക്കം – കെ.സി.വൈ.എം.**

എല്ലാ വർഷവും ഓഡിറ്റ് നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന ക്രൈസ്തവ സ്ഥാപനങ്ങളെയും പള്ളികളെയും വ്യാജാരോപണങ്ങളുടെ പേരിൽ അപകീർത്തിപ്പെടുത്തുന്ന വിധത്തിലുള്ള ചർച്ച് ആക്ട് ബില്ല് പിൻവലിക്കണമെന്ന് കെ.സി.വൈ.എം. പത്രകുറിപ്പിൽ ആവശ്യപ്പെട്ടു.

**ലീഡ് ഓൺ – സംസ്ഥാന സമിതി പ്രോഗ്രാം**

ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന ലീഡ് ഓൺ സംസ്ഥാന പരിപാടിയിൽ രൂപത സമിതിയെ പ്രതിനിധീകരിച്ച് ജിയോ ജെയിംസ് മച്ചുകുഴിയിൽ, റ്റിബിൻ പാറയ്ക്കൽ എന്നിവർ പങ്കെടുത്തു.

**അനുശോചനങ്ങൾ**

കെ.സി.വൈ.എം. 2016 വർഷത്തെ രൂപതാ പ്രസിഡണ്ടും, ഇപ്പോൾ സംസ്ഥാന സെനറ്റംഗവും, മുള്ളൻക്കൊല്ലി മേഖല പ്രസിഡണ്ടുമായ ശ്രീ. ആന്റണി മങ്കടപ്രയുടെ പിതാവിന്റെ നിര്യാണത്തിൽ രൂപത സമിതി അനുശോചിച്ചു.

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

ചെന്നലോട് യൂണിറ്റിൽ വച്ച് മേഖലാ സെനറ്റ് മീറ്റിംഗിൽ വച്ച് ചർച്ച് ബില്ലിനെതിരെ പ്രമേയം പാസാക്കി. ബില്ലിന്റെ പതിപ്പ് ഡയറക്ടർ ബഹുമാനപ്പെട്ട ജെയിംസ് കുന്നത്തേട്ടച്ചനും പ്രസിഡണ്ട് അഭിനന്ദ് കൊച്ചുമലയും ചേർന്ന് കത്തിക്കുകയും ചെയ്തു.

**യൂണിറ്റ് വാർത്തകൾ**

**വലിയകൊല്ലി**

കെ.സി.വൈ.എം. മാനന്തവാടി മേഖല ഡയറക്ടർ ജോണി മലയിലച്ചൻ നേതൃത്വം നൽകിയ സെമിനാറും, യുവജന സംഗമവും രജത ജൂബിലി ഉദ്ഘാടനവും മാർച്ച് 10 ന് വലിയകൊല്ലി യൂണിറ്റിൽ നടന്നു. അതിജീവനത്തിന് കൈത്താങ്ങ് എന്ന പേരിൽ പ്രളയാനന്തര പ്രവർത്തനങ്ങൾ - ഭവന നിർമ്മാണം രൂപത സമിതിയുടെ സഹകരണ ത്തോടെ യൂണിറ്റിൽ ആരംഭിച്ചു.

**നരിവാലമുണ്ട**

നോമ്പുകാലാചരണത്തിൽ യുവജനങ്ങളുടെ പങ്കാളിത്വവും നേതൃത്വവും ഉറപ്പിക്കുന്നതിന്റെ ഭാഗമായി ശനിയാഴ്ച്ചതോറുമുള്ള ആരാധന, അനുദിന വിശുദ്ധ ബലിയിലുള്ള പങ്കാളിത്വം, പീഡാനുഭവ ഭാഗങ്ങൾ ഉൾപ്പെടുത്തിയുള്ള ബൈബിൾ ക്വിസ്, വിജയികൾക്ക് ക്യാഷ് പ്രൈസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ യൂണിറ്റിൽ നടന്നു വരുന്നു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 10 മുതൽ 13 വരെ നടന്ന MPC യിൽ 93 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഏപ്രിൽ 14-17 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 05-08 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 27-30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**മരിയൻ സിംഗിൾസ്**

മാർച്ച് 11 ന് രൂപതാ മീറ്റിംഗ് കൂടി. 13 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 8 ന്.

**മാതൃവേദി**

മാർച്ച് 4 ന് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ശാഖകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. രൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി മാതൃവേദിയിൽ അംഗമായിട്ടുള്ള എല്ലാ അമ്മമാരിൽ നിന്ന് 10 രൂപ വീതം സമാഹരിച്ച് മേഖലാ ടീമിന്റെ നേതൃത്വത്തിൽ ജൂൺ മാസത്തിൽ രൂപതാ മൈനർ സെമിനാരിയിൽ എത്തിക്കുമല്ലോ. മാതൃവേദി സംയുക്ത എക്സിക്യൂട്ടീവ് മെയ് 15 ന് ചേരുന്നതാണ്. പങ്കെടുക്കേണ്ടവർ: രൂപതാ എക്സിക്യൂട്ടീവ്, ബഹു. മേഖലാ ഡയറക്ടർ അച്ചന്മാരും ആനിമേറ്റർമാരും, മേഖലാ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും. അംഗത്വലിസ്റ്റ് തയ്യാറായിട്ടുണ്ട്. രൂപതാ ആനിമേറ്റർ സി. കൃപ അവ മേഖലകളിൽ എത്തിക്കുന്നു.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. ശ്രീമതി മോളി കരിമ്പനാനിയിൽ അമ്മമാർക്ക് ക്ലാസ്സെടുത്തു. മാർച്ച് 19 ന് മേഖലാ ടീം വിയാനിഭവനിലെ അച്ചന്മാരെ സന്ദർശിച്ചു.

**തരിയോട്**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ തരിയോട് മേഖലയുടെ മാതൃവേദി സംഗമത്തിൽ തലശ്ശേരി അതിരൂപത സഹായ മെത്രാൻ

മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടന പ്രഭാഷണം നടത്തി. ശ്രീമതി മേഴ്സി ആര്യപ്പള്ളിൽ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. 10 ശാഖക ളിൽ നിന്നായി 600 -ഓളം അമ്മമാർ പങ്കെടുത്തു. മേഖലയിലെ എല്ലാ ആനിമേറ്റേഴ്സിനേയും ആദരിച്ചു.

**ശാഖാ വാർത്തകൾ**

**കാവുമന്ദം**

ഇടവക തിരുനാളിനോടനുബന്ധിച്ച് അമ്മമാർ വിവിധ കലാപരി പാടികൾ അവതരിപ്പിച്ചു. സത്യസന്ധത സ്റ്റോൾ എന്ന പേരിൽ ജീവ കാരുണ്യ ഫണ്ട് ശേഖരണം നടത്തി. പരീക്ഷയ്ക്കൊരുങ്ങുന്ന കുഞ്ഞുങ്ങൾക്കും പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്കുമായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**വാഴവറ്റ**

സമർപ്പിത ജീവിതത്തിലേക്ക് ദൈവവിളി ഉണ്ടാകുവാൻ ജാഗ രണ പ്രാർത്ഥന നടത്തി. ഭവനസന്ദർശനം രോഗീസന്ദർശനം എന്നിവ നടത്തി. അമ്മമാർ പ്രേഷിത പ്രഭാസംഗമത്തിൽ പങ്കെടുത്തു. ലക്കിടിയിൽ വീരമൃത്യു വരിച്ച ധീരജവാൻ വസന്തകുമാറിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന്**

ജീവകാരുണ്യ പ്രവർത്തനത്തിനുവേണ്ട ഒരുക്കങ്ങൾ നടത്തി. വെള്ളിയാഴ്ചകൾതോറും നടക്കുന്ന പ്രാർത്ഥനാശുശ്രൂഷയിൽ നേർച്ച ഭക്ഷണം പാകം ചെയ്യാൻ അമ്മമാർ സഹായിക്കുന്നു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു.

**പാതിരിപ്പാടം**

ബഹു. സി. അനില അമ്മമാർക്ക് ക്ലാസ്സെടുത്തു. ഇടവകയിൽ ചരമമടഞ്ഞ ആളുടെ മൃതസംസ്കാരത്തിൽ പങ്കെടുത്ത് റീത്ത് സമർപ്പിച്ച് പ്രാർത്ഥിച്ചു. ദൈവവിളിദിനം ആചരിച്ചു.

**കോട്ടത്തറ**

കാവുംമന്ദത്തുവച്ച് നടന്ന മാതൃസംഗമത്തിൽ 65 അമ്മമാർ പങ്കെ ടുത്തു. മേഖലയിലെ ബെസ്റ്റ് ശാഖയ്ക്കുള്ള ട്രോഫി കരസ്ഥമാക്കി. ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ചു. പ്രേഷിതപ്രഭ സംഗമ ത്തിൽ 25 അമ്മമാർ പങ്കെടുത്തു. ഇടവക വാർഷിക ധ്യാനത്തിന്റെ വിജയത്തിനായും പരീക്ഷയ്ക്കൊരുങ്ങുന്ന കുഞ്ഞുങ്ങൾക്കായും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. വാഴ്ത്തപ്പെട്ട റാണി മരിയയുടെ തിരു നാൾ ആഘോഷിച്ചു. ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി ആരാധന നടത്തി.

**അമ്പായത്തോട്**

ഇടവകയിലെ ഓരോ അംഗങ്ങളിൽ നിന്നും 200 -ഓളം പൊതിച്ചോറുകൾ ശേഖരിച്ച് തെറ്റുവഴിയിലെ കൃപാഭവൻ അംഗങ്ങൾക്ക് നൽകി. രോഗീസന്ദർശനം നടത്തി ചികിത്സാ സഹായമായി 2500 രൂപ നൽകി. 50,000- ന്റെ രണ്ടാമത്തെ ചിട്ടി നടന്നു. 10,000 -ന്റെ പുതിയ ചിട്ടി ആരംഭിച്ചു. സി. റാണി മരിയയുടെ തിരുനാൾ ആഘോഷിച്ചു. ദൈവവിളി പ്രോത്സാഹിപ്പിച്ചു.

**കൽപ്ര**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ അമ്മമാർ കുടുംബത്തിന്റെ വിളക്ക് എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. ഇടവകയിലെ കുടുംബങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനായി ഫാമിലി ഫ്രണ്ട്സിനെ നറുക്കിട്ടെടുത്തു. ചെയിൻ റോസറി നടത്തി ചുങ്കക്കുന്ന് മേഖലക്കുവേണ്ടി പ്രാർത്ഥിച്ചു. നവജാത ശിശുക്കൾ, ക്യാൻസർ രോഗികൾ, പ്രായമായവർ എന്നിവരെ സന്ദർശിച്ചു പ്രാർത്ഥിച്ചു. പ്രോ-ലൈഫ് പ്രവർത്തനത്തിന്റെ വിജയത്തിനായി പ്രാർത്ഥിച്ചു. വാ. റാണി മരിയയുടെ തിരുനാൾ ആഘോഷിച്ചു. ലോഗോസിന് സമ്മാനർഹരായവർക്ക് മാതൃവേദി സമ്മാനങ്ങൾ നൽകി ആദരിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള മാതൃവേദി അംഗത്തിന് 5000- രൂപ നൽകി സഹായിച്ചു.

**ചുങ്കക്കുന്ന്**

ജാഗരണപ്രാർത്ഥനയിൽ പങ്കെടുത്തു. ഇടവക തിരുനാളിനൊരുക്കമായി പൊതു ക്ലീനിംഗിൽ സഹകരിച്ചു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ആനിമേറ്റർ സിസ്റ്ററും അമ്മമാരും വിയാനി ഭവൻ സന്ദർശിച്ചു. 5000- രൂപ സംഭാവനയായി നൽകി.

**ഇടിവണ്ണ**

ആദ്യവെള്ളിയാഴ്ചത്തെ ആരാധനയിൽ പങ്കെടുത്തു. കിടപ്പു രോഗികളെ സന്ദർശിച്ചു.

**കളത്തുവയൽ**

CML പുൽപ്പള്ളിയിൽ നടത്തിയ പ്രേഷിത പ്രഭയിൽ അമ്മമാർ പങ്കെടുത്തു. ജൈവപച്ചക്കറികൃഷി ആരംഭിച്ചു. പ്രൊ-ലൈഫ് പ്രവർത്തനങ്ങൾക്കായി തിരുഹൃദയകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**നരിവാലമുണ്ട**

എല്ലാ ഭവനങ്ങളും ചേർന്ന് ചെയിൻ റോസറി നടത്തുന്നു. വിദ്യാഭ്യാസ നൗക എന്ന സഹായ നിധി ആരംഭിച്ചു. ഇടവക ഭക്തസംഘടനാ വാർഷികത്തിന് 40 അമ്മമാർ ഫ്യൂഷൻ പ്രോഗ്രാം നടത്തി. +1 ,+2

കുട്ടികൾക്കായി ആരാധന നടത്തി. ചികിത്സ സഹായമായി 3000 രൂപ നൽകി. പള്ളിക്കുന്ന് പള്ളിയിൽ 100 അമ്മമാർ തീർത്ഥാടനം നടത്തി. ബൈബിൾ ക്വിസ് മത്സരം, മെഡിക്കൽക്യാമ്പ്, എലീശ്വ സംഗമം എന്നിവ നടത്തി.

**കയ്യൂന്നി**

CML പുൽപ്പള്ളിയിൽ നടത്തിയ പ്രേഷിതപ്രഭ സംഗമത്തിൽ 46 മാതൃവേദി അംഗങ്ങൾ യൂണിഫോം ധരിച്ച് മുത്തുക്കുടകൾ വഹിച്ചു. 300-ഓളം പേർ പങ്കെടുത്തു. എരുമാട് പാലിയേറ്റീവ് കെയർ സന്ദർശിച്ച് ഭക്ഷണം പാകം ചെയ്തുകൊടുത്തു. ബത്തേരി സ്നേഹതണൽ അന്തേവാസികൾക്ക് ഒരുനേരത്തെ ഭക്ഷണത്തിനുള്ള തുക നൽകി.

**കല്ലുവയൽ**

പുൽപ്പള്ളിയിൽവെച്ച് നടന്ന പ്രേഷിതപ്രഭ സന്ദേശറാലിയിൽ അമ്മമാർ പങ്കെടുത്തു. ഭവനസന്ദർശനം, രോഗീസന്ദശനം എന്നിവ നടത്തി. മൃതിയടഞ്ഞവരുടെ ഭവനങ്ങൾ സന്ദശിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ വാർഷിക ധ്യാനത്തിൽ അമ്മമാർ പ്രാർത്ഥിച്ചൊരുങ്ങി ഭക്ഷണമുണ്ടാക്കാൻ സഹായിച്ചു.

**കുന്നൂർ**

അമ്മമാർ വിദ്യാഭ്യാസ സഹായമായി 8000-രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വലിയകൊല്ലി**

മേഖലാ ഡയറക്ടർ ബഹു. സണ്ണി കൊല്ലാർത്തോട്ടം അച്ചൻ അമ്മമാർ കുടുംബത്തിന്റെ വിളക്കും ജീവന്റെ സംരക്ഷകയുമാണ് എന്ന വിഷയത്തെക്കുറിച്ച് സന്ദേശം നൽകി. 40 -ഓളം അമ്മമാർ സെമിനാറിൽ പങ്കെടുത്തു. ക്രിസ്റ്റിൻ മാസിക, സത്യദീപം എന്നിവ അമ്മമാർ വിതരണം ചെയ്തു.

**മീനങ്ങാടി**

പരീക്ഷ ഒരുക്ക പ്രാർത്ഥനയുടെ ഭാഗമായി മാതാപിതാക്കളും കുട്ടികളും ഒരു ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി ചികിത്സാ സഹായം ചെയ്തു. മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. വാഴ്ത്തപ്പെട്ട സി. റാണിമരിയയുടെ തിരുനാൾ ആചരിച്ച് ദൈവവിളിക്കായി പ്രാർത്ഥിച്ചു. പ്രേഷിത സന്ദേശറാലിയിൽ 30 അമ്മമാർ പങ്കെടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (13-3-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകളെ വിലയിരുത്തി. സീയോൻ ധ്യാനകേന്ദ്രത്തെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരിക്കുന്നവരുടെ (Save a Soul) സംഗമം നടത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 6 മണിക്ക് ജാഗരണ പ്രാർത്ഥന നടത്തി.

**ആദ്യശനി (2-3-19)**

രാവിലെ 6 മണിക്ക് സഹന ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8.45 ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന എന്നിവയ്ക്കുശേഷം സീയോൻ ധ്യാനകേന്ദ്ര ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വചനപ്രഘോഷണവും തരിയോട് ഫൊറോന വികാരി റവ. ഫാ. ജെയിംസ് കുന്നത്തേട്ട് വി. ബലിയും അർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം റവ. ഫാ. ബാബു മൂത്തേടത്ത് ആരാധനയ്ക്ക് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി - സ്പിരിച്ച്വൽ ഷെയറിംഗ് (9-3-19)**

വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ സ്പിരിച്ച്വൽ ഷെയറിംഗിനു ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥന കൂട്ടായ്മ നടത്തി. രാത്രി 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി 9.30 ന് സ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. എൺപത്തി അഞ്ച് പേർ പങ്കെടുത്തു.

**ജാഗരണം - മൂന്നാം വെള്ളി (15-3-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് ജപമാല, കരുണകൊന്ത, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി. ഫാ. ജിന്റോ തട്ടുപറമ്പിൽ വചനപ്രഘോഷവും വി. ബലിയും അർപ്പിച്ചു. 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം (17 മുതൽ 20 വരെ)**

നാല് ദിവസത്തെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനത്തിന് ഫാ. സോണി വാഴകാട്ട്, ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. ബാബു

മൂത്തേടത്ത്, ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷാ ദിനം (23-3-19)**

രാവിലെ 9.30 ന് സൗഖ്യ ശുശ്രൂഷകൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വി. കുർബാന എന്നിവയ്ക്കുശേഷം തൈലാഭിഷേക പ്രാർത്ഥന നടത്തി.

**ഇടവക ധ്യാനങ്ങൾ**

മാർച്ച് 3 മുതൽ 6 വരെ ചാരിറ്റിയിലും, 10 മുതൽ 13 വരെ അമ്പായത്തോട് ഇടവകയിലും 24 മുതൽ 27 വരെ കേളകം ഇടവകയിലും 31 മുതൽ ഏപ്രിൽ 3 വരെ തേൾപ്പാറ ഇടവകയിലും വാർഷിക ധ്യാനത്തിന് റവ. ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു പുളിക്കൽ, ബ്രദർ അജിത്, സി. മെറീന FCC എന്നിവർ നേതൃത്വം നൽകി.

**ക്രിസ്റ്റീൻ ധ്യാനം (25-28)**

സീയോൻ കേന്ദ്രത്തിൽ താമസിച്ചുള്ള ക്രിസ്റ്റീൻ ധ്യാനം ഏപ്രിൽ 25 മുതൽ 28 വരെ നടത്തുന്നു. ഇടവകയിൽ നിന്നും 7-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ പറഞ്ഞയക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. സീറ്റുകൾ നേരത്തെ വിളിച്ച് ബുക്ക് ചെയ്യുക. മെയ് മാസത്തിൽ ഇടവകയിൽ ക്രിസ്റ്റീൻ ധ്യാനം നടത്താൻ ആഗ്രഹിക്കുന്നവർ നേരത്തെ അറിയിക്കുമല്ലോ.

Contact: ഫാ. ജിന്റോ തട്ടുപറമ്പിൽ - 9544606936, ഫാ. സോണി വാഴകാട്ട് - 9496470462, സീയോൻ ഓഫീസ്-04935 245922, 8606771520.

**2019 ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 4-6 | - | കൺവെൻഷൻ |
| 12-4-2019 രണ്ടാം വെള്ളി | - | തൂവാനീസാ സംഗമം |
| 13-4-2019 രണ്ടാം ശനി | - | പൊതു സ്പിരിച്ചൽ ഷെയറിംഗ് |
| 19-4-19 മൂന്നാം വെള്ളി | - | ജാഗരണപ്രാർത്ഥന |
| 25-28 വ്യാഴം - ഞായർ | - | ക്രിസ്റ്റീൻ ധ്യാനം |

**ഇടവക ധ്യാനങ്ങൾ**

| | | |
|---|---|---|
| 4-6 | - | യവനാർകുളം |
| 11-17 | - | ബോംബെ കല്യാൺ രൂപത |
| 28 - മെയ് 1 | - | സീതാമൗണ്ട് |

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

പ്രിയ കൂട്ടുകാരേ, യുവജന സുഹൃത്തുക്കളെ,

ഈശോയുടെ പീഢാസഹനങ്ങളെ ഓർത്ത് ധ്യാനിക്കുന്ന നോമ്പു കാലത്താണല്ലോ നാം ആയിരിക്കുന്നത്. ഓരോ വർഷവും നോമ്പുകാലം നമ്മുടെ ജീവിത നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് സഭ തയ്യാറാക്കി യിരിക്കുന്നവയാണ്. നമ്മളെതന്നെ കണ്ടെത്തുവാനും നമ്മുടെ ജീവിത ങ്ങളിൽ വന്നുപോയ വീഴ്ചകൾക്കും കുറവുകൾക്കും പരിഹാരം ചെയ്യു വാനും ഈശോയുടെ പീഡാസഹനത്തെക്കുറിച്ച് ധ്യാനിച്ച് പ്രാർത്ഥിച്ച് ആ സഹനത്തോട് ചേർത്ത് ജീവിതത്തെ സമർപ്പിക്കുവാനും ഒരുങ്ങു വാനും നവീകരിക്കുവാനും ഉള്ള വലിയ അവസരമായ ഈ നോമ്പു കാലം ഫലദായകമായി തീരട്ടെയെന്ന് ഏറെ സ്നേഹത്തോടെ പ്രാർത്ഥിക്കുന്നു. എല്ലാവർക്കും നോമ്പുകാലത്തിന്റെ എല്ലാ ദൈവാനു ഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

ഈ കാലത്ത് നമ്മൾ ധ്യാനവിഷയമാക്കുന്ന പ്രധാനപ്പെട്ട ചിന്താവിഷയം ഈശോയുടെ പ്രലോഭനങ്ങളെക്കുറിച്ച് തന്നെയാണല്ലോ. ഈശോ ഈ ലോകത്ത് ജീവിച്ച് പ്രലോഭനങ്ങളെയും പ്രതിസന്ധി കളെയും അതിജീവിച്ചത് വിശുദ്ധ ഗ്രന്ഥത്തിൽ മത്തായി 4:1-11 വരെ നമ്മൾ കാണുന്നു. പ്രത്യേകിച്ച്, ശരീരത്തിന്റെ പ്രലോഭനങ്ങളെ അപ്പ മാക്കുവാൻ വേണ്ടി കല്ലുകളോട് കല്പ്പിക്കുവാൻ പിശാചിന്റെ ചിന്ത കൾ ഉണ്ടാകുമ്പോൾ അതെല്ലാം ദൈവത്തിന്റെ നാവിൽനിന്നും പുറ പ്പെടുന്ന ഓരോ വചനം കൊണ്ടും അതിനെ അതിജീവിക്കാമെന്ന് ഈശോ നമ്മെ ഓർമ്മിപ്പിക്കുകയാണ്, പഠിപ്പിക്കുകയാണ്. രണ്ടാമതായി ദൈവാലയത്തേയും ദൈവവിശ്വാസത്തേയും വെല്ലുവിളിക്കുന്ന പിശാചിന്റെ പ്രലോഭനങ്ങളെ ഈശോ നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന ഓർമ്മപ്പെടുത്തലോടു കൂടെ വിശ്വാസതലങ്ങളെ ഉറപ്പിക്കുകയാണ്. മൂന്നാമതായി, ഈശോയെ വലിയ ദൈവാരാധനയുടെ തലങ്ങളിൽ വിശ്വാസത്തിന്റെ തലങ്ങളിൽ പ്രതിസന്ധി ഏൽപിക്കുന്ന പിശാചിന്റെ പരീക്ഷണത്തെ നമ്മൾ കണ്ടുമുട്ടുകയാണ്. അവിടെ ഈശോ 'സാത്താനെ ദൂരെ പോവുക നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ അവിടുത്തെ മാത്രമേ പൂജിക്കാവൂ' എന്ന വചനംകൊണ്ട് പ്രലോഭനങ്ങളെ അതിജീവിക്കുന്ന വളരെ ശക്തമായ ആശയം നമുക്കു പറഞ്ഞുതരുകയാണ്. നമ്മുടെ ജീവിതത്തിലും ഇതു

പോലെ പ്രതിസന്ധികൾ ഏറെ ഉണ്ടാകും. പ്രലോഭനങ്ങളുടെ ഇടയിൽത ന്നെയാണ് നമ്മുടെ ജീവിതം എന്ന് ഈശോയുടെ പ്രലോഭനങ്ങളും പ്രലോഭനങ്ങളെ വിജയിച്ച സംഭവവും നമ്മെ പഠിപ്പിക്കുന്നു.

പ്രിയപ്പെട്ടവരെ, നാമോരോരുത്തരും ഈ ലോകത്തിൽ നമ്മുടെ ജീവിതത്തിൽ, ശരീരത്തിന്റെ ദുരാശകളോട് പ്രലോഭനങ്ങളോട് അധികാരമോഹങ്ങളോട് പോരാടുന്നവരാണ്. ഒപ്പം ദൈവത്തേയും ദൈവവിശ്വാസത്തെയും സംശയിക്കുന്നവരാണ്. ഇവിടെയൊക്കെ ഈശോയുടെ മാതൃക വലിയ പ്രചോദനവും ശക്തിയുമായി തീരാൻ നമുക്ക് ആഗ്രഹിക്കാം, ഒരുങ്ങാം. ഒപ്പം ഏശയ്യാ 58–ൽ യഥാർത്ഥ ഉപവാ സത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. നമ്മൾ ഭക്ഷണം കഴിക്കാതിരിക്കുന്നതുകൊണ്ട് എന്തെങ്കിലും മാറ്റം ഉണ്ടാവുന്നുണ്ടോ അതോ പഴയ ജീവിത സ്ഥിതിയിൽ തന്നെയാണോ പോകുന്നത് എന്ന് പലപ്പോഴും സംശയമാണ്. ഇവിടെ മനസ്സിലാക്കുവാനായിട്ട് ഏശയ്യാ 58–ലെ യഥാർത്ഥ ഉപവാസത്തെപ്പറ്റി നാം ചിന്തിക്കണം, ധ്യാനിക്കണം.

**ഫാ. ജെയ്മോൻ കളമ്പുകാട്ട്**

**കഴിഞ്ഞ മാസം നടന്ന ശുശ്രൂഷകൾ/പ്രോഗ്രാമുകൾ**

**മാർച്ച് 2 – പരീക്ഷ ഒരുക്കധ്യാനം**

തിരുഹൃദയ ദേവാലയം (ലത്തീൻ), കൽപ്പറ്റയിൽ വെച്ച് നടത്ത പ്പെട്ട പരീക്ഷ ഒരുക്ക ധ്യാനത്തിൽ 80 ഓളം കുട്ടികൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് ജപമാലയോടും കുമ്പസാരത്തോടുകൂടിയും ആരം ഭിക്കുകയും തിരുഹൃദയ ദേവാലയ വികാരി റവ. ഫാ. ജോൺ വെട്ടി മലയിൽ വെഞ്ചരിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് റിറ്റിന റോബിൻ തന്റെ ജീവിതത്തിൽ പഠന മേഖലയിൽ കർത്താവ് നൽകിയ അനുഗ്രഹങ്ങൾ പങ്കുവെച്ചു. മാനന്തവാടി സോൺ ജീസസ് യൂത്ത് കോർഡിനേറ്റർ ബൈജു ജോസ് കൊച്ചുകുടിയിൽ, എന്നെ ശക്തനാ ക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുക്കുകയും ചെയ്തു. തുടർന്ന് റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് അച്ചൻ വിശുദ്ധ കുർബാനയർപ്പിച്ചു. ഫുൾടൈമർ അൻസു ജേക്കബ് കർത്താവ് നൽകിയ താലന്തുകൾ എന്ന വിഷയത്തെപ്പറ്റി ദൈവവചനം പങ്കുവെക്കുകയും പഠനമേഖല യിൽ ദൈവം നൽകിയ ഉന്നതവിജയത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് നടന്ന ദിവ്യകാരുണ്യ ആരാധനയിൽ ബഹുമാന പ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചൻ കുട്ടികൾക്കായി പ്രാർത്ഥിക്കു കയും പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദം നൽകുകയും ചെയ്തു. അനില ഷാജി, ഫെമി ടോം, ജിനോ കെ.വി., സിയ ബിനോയ്, അബിന

ഇമ്മാനുവേൽ, ലയന കപ്പലുമാക്കൽ തുടങ്ങിയവർ ആക്ഷൻ സോംങ് പഠിപ്പിക്കുകയും, ആശ സേവ്യർ, അജിത്ത് ബേബി എന്നിവർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ലിജോ കെ.ജെ., ജോൺ ബ്രിട്ടോ, ഷൈജു ജോസ് കൊച്ചുകുടിയിൽ എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹായിച്ചു. മാനന്തവാടി സോൺ ജീസസ് യൂത്ത് മദ്ധ്യസ്ഥ പ്രാർത്ഥന കോർഡിനേറ്റർ റിബിൻ ബേബി കുന്നുമ്മേൽ ഈ ദിവസത്തെ ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**മാർച്ച് 3 – പരീക്ഷ ഒരുക്ക പ്രാർത്ഥന**

തരിയോട് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വെച്ച് നടത്തപ്പെട്ട ഏകദിന പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ 150 ഓളം കുട്ടികൾ പങ്കെടുത്തു. ബഹുമാനപ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചൻ ദൈവ വചന സന്ദേശം നൽകുകയും വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഫുൾടൈമർ അൻസു ജേക്കബ് തന്റെ ജീവിതത്തിലുണ്ടായ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചൻ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. ബൈജു ജോസ് കൊച്ചുകുടിയിൽ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു.

**മാർച്ച് 4– പരീക്ഷ ഒരുക്ക ഏകദിന ധ്യാനം**

കൽപ്പറ്റ പുത്തൂർവയൽ പിയോ ഭവന ധ്യാനകേന്ദ്രത്തിൽ വെച്ച് ഷൈജു ജോസ് കൊച്ചുകുടിയിൽ നേതൃത്വം നൽകിയ ഏകദിന ധ്യാനത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി 122 കുട്ടികൾ പങ്കെടുത്തു. ജപമാലയോടു കൂടി ആരംഭിക്കുകയും, കുട്ടികൾക്കായി കുമ്പസാരവും തുടർന്ന് ധ്യാനകേന്ദ്രത്തിൽ വിവിധ ശുശ്രൂഷകളിൽ സഹായിക്കുന്ന റവ. ഫാ. റോബിൻസൺ അച്ചൻ വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന്, ഫുൾടൈമർ അൻസു ജേക്കബ് ദൈവവചനം പങ്കുവെയ്ക്കുകയും ഷൈജു ജോസ് കൊച്ചുകുടിയിൽ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. അനില ഷാജി, അമൽ സെബാസ്റ്റ്യൻ, ആൽബിൻ സേവ്യർ എന്നിവർ ശുശ്രൂഷയിൽ സഹായിച്ചു.

**മാർച്ച് 4–സോണൽ കൗൺസിൽ മീറ്റിംങ്**

മാർച്ച് മാസം 4-ാം തീയതി ദ്വാരകയിൽ വെച്ച് റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് അച്ചന്റെ സാന്നിദ്ധ്യത്തിൽ വെച്ച് നടത്തപ്പെട്ട സോണൽ കൗൺസിൽ മീറ്റിംങിൽ എല്ലാ കൗൺസിൽ അംഗങ്ങളും പങ്കെടുക്കുകയും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ചെയ്തു. ഒപ്പം, കഴിഞ്ഞ ഒരു വർഷക്കാലം മാനന്തവാടി സോൺ ജീസസ് യൂത്തിനായി

ശുശ്രൂഷ ചെയ്യാനായി പത്തനംതിട്ട മലങ്കര കൊടുമൺ ഇടവകയിൽ നിന്നും കടന്നുവന്ന അൻസു ജേക്കബിന് യാത്രയയപ്പു നൽകുകയും ഫുൾടൈമർ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.

**മാർച്ച് 8 – ലീഡേഴ്സ് ഗ്യാതറിംങ്**

8–ാം തീയതി, രണ്ടാം വെള്ളിയാഴ്ച്ച വൈകുന്നേരം 6.30 ന് കുരിശിന്റെ വഴിയോടുകൂടി ആരംഭിച്ച് 11.30 ന് അവസാനിച്ച കൂട്ടായ്മയിൽ 41 ലീഡേഴ്സ് പങ്കെടുത്തു. ബഹുമാനപ്പെട്ട ജെയ്മോൻ കളമ്പുകാട്ട് അച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം തന്നെ, ഫുൾടൈമർ അൻസു ജേക്കബിന് ലീഡേഴ്സ് എല്ലാവരും ചേർന്ന് യാത്രയയപ്പു നൽകുകയും അവരവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.

**മാർച്ച് 9 – യുവജന ഏകദിന ശുശ്രൂഷ**

രണ്ടാം ശനിയാഴ്ച്ച ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് നടത്തപ്പെട്ട ഏകദിന യുവജന ശുശ്രൂഷ രാവിലെ 9.30 ന് ജപമാലയോടുകൂടി ആരംഭിച്ച് 2.00 മണിക്ക് അവസാനിച്ചു. കുമ്പസാരത്തിനുശേഷം റവ. ഫാ. വിനോദ് പാക്കാനിക്കുഴി അച്ചൻ വചനസന്ദേശം നൽകുകയും വി.കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അൻസു ജേക്കബ് പ്രയർ ഗ്രൂപ്പിൽ പോയിരുന്ന ബത്തേരി ഡോൺ ബോസ്കോ കോളേജ്, മാനന്തവാടി ന്യൂമാൻസ് കോളേജ്, ബത്തേരി അൽഫോസാ കോളേജ്, മാനന്തവാടി മേരി മാതാ കോളേജ് തുടങ്ങിയ കോളേജുകളിൽ നിന്നായി വത്തിയ കുട്ടികൾ അൻസു ജേക്കബിനെ കണ്ടു സംസാരിക്കുകയും യാത്രാമംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**മാർച്ച് 9 – പോൾ കോഴ്സ് 1 – ദൈവവചനം (ഫോർമേഷൻ കോഴ്സ്)**

30 ദിവസങ്ങൾക്കു മുമ്പ് നടത്തപ്പെട്ട ജീസസ് യൂത്ത് ഫോർമേഷന്റെ അടിസ്ഥാന കോഴ്സായ 48 മണിക്കൂർ നീണ്ടുനിന്ന ഫിലിപ്പ് കോഴ്സിൽ പങ്കെടുത്തവർക്കായി, ഫോർമേഷന്റെ രണ്ടാം ഘട്ടമായ പോൾ കോഴ്സിന്റെ മൂന്നു മണിക്കൂർ നീണ്ടുനിൽക്കുന്ന ഒന്നാം ഭാഗം 'ദൈവവചനം' ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് ഉച്ചയ്ക്ക് 02.30 മുതൽ 05.30 വരെ നടത്തപ്പെട്ടു. 26 ലീഡേഴ്സ് ഈ കോഴ്സിൽ പങ്കെടുത്തു.

**മാർച്ച് 17 – സ്റ്റ്യൂവാർഡ്ഷിപ്പ് കോഴ്സ് 1 (ഫോർമേഷൻ കോഴ്സ്)**

2 വർഷക്കാലം നീണ്ടുനിന്ന ജീസസ് യൂത്ത് ഫോർമേഷനിലൂടെ കടന്നുവന്ന് പ്രാരംഭ ഘട്ട കോഴ്സായ ഫിലിപ്പ് കോഴ്സ്, രണ്ടാം ഘട്ടമായ പോൾ കോഴ്സ് (3 മണിക്കൂർ നീളുന്ന 4 ഭാഗങ്ങൾ), മൂന്നാം ഘട്ടമായ എമ്മാവൂസ് കോഴ്സ് (3 മണിക്കൂർ നീളുന്ന 16 ഭാഗങ്ങൾ) എന്നിവ പൂർത്തിയാക്കി, കോഴിക്കോട് കുന്ദമംഗലത്ത് വെച്ച് നടന്ന

ഫോർമേഷന്റെ നാലാം ഘട്ടമായ സ്റ്റ്യൂവാർഡ്ഷിപ്പ് കോഴ്സിൽ അനില ഷാജി കുമ്പളപ്പറമ്പിൽ, ഡോ. ഡിനു ആൻ ഡൊമിനിക്ക്, വിനു മാത്യു ചാത്തംകണ്ടത്തിൽ, അമൽ സെബാസ്റ്റ്യൻ അരീപ്ലാക്കൽ, ലിജോ കെ.ജെ. കുഴിയാനിമറ്റത്തിൽ എന്നിവർ പങ്കെടുത്തു.

**അടുത്ത മാസത്തെ ശുശ്രൂഷകൾ /പ്രോഗ്രാമുകൾ**

**ഏപ്രിൽ 12 – ലീഡേഴ്സ് ഗ്യാതറിംങ്**

ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ചിരുന്നുള്ള മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ 12–ാം തീയതി രണ്ടാം വെള്ളിയാഴ്ച്ച വൈകുന്നേരം 06.00 ന് ആരംഭിച്ച് രാത്രി 11.30 ന് അവ സാനിക്കുന്നു.

**ഏപ്രിൽ 13 – ഏകദിന യുവജന ശുശ്രൂഷ**

യുവജനങ്ങൾക്കായുള്ള ഏകദിന ശുശ്രൂഷ, ദ്വാരക സീയോൻ ചാപ്പലിൽ വെച്ച് രണ്ടാം ശനിയാഴ്ച്ച രാവിലെ 09.30 ന് ആരംഭിച്ച് വൈകു രേം 03.30 ന് അവസാനിക്കുന്നു.

**ഏപ്രിൽ 13 – മലയാറ്റൂർ യാത്ര**

മാനന്തവാടി സോൺ ജീസസ് യൂത്ത് കൂട്ടായ്മയിൽ നിന്നും 12 പേർ ഏപ്രിൽ 13 രണ്ടാം ശനിയാഴ്ച്ച മലയാറ്റൂർ യാത്ര പുറപ്പെടുന്നു.

**ഏപ്രിൽ 25–27 – ലീഡേഴ്സ് ട്രയിനിംങ്**

ഈ വർഷത്തെ ജീസസ് യൂത്ത് ലീഡേഴ്സ് ട്രയിനിംങ് പ്രോഗ്രാം ഏപ്രിൽ മാസം 25 മുതൽ 27 വരെ നടത്തപ്പെടുന്നു.

**ഏപ്രിൽ 27 – ജീസസ് യൂത്ത് സോണൽ റീ-കോൺസ്റ്റിറ്റ്യൂഷൻ**

മാനന്തവാടി സോൺ ജീസസ് യൂത്ത് മുന്നേറ്റത്തെ 2 വർഷകാലം നയിക്കാനായി 2017 മെയ് മാസം തെരഞ്ഞെടുക്കപ്പെട്ട സോണൽ കൗൺസിൽ അംഗങ്ങളുടെ കാലാവധി തീരുന്ന സാഹചര്യ ത്തിൽ, 2019 മുതൽ 2021 വരെ സോണിനെ നയിക്കാനായി പുതിയ നേതൃ നിരയെ തെരഞ്ഞെടുക്കുന്നതിനായി ഏപ്രിൽ മാസം 27–ാം തീയതി ലീഡേഴ്സ് ട്രയിനിംങിനോടു ചേർന്ന് റീ-കോൺസ്റ്റിറ്റ്യൂഷൻ നടപടിക്രമവും ആരംഭിക്കുന്നു. നിലവിൽ ട്രയിനിംങിൽ പങ്കെടുക്കു ന്നവരും, വർഷാവർഷം ജീസസ് യൂത്ത് കമ്മിറ്റ്മെന്റ് എടുക്കുന്നവരും, ഈ റീ-കോൺസ്റ്റിറ്റ്യൂഷൻ പ്രോഗ്രാമിൽ പങ്കെടുക്കുകയും പുതിയ പാന ലിൽ ഉൾപ്പെട്ടിരിക്കുന്നവരെ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

**അമൽ സെബാസ്റ്റ്യൻ**

അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ജീസസ് യൂത്ത്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

വലിയ നോമ്പിന്റെ അവസാന ഘട്ടത്തിലേക്കും, ഉയിർപ്പിന്റെ ആഹ്ലാദത്തിലേക്കും നാം കടക്കുകയാണല്ലൊ. പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും തീവ്രതയിലൂടെ കടന്ന് യേശു ഉത്ഥിതനാകുമ്പോൾ നമ്മുടെയൊക്കെ ജീവിതത്തിൽ പ്രത്യാശയുടെ കിരണങ്ങളാണ് വിരിയുന്നത്. അനുദിന ജീവിതത്തിൽ നാമെല്ലാം കുരിശുകൾ വഹിക്കുന്നവരാണ്. ജീവിതത്തിൽ പലപ്പോഴും നമ്മൾ കുരിശുവരയ്ക്കുന്നവരും, കുരിശ് ധരിക്കുന്നവരും, കുരിശുകൾ വഹിക്കുന്നവരുമാണ്. ഈ കുരിശുകളെ ദൈവത്തോട് ചേർത്ത് വയ്ക്കുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്ത്യാനികളായി മാറുന്നത്. ഓരോ വിൻസെൻഷ്യന്റെയും സംസാരവും പ്രവർത്തനങ്ങളും അന്യർക്ക് ആസ്വാദ്യകരമാവട്ടെ. നമ്മുടെ മുഖം കാണുമ്പോൾ അപരന്റെ ഹൃദയം സന്തോഷപൂരിതമാവണം. മുഖങ്ങൾ പ്രകാശിതമാകാൻ ഹൃദയത്തിൽ നന്മ ഉണ്ടാവണം, പരിശുദ്ധാത്മാവിനാൽ നിറയണം. ഇതിന് നിരന്തരമായ പ്രാർത്ഥന ആവശ്യമാണ്. സമൂഹത്തിനുവേണ്ടി ഒട്ടേറെ നന്മ പ്രവർത്തികൾ നാം ചെയ്യാറുണ്ട്. ഈ നന്മപ്രവർത്തികളോട് പ്രാർത്ഥനകളും ഓരോ വിൻസെൻഷ്യനും കൂട്ടിചേർക്കണം. പ്രാർത്ഥനയില്ലാത്ത പ്രവർത്തിയും, പ്രവർത്തിയില്ലാത്ത പ്രാർത്ഥനയും നിഷ്ഫലമാണെന്ന സുവിശേഷവാക്യമായിരിക്കണം നമ്മെ നയിക്കേണ്ടത്. എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ നേരുന്നു.

**സി.സി.വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ വാർഷികം 2019 മെയ് 11-ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടക്കുന്ന വിവരം ഇതിനകം നിങ്ങൾ അറിഞ്ഞു കാണുമല്ലൊ. എല്ലാ കോൺഫ്രൻസുകളിലെയും മുഴുവൻ അംഗങ്ങളും നിർബന്ധമായും വാർഷികത്തിൽ പങ്കെടുക്കേണ്ടതാണ്. അന്നേ ദിവസം നമ്മുടെ കുടുംബങ്ങളിൽ മററ് ആഘോഷ പരിപാടികൾ നടത്താതിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കോൺഫ്രൻസിലെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിക്കുവാൻ കോൺഫ്രൻസ് ഭാരവാഹികളും, എ.സി. ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണം.

മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവടക്ക മുള്ള ആത്മീയ ഗുരുക്കന്മാർ നമ്മെ അഭിസംബോധന ചെയ്യുന്നതാണ്. വാർഷികം സംബന്ധിച്ച വിശദ വിവരങ്ങൾ പിന്നീട് അറിയി ക്കുന്നതാണ്.

**സി.സി. പഠന ക്യാമ്പുകൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ സംഘടിപ്പിക്കുന്ന മേഖലാതല പഠന ക്യാമ്പു കൾ തുടരുന്നു. മാർച്ച് 9-ന് മാനന്തവാടി മേഖലാതല പഠനക്യാമ്പ് കണിയാരം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ നടന്നു. കൊട്ടിയൂർ, മാനന്തവാടി, തോണിച്ചാൽ, പയ്യമ്പള്ളി, കല്ലോടി എന്നീ എ.സി. കളിൽപ്പെട്ട എ.സി, കോൺഫ്രൻസ് ഭാരവാഹികൾ ക്യാമ്പിൽ പങ്കെ ടുത്തു. കത്തീഡ്രൽ പള്ളി സഹവികാരി ഫാ. ജോർജ്ജ് കണിപ്പള്ളിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തൈക്കുന്നുമ്പുറം മുഖ്യ സന്ദേശം നല്കി. സി.സി.വൈസ്പ്രസിഡന്റ് ബ്രദർ അഗസ്റ്റിൻ കൊടി യംകുന്നേൽ, ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം, ട്രഷറർ ബ്ര.എൻ.യു. ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മാനന്തവാടി എ. സി. പ്രസിഡന്റ് ബ്രദർ ജോൺ അതിരക്കുളങ്കര സ്വാഗതവും, തോണി ച്ചാൽ എ.സി. പ്രസിഡന്റ് ബ്രദർ രാജു ജോസഫ് നന്ദിയും പറഞ്ഞു.

നിലമ്പൂർ മേഖല പഠനക്യാമ്പ് മണിമൂളി റീജിണൽ പാസ്റ്ററൽ സെന്ററിൽ നടന്നു. സി.സി. വൈസ് പ്രസിഡൻറ് ബ്രദർ ജോസ് തുരുത്തിപ്പാറയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഫാ. ജോസ് മേച്ചേരി ഉദ്ഘാടനം ചെയ്തു. മണിമൂളി ഫൊറോനവികാരി ഫാ.കുര്യാക്കോസ് കുന്നത്ത് മുഖ്യസന്ദേശം നല്കി. ഫാ. സെബാസ്റ്റ്യൻ പാറയിൽ, സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, ട്രഷറർ ബ്രദർ എൻ.യു.ജോൺ, ഓസാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. മണിമൂളി എ.സി. പ്രസിഡന്റ് ബ്രദർ ബിജു പാലത്തിങ്കൽ സ്വാഗതവും, ഗൂഡല്ലൂർ എ.സി. പ്രസിഡന്റ് സി. വത്സമ്മ പീറ്റർ എളയച്ചാനി നന്ദിയും പറഞ്ഞു. നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ എ.സി. ഭാരവാഹികൾ, കോൺഫ്രൻസ് ഭാരവാഹികൾ എന്നിവർ ക്ലാസിൽ പങ്കെടുത്തു.

**തരിയോട് എ.സി.വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തരിയോട് എ.സി. വാർഷികവും നേതൃത്വപരിശീലന ക്യാമ്പും തരിയോട് ഫൊറോന പള്ളി ഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് സി. റോസമ്മ അയ്യംകുഴ യ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം തരിയോട് ഫൊറോന

വികാരി ഫാ. ജെയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. എ.സി. ആത്മീയ ഉപദേഷ്ടാവ് ഫാ. ബിജു മാവറ മുഖ്യപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരി, ബ്ര. ജോർജ്ജ് കുന്നത്ത്, കുറുമ്പാല എ.സി. പ്രസിഡന്റ് ബ്ര. രാജു വലിയാറ എന്നിവർ ആശംകളർപ്പിച്ചു സംസാരിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം, സി.സി. ട്രഷറർ ബ്രദർ എൻ.യു. ജോൺ, ഓസാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്ര. വിൽസൺ അങ്ങേമഠം സ്വാഗതവും, ബ്ര. ബനഡിക്ട് മോളേപ്പറമ്പിൽ നന്ദിയും പറഞ്ഞു.

**ഓസാനാംഭവൻ സന്ദർശനം**

2019 ഏപ്രിൽ, മെയ്-കല്ലോടി, മാനന്തവാടി (ഏപ്രിൽ), പയ്യമ്പള്ളി, നടവയൽ (മെയ്)

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

### കാരിത്താസ് ഗ്രാമങ്ങൾ രൂപപ്പെടുന്നു

പ്രളയത്തിന്റെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവപ്പെട്ട വയനാട്ടിലെ വിവിധ പ്രദേശങ്ങളിൽ 'അതിജീവനം' എന്ന ലക്ഷ്യത്തോടെ കാരിത്താസ് ഗ്രാമങ്ങൾ രൂപപ്പെട്ടുവരുന്നു. മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കാരിത്താസ് ഗ്രാമങ്ങൾ രൂപപ്പെടുത്തുന്നത്. എടവക ഗ്രാമപഞ്ചായത്തിലെ അഗ്രഹാരം, ചാമടിപ്പോയിൽ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ കുഞ്ഞോം കോളനി, മാനന്തവാടി മുൻസിപ്പാലിറ്റിയിലെ ചാലിഗദ്ധ, മുട്ടങ്കര, ചെമ്മാട് കോളനികൾ എന്നിവ കേന്ദ്രീകരിച്ച് വിവിധങ്ങളായ വികസന പദ്ധതികൾ ആണ് പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി കാരിത്താസ് ഗ്രാമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നത്. ഭവന റിപ്പയറിംഗ്, കക്കൂസ് നിർമ്മാണം, കിണർ നവീകരണം, നീരുറവകളുടെ സംരക്ഷണം, കോഴി വളർത്തൽ, ആട് വളർത്തൽ, ടൈലറിംഗ്, പച്ചക്കറി കൃഷി, കുരുമുളക് കൃഷി, കാപ്പി കൃഷി, തെങ്ങ് കൃഷി തുടങ്ങിയ പദ്ധതികൾ ആണ് നടപ്പിലാക്കിവരുന്നത്. കൂടാതെ കൃഷി-മൃഗ സംരക്ഷണ മേഖലകളിൽ വിദഗ്ധ പരിശീലനങ്ങളും നൽകിവരുന്നു. കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് 610 കുടുംബങ്ങൾക്കാണ് പ്രളയ പുനരധിവാസ പദ്ധതികൾ നൽകുന്നത്. വെള്ളപൊക്കം ഉണ്ടായ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതിന്റെ ഭാഗമായി പ്രാദേശിക തലങ്ങളിൽ ഗുണഭോക്താക്കളുടെ യോഗങ്ങൾ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത് പദ്ധതിയെ സംബന്ധിച്ചു വിശദീകരണം നൽകി. കൂടാതെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മറ്റികൾക്ക് രൂപം നൽകി. തുടർന്ന് മുഴുവൻ കുടുംബങ്ങളിലും സന്ദർശനം നടത്തി, പദ്ധതിക്ക് അർഹരാണോ എന്ന് പരിശോധിച്ച് ഗുണഭോക്താവിന്റെ താൽപര്യവും കൂടി പരിഗണിച്ച് അനുയോജ്യമായ പദ്ധതി തെരഞ്ഞെടുക്കുന്നു. ഇതി

നോടകം പച്ചക്കറി കൃഷി, തയ്യൽ മെഷീൻ വിതരണം, കോഴികുഞ്ഞും കൂടും വിതരണം എന്നിവ പൂർത്തീകരിച്ചു. പദ്ധതിയുടെ നടത്തിപ്പിന് അതാത് പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, കാരിത്താസ് ഇന്ത്യ ടീം, വയനാട് സോഷ്യൽ സർവ്വീസ് ടീം, പ്രാദേശിക ഗുണഭോക്തൃ സമിതികൾ, കേരളത്തിലെ വിവിധ കലാലയങ്ങളിൽ നിന്നുള്ള MSW/BSW വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി വരുന്നു.

**ലോക വനിതാ ദിനം ആഘോഷിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, കേരള ലേബർ മൂവ്മെന്റ്, താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി, എക്സൈസ് വകുപ്പ് എന്നിവ സംയുക്തമായി ലോക വനിതാ ദിനം ആചരിച്ചു. മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ നടന്ന ആഘോഷ പരിപാടി മാനന്തവാടി മുൻസിപ്പൽ മജിസ്ട്രേറ്റ് പി. സുഷമ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. അസോസിയേറ്റ് ഡയക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, കേരള ലേബർ മൂവ്മെന്റ് കോ-ഓർഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, റോബിൻ ജോസഫ് എന്നിവർ സംസാരിച്ചു. സി. ആൻസി പോൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ശാസ്ത്രീയ കോഴി വളർത്തലിൽ പരിശീലന പരിപാടി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ പ്രളയബാധിതർക്കായി നടപ്പിലാക്കി വരുന്ന 'അതിജീവനം പദ്ധതിയുടെ' ഭാഗമായി ശാസ്ത്രീയ കോഴി വളർത്തലിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ. ഫീൽഡ് കോ ഓർഡിനേറ്റർ ആലീസ് സിസിൽ, സുജ മാത്യു എന്നിവർ സംസാരിച്ചു. പരിശീലനത്തിന് ജില്ലാ വെറ്റിനറി മെഡിക്കൽ ഓഫീസർ ഡോക്ടർ മീര നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുത്ത 125 പേർക്കും 4600 രൂപ വിലയുള്ള ആധുനിക രീതിയിൽ തയ്യാറാക്കിയ കോഴിക്കൂടും 2400 രൂപ മൂല്യമുള്ള ബി വി 360 ഇനത്തിൽ വരുന്ന 15 എണ്ണം കോഴി കുഞ്ഞുങ്ങളെയും പൂർണമായും സൗജന്യമായി വിതരണം ചെയ്യും. പ്രളയ ബാധിതരായ ഗുണഭോക്താക്കളെ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുത്തത്. പദ്ധതിയുടെ തുടർനടത്തിപ്പിന് പ്രാദേശിക തലത്തിൽ ഗുണഭോക്തൃ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിന് ശാക്തീകരണത്തിനുമായി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോവുന്നു.

**അംഗത്വം പുതുക്കൽ**

കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറം (KAW), കേരള തയ്യൽ തൊഴിലാളി വർക്കേഴ്സ് ഫോറം (KTWF), സ്വതന്ത്ര നിർമ്മാണ തൊഴിലാളി ഫോറം എന്നിവയുടെ വാർഷിക പുതുക്കൽ നടപടി പൂർത്തിയായി.

**കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)**

കേരള സർക്കാരിന്റെ തൊഴിലും നയപുണ്യവും മന്ത്രാലയത്തിൽ കീഴിൽ പ്രവർത്തിയാണ്. ഒരു സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എപ്ലോയ്മെന്റ് കേരളത്തിന്റെ തൊഴിൽ മേഖലയിലെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് വയനാട് ജില്ലയിലെ ട്രേഡ് യൂണിയൻ തൊഴിലാളികൾക്കായി മാർച്ച് 17 ന് കൽപ്പറ്റ ഹരിതഗിരി ഹോട്ടലിൽ നടത്തിയ ഏകദിന സെമിനാറിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറത്തിലെ 35 അംഗങ്ങൾ പങ്കെടുത്തു.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. 1581 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്. 353 ക്ലയിമുകൾ കമ്പനിക്ക് നൽകിയതിൽ 302 ഉം പാസ്സായി. ബാക്കിയുള്ളതിന്റെ നടപടികൾ നടന്നുവരുന്നു.

**വികാസ്പീഡിയ**

വികാസ്പീഡിയ മലയാളത്തിന്റെ പ്രചരണാർത്ഥം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ഏജൻസികളുമായി ചേർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിജിറ്റൽ കേരളയുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തി. വിദ്യാഭ്യാസ രംഗത്തെ പ്രമുഖ യൂടൂബ് ചാനലായ മിൻ ടി.വിയിൽ വികാസ്പീഡിയ പോർട്ടലിനെക്കുറിച്ച് വന്ന വീഡിയോ ജനശ്രദ്ധ നേടി. പോർട്ടലിന്റെ ഉപയോഗത്തെ കുറിച്ച് സാങ്കേതികവും പ്രായോഗികവുമായ അറിവ് ലഭിക്കുന്നതായിരുന്നു പരിപാടിയെന്ന് പലരും അഭിപ്രായപ്പെട്ടു. ഐക്യരാഷ്ട്ര സഭയുടെ സഹായത്തോടെ അന്താരാഷ്ട്ര സംഘടനയായ

വാട്ടർ എയ്ഡ് നടപ്പാക്കുന്ന വാട്ടർ ആന്റ് സാനിറ്റേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ യോഗങ്ങളിൽ വികാസ് പീഡയയും പങ്കാളിയായി.

വികാസ് പീഡിയ ഔട്ട് റീച്ച് പരിപാടികളുടെ ഭാഗമായി ലക്കിടി ഓറിയന്റൽ കോളേജിൽ വയനാട് ജില്ലയിലെ മാധ്യമ വിദ്യാർത്ഥികൾക്കായി നടത്തിയ ശില്പശാലയിൽ വികാസ് പീഡിയ സ്റ്റേറ്റ് കോർഡിനേറ്റർ സി.വി. ഷിബു ക്ലാസ്സ് എടുത്തു. നെഹ്റു യുവകേന്ദ്ര നടത്തിയ യുവജന സെമിനാർ, ലോക ക്ഷയരോഗ ദിനത്തോടനുബന്ധിച്ചുള്ള മാധ്യമ ശില്പശാലാ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടത്തിയ ഭക്ഷ്യസുരക്ഷാ നിയമം സംബന്ധിച്ച ശില്പശാല, വെസ്റ്റ് നൈൽ ഫീവർ സംബന്ധിച്ച് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച സെമിനാർ, പൊതു തിരഞ്ഞെടുപ്പ് സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ ബോധവൽക്കരണ പരിപാടി എന്നിവയിലും സ്റ്റേറ്റ് കോർഡിനേറ്റർ സി.വി. ഷിബു പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന സുവർണജൂബിലി ഭവനനിർമ്മാണ പദ്ധതിയിൽ ആദ്യഗഡു എല്ലാ കുടുംബങ്ങൾക്കും ലഭിച്ചു. 25 കുടുംബങ്ങളുടെയും ഭവനനിർമ്മാണം ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. സേവ് എ ഫാമിലി കുടുംബങ്ങൾക്കായി ഡ്രൈഫ്ളവർ നിർമ്മാണം, സോപ്പ് ആന്റ് ഡിറ്റർജന്റ് നിർമ്മാണം ഇവയിൽ പരിശീലനം നൽകി. ഇവ ജീവനോപാധികൾ കണ്ടെത്തി പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ വളരെ ഉപകരിച്ചു എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്നത്.

ഫാബ്രിക്കേഷൻ, ബ്യൂട്ടീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് ആന്റ് പ്രിസർവേഷൻ, എന്നീ കോഴ്സുകളിലേക്ക് പുതുതായ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികൾക്ക് തികച്ചും സൗജന്യമായി താമസിച്ചു പഠിക്കുവാനുള്ള സൗകര്യവും ഈ കോഴ്സിന്റെ മറ്റൊരു പ്രത്യേകതയാണ്. പുതിയ ബാച്ചുകളുടെ ക്ലാസ്സുകൾ ഏപ്രിൽ മാസം മുതൽ മാനന്തവാടിയിലും, ബോയ്സ് ടൗണിലും ആരംഭിക്കുന്നതാണ്. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

**സ്വീയിങ്ങ് മെഷീന്റെ പുതിയ ബാച്ച് ആരംഭിച്ചു**

കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലേയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പ്രാദേശിക കാലാവസ്ഥാ ഭേതങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതി കളെ ജൈവകൃഷി എന്ന് പറയാം.

മണ്ണിന്റെയും വിലയുടെയും ഉത്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകാളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽ തന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് (ICI to IC3) പൂർത്തീകരിച്ച ജൈവ കൃഷിയിടങ്ങളിലുള്ളവരാണ് എന്നത് അഭിമാനി ക്കാൻ വകയുള്ള നേട്ടം തന്നെയാണ്. 1000 ത്തോളം കർഷകർ പുതു തായി പദ്ധതിയിൽ അംഗങ്ങളാവാൻ കഴിഞ്ഞ ഒരു വർഷമായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ബയോവിന്റെ ഈ മേഖലയിലെ പ്രവർത്തന മികവിന് കിട്ടുന്ന അംഗീകാരം തന്നെയാണ്.

ക്വാളിറ്റി കൺട്രോൾ ടീമിലേക്ക് ശ്രീ. അനിൽ ജോസ്, കുമാരി ക്രിസ്റ്റീന, കുമാരി നമിത എന്നിവർ ബയോവിനിൽ പുതിയ അംഗങ്ങ ളായി എത്തുകയും നീലഗീരി മേഖലയിൽ റീജിണൽ ഫീൽഡ് കോർഡി നേറ്ററായിരുന്ന ശ്രീ. സുജേഷ് മാത്യുവിന് യാത്രയയപ്പു നൽകുകയും ചെയ്തു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെ ത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷ കരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയിക്കുകയും ഗ്രൂപ്പ് മീറ്റിങ്ങു കളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത സംഭരണരീതി, ഉത്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സി ലാക്കി കൊടുക്കുകയും ചെയ്തു. മുൻകൂട്ടി അറിയിച്ചത്പ്രകാരം ജൈവ നിലവാരം പരിശോധിക്കുന്നതിനായി കർഷകരിൽ നിന്നും കാപ്പി, കുരു മുളക് എന്നിവയുടെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

**കർഷകഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉത്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട 112 ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചർ എക്സ്റ്റിഷൻ ഓഫീസിൽ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയവർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 139 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**കോഫീ ബാഗ് വിതരണം**

ജൈവകർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ ശേഖരിക്കുന്നതിലും വൃത്തിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ കോഫീ ബാഗുകൾ (ചാക്കുകൾ) വിവിധ റീജിയനുകളിലായി വിതരണം ചെയ്തു.

**NAPP ടീം സന്ദർശനം**

ഏഷ്യ പസഫിക് രാജ്യങ്ങളിലെ ഫെയിട്രേഡ് കൂട്ടായ്മയായ നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് (NAPP) ൽ നിന്നും 2019 ഫെബ്രുവരി മാസം നാലാം തീയതി കഫെ, വൊഫ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വോഫെ ആരംഭിച്ച കാപ്പിതൈ നേഴ്സറി സന്ദർശിക്കുന്നതിനുമായി എത്തിചേർന്നു. NAPP പ്രതിനിധികളായ ശ്രീ. മുനി രാജു, ശ്രീ. മനോജ് കുമാർ, ശ്രീമതി ബിന്ദു എന്നിവരാണ് സന്ദർശനം നടത്തിയത്. സംഘടനകളിൽ നിന്നും പ്രളയാനന്തര തുടർ പ്രവർത്തനങ്ങളുടെ കരട് രേഖ എക്സിക്യൂട്ടീവിൽ നിന്നും സ്വീകരിക്കുകയും ചെയ്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഫെബ്രുവരി മാസം ഉണക്കകാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 523000 കിലോയും, പച്ച ഇഞ്ചി കിലോയ്ക്ക് 68.33 രൂപ നിരക്കിൽ 12500 കിലോയും കുരുമുളക് കിലോയ്ക്ക് 405 രൂപ നിരക്കിലും 197 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 241200 കിലോ ഉണക്കകാപ്പി കിലോഗ്രാമിന് 73 രൂപ നിരക്കിൽ സംഭരിച്ചു.

**സംഭരണ ക്രമീകരണം**

കാപ്പി, ഇഞ്ചി, കുരുമുളക് എന്നിവയുടെ സംഭരണം ഫീൽഡ് കോർഡിനേറ്റർമാർ നേരിട്ട് സാമ്പിൾ ശേഖരിച്ച് ജൈവപരിശോധന നടത്തിയതിനുശേഷം മാത്രമായിരിക്കും. ഇഞ്ചി, കുരുമുളക് എന്നിവയുടെ ജൈവപരിശോധനയ്ക്ക് ആവശ്യമായ തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. കാപ്പി ഈ വർഷം ബയോവിൻ/വൊഫയുടെ ചെലവിൽ പരിശോധന നടത്തുന്നതും വരുംവർഷങ്ങളിൽ കർഷകർ സ്വയം ചെലവ് വഹിക്കേണ്ടതുമാണ്. സംഭരണത്തിൽ ഫീൽഡ് കോർഡിനേറ്റർമാർ സാമ്പിൾ ശേഖരിച്ച് ബയോവിനിൽ എത്തിച്ചത് മുതൽ 45 ദിവസത്തെ കാലവിളംബം ഉണ്ടായിരിക്കുന്നതും ഈ കാലയളവിൽ NABL അംഗീകാരമുള്ള ലാബിൽ ജൈവപരിശോധന നടത്തി സർട്ടിഫിക്കറ്റ് വാങ്ങുന്നതുമായിരിക്കും. അന്താരാഷ്ട്ര നിലവാരമുള്ള ജൈവ ഉത്പന്നങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് അനിവാര്യമായതിനാലാണ് ഇപ്രകാരം ഒരു ക്രമീകരണം വരുത്തിയിരിക്കുന്നത്.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഫെബ്രുവരി മാസത്തിലും കാപ്പി, മഞ്ഞൾ, ഇഞ്ചി, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 780 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**ബയോഫാക് ജർമ്മനി**

2019 ഫെബ്രുവരി 12 മുതൽ 16 വരെ ജർമ്മനിയിലെ ന്യൂറംബർഗിൽ വച്ച് നടന്ന ബയോഫാക് ട്രേഡ് ഫെയറിൽ ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, മാർക്കറ്റിങ്ങ് മാനേജർ ശ്രീ. വിനീഷ് മാത്യു വണ്ടന്നൂർ എന്നിവർ പങ്കെടുത്തു. നിലവിൽ ബയോവിനിൽനിന്നും ഉത്പന്നങ്ങൾ വാങ്ങിവരുന്ന കമ്പനികളുടെ പ്രതിനിധികളെ സന്ദർശിക്കുകയും കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്‌മെന്റ് സൊസൈറ്റി

ദൈവകൃപയാൽ NDS ന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു. മാർച്ച് മാസത്തെ ഇവാലുവേഷൻ 16-03-2019 ന് അരുൾനിലയം ദേവാലയ ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. വിവിധ യൂണിറ്റുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. ഓരോ യൂണിറ്റുകളും തങ്ങളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. എല്ലാ യൂണിറ്റുകളും തങ്ങളുടെ തനത് പ്രവർത്തനങ്ങൾക്ക് പുറമേ സാമൂഹിക രംഗത്തും കഴിയുന്ന വിധത്തിൽ പ്രവർത്തിച്ച് വരുന്നു.

- കയ്യൂന്നി യൂണിറ്റ് ഈ മാസാവസാനത്തോടെ ഓഡിറ്റിങ്ങ് പൂർത്തിയാക്കാനും പൊതു തെരഞ്ഞെടുപ്പ് നടത്താനും തീരുമാനിച്ചു.
- കുന്നലാടി യൂണിറ്റ് വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുകയും, പുതിയ വർഷത്തേക്ക് വില്പനക്കായി കുടകൾ നിർമ്മിക്കുകയും സാമ്പിൾ കുടകൾ വിവിധ യൂണിറ്റുകൾക്ക് കൊടുക്കുകയും ചെയ്തു. കൂടാതെ വാഷിംഗ്സോപ്പ് കിറ്റുകൾ, ഡിഷ്‌വാഷ് കിറ്റുകൾ എന്നിവ നിർമ്മിച്ച് കൊടുക്കുകയും ചെയ്തുവരുന്നു.
- മണ്ണുവയൽ യൂണിറ്റ് വാരണാസി കമ്പോസ്റ്റ് നിർമ്മിച്ചു. മണ്ണുവയൽ യൂണിറ്റ് ജയ് കിസാൻ, കിസാൻ അമ്പലമൂല എന്നീ ഗ്രൂപ്പുകൾ കോഡിനേറ്റർ ശ്രീ. അനിൽ സന്ദർശിക്കുകയും, ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുകയും, ജീവസ് ഇൻഷൂറൻസ് പോളിസിയെ കുറിച്ചുള്ള സംശയങ്ങൾക്ക് നിവാരണം നടത്തുകയും ചെയ്തു. ജീവസ് ഇൻഷുറൻസ് പോളിസിയിലേക്ക് എല്ലാ യൂണിറ്റുകളിൽ നിന്നും പോളിസി ചേർത്ത് കൊണ്ടിരിക്കുന്നു.

**ജൈവകൃഷി**

അമ്പലമൂല, മൺവയൽ, ബോസ്പാറ, വിമലഗിരി എന്നിവിടങ്ങളിൽനിന്നുള്ള കർഷകരിൽ നിന്ന് കഴിഞ്ഞ മാസം ശേഖരിച്ച 12723 കിലോ കാപ്പിക്കുരുവിന് 73 രൂപ പ്രകാരം 9,28,815 രൂപ വിതരണം ചെയ്തു. ജൈവകൃഷി തേയില കർഷകരിലേക്കുകൂടി വ്യാപിപ്പിക്കു ന്നതിന്റെ ഭാഗമായി 12-03-2019 ന് ബഹു. ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ കോഡിനേറ്റർമാരുടെ മീറ്റിംഗ് നടന്നു. ജൈവ കൃഷിയിലേക്ക് ഈ മാസം മുതൽ കർഷകരെ ചേർക്കാൻ തീരുമാനിച്ചു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**സഭാ സംരക്ഷണ ജാഗ്രതാ സെമിനാർ**

ചർച്ച് ബിൽ എന്ത്? എന്തിന്? എങ്ങനെ? എന്ന വിഷയത്തെ അടിസ്ഥാനമാക്കി 2019 ഫെബ്രുവരി 23 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സഭാ സംരക്ഷണ ജാഗ്രതാ സെമിനാർ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 142 അംഗങ്ങൾ പങ്കെടുത്തു. കത്തോലിക്കാകോൺഗ്രസ്സ് ഗ്ലോബൽ സമിതി ഡയറക്ടർ ഫാ. ജിയോ കടവി സെമിനാർ ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ സഭയെ കേരളത്തിൽ തകർക്കാനുള്ള ശ്രമം സമുദായം ഒറ്റക്കെട്ടായി നേരിടുമെന്നും സഭയുടെ തകർച്ച ആഗ്രഹിച്ചു പ്രവർത്തിക്കുന്നവരെയും പ്രസ്ഥാനങ്ങളെയും ജനാധിപത്യരീതിയിൽ ചെറുത്തുതോൽപ്പിക്കുമെന്നും അതിനായി സമുദായം ഒറ്റക്കെട്ടായി നിലകൊള്ളുമെന്നും ഫാ. ജിയോ കടവി ഓർമ്മിപ്പിച്ചു.

ചർച്ച് ബിൽ എന്താണെന്നും എങ്ങനെ സഭയെ ബാധിക്കുമെന്നും വിശദമായ ചർച്ചയ്ക്കും ക്ലാസ്സിനും അഡ്വ. റവ. ഫാ. തോമസ് ജോസഫ് തേരകം നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി, പ്രസിഡന്റ് ഡോ. കെ.പി. സാജു, ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ, ട്രഷറർ ജോർജുകുട്ടി വിലങ്ങപ്പാറ, സണ്ണി ചെറുകാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**യൂണിറ്റ്തല ബോധവത്ക്കരണ പരിപാടികൾ**

മാധ്യമ ജാഗ്രത, ചർച്ച് ബിൽ ഇവയെ അടിസ്ഥാനമാക്കി യൂണിറ്റ് തല പരിശീലന പരിപാടികൾ നടക്കുന്നു. വിശ്വാസ സംരക്ഷണവും സമുദായ കൂട്ടായ്മയും ലക്ഷ്യമാക്കി കുടുംബയൂണിറ്റുകളിലും സംഘടനായൂണിറ്റുകളിലും ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. നേതൃത്വം നൽകുന്ന യൂണിറ്റ് ഭാരവാഹികളെയും രൂപതാ പ്രവർത്തക സമിതി അംഗങ്ങളെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കരിദിനം ആചരിച്ചു**

കേരളസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ചർച്ച് ബില്ലിനെതിരെ 2019 മാർച്ച് 3 ന് കരിദിനം ആചരിച്ചു. കരിദിനം ആചരിക്കുന്നതിന് നേതൃത്വം നൽകിയ യൂണിറ്റ് ഭാരവാഹികളെയും പ്രവർത്തകരെയും അനുമോദിക്കുന്നു.

**വസന്തകുമാറിന്റെ വീട് സന്ദർശിച്ചു**

പുൽവാമ ഭീകരാക്രമത്തിൽ കൊല്ലപ്പെട്ട വസന്തകുമാറിന്റെ

ഭവനം സന്ദർശിച്ച് പ്രാർത്ഥനകൾ നേർന്നു. ഗ്ലോബൽസമിതി ഡയറക്ടറും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**പ്രതിഷേധ സമ്മേളനം**

'ചർച്ച് ബിൽ പിൻവലിക്കുക' എന്ന ആവശ്യവുമായി കോട്ടയം തിരുന്നക്കര മൈതാനത്ത് കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മഹാ സമ്മേളനം നടന്നു. മാർച്ച് 7 ന് നടന്ന സമ്മേളനം വിജയകരമായി നിയമപരിഷ്ക്കരണ കമ്മീഷന്റെ വിവാദമായ കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ബിൽ വെബ്സൈറ്റിൽ നിന്നുതന്നെ അപ്രത്യക്ഷമായി. ക്രൈസ്തവസമൂഹത്തിൽ നിന്നും ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് സൈറ്റിൽ നിന്നും ബിൽ പിൻവലിക്കാൻ തയ്യാറായത്. ആയിരക്കണക്കിന് ക്രൈസ്തവവിശ്വാസികളാണ് കോട്ടയത്ത് സമ്മേളിച്ചത്. ഗ്ലോബൽ സമിതിക്ക് അഭിനന്ദനങ്ങൾ.

**വർക്കി നിരപ്പേൽ**
ജനറൽ സെക്രട്ടറി

**മണ്ണ് - പുരസ്കാര നിറവിൽ**

പാലക്കാട് വെച്ച് നടന്ന ലീഡ് ഇന്റർനാഷണൽ ഷോർട് ഫിലിം ഫെസ്റ്റിവലിൽ റേഡിയോ മാറ്റൊലിയുടെ ബാനറിൽ ഷാജു പി ജെയിംസ് സംവിധാനം ചെയ്ത മണ്ണ് എന്ന ഷോർട് ഫിലിമിന് പ്രത്യേക ജൂറി പരാമർശം ലഭിച്ചു. ചിത്രത്തിൽ അഭിനയിച്ച വിശാലാക്ഷി ചെറുമാട് മികച്ച നടിക്കുള്ള പുരസ്കാരവും കരസ്ഥമാക്കി.

**വിമുക്തി - ലഹരിമുക്ത ക്യാംപെയ്ൻ**

റേഡിയോ മാറ്റൊലി, സുൽത്താൻ ബത്തേരി എക്സൈസ് റേഞ്ച് ഓഫീസ്, സെന്റ് മേരീസ് കോളേജ് ആന്റി ഡ്രഗ്സ് ക്ലബ്ബ്, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലഹരി വിമുക്ത ബോധവത്കരണ തെരുവു നാടകവും പ്രശ്നോത്തരിയും സംഘടിപ്പിച്ചു. പ്രശ്നോത്തരിയിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

**പങ്കാളിത്തം**

യൂണിവേഴ്സിറ്റി ഓഫ് ഹൈദ്രാബാദ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിലെ യുനസ്കോ ചെയറിന്റേയും ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടേയും സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 22 മുതൽ 24 വരെ ഹൈദ്രാബാദിൽ വെച്ച് സംഘടിപ്പിച്ച ശില്പശാലയിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, അലീന ജോയ് എന്നിവർ പങ്കെടുത്തു.

ഫെബ്രുവരി 25,26 തിയ്യതികളിൽ ഡൽഹിയിൽ വെച്ച് നടന്ന Radio Saving Lives Learning Workshop ൽ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു. പ്രകൃതിദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോ പ്രവർത്തനങ്ങൾക്ക് ഒന്നാം സ്ഥാനം ലഭിച്ചു. കൈതപ്പൊയിൽ ലിസാ കോളേജിൽ സംഘടിപ്പിച്ച BIVTEO-International Film Fiesta 2019 ൽ നടത്തിയ R J Hunt Competition ൽ ജഡ്ജായി ഫാ. ജസ്റ്റിൻ മാത്യു പങ്കെടുത്തു.

**ഗ്രാമമാറ്റൊലി**

കുറുക്കൻമൂല പബ്ലിക് ലൈബ്രറിയിൽ വെച്ച് മാർച്ച് 16 ന് ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജസ്റ്റിൻ

മാത്യു, ഫാ. ബിവാൾഡിൻ എന്നിവരുടെ നേതൃത്വത്തിൽ പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**ഇന്റേഷിപ്പ്**

മൈസൂർ അമൃത സ്കൂൾ ഓഫ് ആർട്സ് & സയൻസസിലെ ബി.എസ്.സി വിദ്യാർത്ഥികളായ തീർത്ഥ കെ.എസ്, അക്ഷയ് ജോഷി എന്നിവർ 45 ദിവസത്തെ ഇന്റേണൽഷിപ്പിനായി ചേർന്നു.

സെന്റ് ജോസഫ്സ് കോളേജ് പിലാത്തറ, ശ്രീ വിദ്യാധിരാജ കോളേജ് ഓഫ് ആർട് & സയൻസ് കോളേജ് കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ ബി.എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ ട്രെയിനിംഗിനു വന്നു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** ഗർഭിണികളും ആയുർവ്വേദവും എന്ന വിഷയത്തിൽ ഫെബ്രുവരി 26 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡോ. നീതു ടി.എൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

മാർച്ച് 08 ന് വനിതാ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബി. നസീമ തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു. ജില്ലയുടെ വികസന പ്രവർത്തനങ്ങളും സ്വപ്നങ്ങളും പങ്കുവെച്ചു.

**കാവലും കരുത്തും:** ബാലവിവാഹം തടയേണ്ടതിന്റേയും പെൺകുട്ടികളെ വിദ്യാഭ്യാസപരമായി ഉയർത്തി കൊണ്ട് വരേണ്ടതിന്റേയും പ്രാധാന്യം വ്യക്തമാക്കുന്ന ബോധവത്കരണ പരിപാടിയാണ് കാവലും കരുത്തും. കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷനും യുണിസെഫും ചേർന്നാണ് കാവലും കരുത്തും എന്ന പരിപാടി നടപ്പാക്കുന്നത്.

**ജനാധിപത്യത്തിന്റെ ആഘോഷം:** ഇന്ത്യൻ ജനാധിപത്യ സംവിധാനത്തേയും വോട്ട് പാഴാക്കാതിരിക്കേണ്ടതിന്റേയും പ്രാധാന്യം വ്യക്തമാക്കുന്ന പരിപാടിയാണ് ജനാധിപത്യത്തിന്റെ ആഘോഷം.

**ജനങ്ങൾക്കൊപ്പം:** ജനങ്ങൾക്കൊപ്പം പരിപാടിയിൽ ലോട്ടറി വകുപ്പിനെയാണ് പരിചയപ്പെടുത്തിയത്. ലോട്ടറി വകുപ്പ് സംസ്ഥാനത്താകമാനവും ജില്ലയിലും നൽകുന്ന വിവിധ സേവനങ്ങളെ കുറിച്ച് സംസാരിച്ചത് ജില്ലാ ഭാഗ്യക്കുറി ഓഫീസർ എസ്. അനിൽകുമാർ ആണ്. ടൂറിസം വകുപ്പിനെ പരിചയപ്പെടുത്തി കൊണ്ടുള്ള ജനങ്ങൾക്കൊപ്പം പരിപാടിയിൽ ജില്ലയിലെ പ്രധാന ടൂറിസം പദ്ധതികളെകുറിച്ച് വിശദമാക്കിയത് ഡിടിപിസി മെമ്പർ സെക്രട്ടറി ബി. ആനന്ദ് ആണ്.

**നേരും പൊരുളും:** കാട്ടു തീ, മനുഷ്യ വന്യജീവി സംഘർഷം, പമ്പാനദി പുരാതന അവശിഷ്ടങ്ങൾ, ഭവനനിർമ്മാണ പദ്ധതികളുടെ ജി.എസ്.ടി.,

റബ്ബർ കർഷക നിയമം, കാർഷിക കടബാധ്യത- സർക്കാർ ഇടപെടലുകൾ, അപകടകരമായ ചൂട്-മുൻ കരുതലുകൾ, പരീക്ഷാകാലത്തെ അതി സമ്മർദ്ദം എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**മനസൗഖ്യ:** മസ്തിഷ്കവും മനസ്സും, ലക്ഷ്യവും ലക്ഷ്യബോധവും, മൾട്ടിപ്പിൾ ഇന്റലിജൻസ് അഥവാ ബഹുമുഖ ബുദ്ധി, പോസിറ്റീവ് സൈക്കോളജി എന്നീ വിഷയങ്ങളെകുറിച്ച് വിശദമാക്കിയത് പായോട് ജനസൗഖ്യയിലെ ഒലിവ് വെൽനെസ് കേന്ദ്രത്തിലെ സി. രജിൻ മാത്യു എം.എസ്.എം.ഐ. ആണ്.

**അരങ്ങ്:** മാംഗ്ലൂർ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് റോഷ്നി നിലയിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗാനങ്ങളാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്.

**ധന്യമീ ജീവിതം:** വാളാട് വെൺമണി സ്കറിയ, പടിഞ്ഞാറത്തറ കുറ്റിയാംവയൽ സ്വദേശികളായ ചാക്കോ, സാമുവൽ കണ്ണന്താനം, മുണ്ടിയാങ്കൽ ചിന്നമ്മ എന്നിവരാണ് ജീവിതാനുഭവങ്ങൾ പങ്കുവെച്ചത്.

**പുതുനാമ്പുകൾ:** കാലാവസ്ഥാ മാറ്റവും അതിജീവനവും എന്ന വിഷയത്തെകുറിച്ച് പങ്കുവെച്ചത് കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം പ്രൊജക്ട് സയന്റിസ്റ്റ് ഡോ. പ്രദീഷ് മാമൻ ആണ്.

**ജീവിത വളയം:** പിണങ്ങോട് സ്വദേശി ദേവസ്യ പൈനാടത്താണ് ജീവിതവളയം പരിപാടിയിൽ അതിഥിയായി എത്തിയത്.

**ഓവർഡ്രൈവ്:** വീട്ടിലെത്തി കാർ സർവീസ് ചെയ്തു നൽകുമെന്ന വാഗ്ദാനവുമായി ദക്ഷിണ കൊറിയൻ നിർമാതാക്കളായ ഹ്യുണ്ടേയ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് രംഗത്തെത്തിയതും ഡോമിനാർ 400 മോഡലിന്റെ പുതിയ പതിപ്പിനെക്കുറിച്ചും ഹോണ്ടയുടെ പത്താം തലമുറ സിവികിനെക്കുറിച്ചും ഫോർഡ് എൻഡവർ എസ്.യു.വി.യുടെ പുതിയ 2019 മോഡൽ അവാൻ മോട്ടോഴ്സ് പുതിയ സീറോ പ്ലസ് ഇലക്ട്രിക് സ്കൂട്ടർ പുറത്തിറക്കിയതിനെക്കുറിച്ചും ഓവർ ഡ്രൈവിൽ ചർച്ച ചെയ്തു.

**ടെക്നോമാറ്റൊലി:** ഫേഷ്യൽ റെക്കഗ്നിഷൻ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന് നിയമനിർമാണം വേണമെന്നും നിയന്ത്രണം കൊണ്ടുവരണമെന്നും ആമസോൺ ആവശ്യപ്പെട്ടതും വോട്ടേഴ്സ് പട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ടെക്നോമാറ്റൊലിയിൽ ഉൾപ്പെടുത്തി. നോക്കിയ പ്യുവർ വ്യൂ സ്മാർട് ഫോൺ, നോക്കിയ 4.2, നോക്കിയ, 3.2, നോക്കിയ 1 പ്ലസ്, സാംസങ് ഗാലക്സി എസ് 10, ഗാലക്സി എസ് 10 പ്ലസ്, ഗാലക്സി എസ് 10 ഇ, ഗാലക്സി എസ് 10 5ജി എന്നീ ഫോണുകളെയും ടിക് ടോക് ആപിന് തിരിച്ചടിയേറ്റത്, എന്നിവ ടെക്നോമാറ്റൊലി പങ്കുവെച്ചു.

**ജാലകം:** പ്രതിദിനം പ്രതിരോധം എന്ന മുദ്രാവാക്യത്തിലൂന്നി ആരോഗ്യവകുപ്പ് സംഘടിപ്പിച്ച വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ബോധവത്കരണപരിപാടിയുടെ ഉദ്ഘാടനത്തിന്റെ റേഡിയോ റിപ്പോർട്ടാണ് ജാലകത്തിൽ ഉൾപ്പെടുത്തിയത്.

**ക്ഷീരവാണി:** ക്ഷീരകർഷകരുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനും സംരക്ഷണം നൽകുന്നതിനും ക്ഷീരവകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളെകുറിച്ച് വിശദമാക്കിയത് വകുപ്പ് ജോയിന്റ് ഡയറക്ടർ തമ്പി മാത്യു ആണ്. പശുക്കൾക്ക് ഗുണപ്രദമായ തീറ്റക്രമങ്ങളെകുറിച്ച് വിശദീകരിച്ച് പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ ആനിമൽ ന്യൂട്രീഷൻ വിഭാഗത്തിൽ അസി. പ്രൊഫസർ ഡോ. ബിജു ചാക്കോ വിശദമാക്കി.

**വയൽനാട്:** കൂടോത്തുമ്മൽ സ്വദേശി ദിൽജിത്ത്, കാപ്പിക്കളം സ്വദേശികളായ മാണിക്യത്ത് ബെന്നി, ജോസഫ് എന്നീ കർഷകരെയും കൂണിന്റെ മേന്മയും കൃഷിരീതികളും എന്ന വിഷയത്തിൽ മണ്ണൂത്തി കേരള കാർഷിക സർവ്വകലാശാലയിലെ കോളേജ് ഓഫ് ഹോർട്ടികൾച്ചറിലെ വിദ്യാർത്ഥികളായ മൂർഷിദ എസ്, സ്വാതി എന്നിവരും ബോസായി കൃഷിയെകുറിച്ച് മണ്ണൂത്തി കേരള കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥികളായ ദിൽഷ, അശ്വിനി എന്നിവരും പങ്കുവെച്ചു. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ച സുഗന്ധി 2019 കാർഷികമേളയിൽ നടന്ന സെമിനാറിൽ സുഗന്ധവിളകളുടെ പുനരുജ്ജീവനം എന്ന വിഷയത്തിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എൻ. മിനിരാജ് നടത്തിയ വിഷയാവതരണത്തിലെ പ്രസക്ത ഭാഗങ്ങളും പരിപാടിയിലൂടെ ശ്രോതാക്കൾ കേട്ടു.

**കുടുംബവേദി:** കുരുന്നുമനസ്സുകളിൽ എങ്ങനെയാണ് നല്ല ശീലങ്ങൾ വളർത്തേണ്ടത് എന്നതിനെകുറിച്ചാണ് കുടുംബവേദി പങ്കുവെച്ചത്.

**പ്രതിഭയും അതിഥിയും:** മികച്ച ഗ്രന്ഥശാല പ്രവർത്തകനുള്ള കേരള സാഹിത്യ അക്കാദമിയുടെ ആദരവ് ഏറ്റുവാങ്ങിയ മംഗലശ്ശേരി മാധവൻമാസ്റ്ററാണ് പ്രതിഭയും അതിഥിയും പരിപാടിയുടെ അതിഥിയായി എത്തിയത്.

**സ്മരണാഞ്ജലി:** കലാഭവൻ മണി, ബോംബെ രവി, വള്ളത്തോൾ, സ്റ്റീഫൻ ഹോക്കിംഗ്സ് എന്നിവരെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** നിറം, ഭാര്യ, ക്രൈം നമ്പർ 89, ആട് ഒരു ഭീകരജീവിയാണ് എന്നീ സിനിമകളെ പരിചയപ്പെടുത്തി.

**ചിത്രവിശേഷം:** കുമ്പളങ്ങി നൈറ്റ്സ് എന്ന ചിത്രത്തെക്കുറിച്ചുള്ള അവലോകനമാണ് ചിത്രവിശേഷത്തിൽ ഉൾപ്പെടുത്തിയത്.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** ആർക്കും പ്രയോജനം കിട്ടാതെ കിടക്കുന്ന വിളമ്പുകണ്ടം-അഞ്ചുകുന്ന് ശുദ്ധജല പദ്ധതിയെകുറിച്ചും ഈ പ്രദേശത്തുകാർ നേരിടുന്ന കുടിവെള്ള പ്രതിസന്ധിയെകുറിച്ചുമാണ് ഞങ്ങൾക്കുമുണ്ട് പറയാൻ പരിപാടി പങ്കുവെച്ചത്.

**ഓട്ടോറിക്ഷ:** കണിയാമ്പറ്റ സ്റ്റാന്റിലെ വിശേഷങ്ങളും തൊഴിലാളി കളേയുമാണ് പരിപാടി പരിചയപ്പെടുത്തിയത്.

**ആയുർകെയർ:** ആർത്തവവിരാമവും സത്രീകളുടെ ആരോഗ്യവും എന്ന വിഷയം പങ്കുവെച്ചത് കൽപ്പറ്റ നാഗാർജ്ജുന ആയുർവേദ ക്ലിനിക്കിലെ സീനിയർ ഫിസിഷ്യൻ ഡോ. സ്നേഹശോഭ ആണ്. ആമാശയ രോഗങ്ങൾ അകറ്റുന്നതിന് ശീലമാക്കേണ്ട ഭക്ഷണ ക്രമത്തേയും ചിട്ടകളേയും ചികിത്സാരീതികളേയും കുറിച്ച് സംസാരിച്ചത് ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ കോളിച്ചാലിലെ മെഡിക്കൽ ഓഫീസർ ഡോ. ബിജില ബാലകൃഷ്ണനാണ്. ആർത്തവ സംബന്ധമായ പലതരം വിഷമതകളെകുറിച്ച് സംസാരിച്ചത് വാളാട് ദക്ഷ ആയുർവേദിക് സെന്ററിലെ ഫിസിഷ്യൻ ഡോ. സന്ധ്യ കെ.എസ്. ആണ്. പ്രമേഹവും ആയുർവ്വേദവും എന്ന വിഷയത്തിൽ കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയിലെ കൺസൾട്ടന്റ് ഫിസിഷ്യൻ ഡോ. പ്രിയ ജിൽസ് വിവരങ്ങൾ പങ്കുവെച്ചു.

**എഴുത്തരങ്ങ്:** വാടാമുല്ല, അന്വേഷകൻ, മരം പെയ്ത വസന്തം, ചേച്ചി, ഓപ്പറേഷൻ തിയേറ്റർ, തലാഖ്, സമസ്യ, നിഴലും വെളിച്ചവും, കനി, മീഡിയേഷൻ എന്നീ കഥകളും നിനക്കിനിയെന്ത്, ലുട്ടാപ്പി, നീ, നോവിൻ പട്ടുറുമാൽ, കാറ്റ് കനിഞ്ഞപ്പോൾ, കെടുത്താൻ കഴിയില്ല ഈ ഉണർവിനെ എന്നീ കവിതകളുമാണ് എഴുത്തരങ്ങിൽ ഉൾപ്പെടുത്തിയത്.

**കിലുക്കാംപെട്ടി:** ജോനാ റോസ്, ആൽഫ്രഡ്, ഏബൽ, അദിൻ എന്നീ കൊച്ചുകൂട്ടുകാരാണ് കിലുക്കാം പെട്ടിയിൽ വിശേഷങ്ങൾ പങ്കുവെച്ചത്.

**മയിൽപ്പീലി:** ദ്വാരക എസ്. എച്ച് നഴ്സറിയിലേയും ഒഴുക്കൻമൂല, പേരിയ 44, വെള്ളമുണ്ട മുണ്ടക്കൽ കോളനി എന്നീ അംഗൻ വാടികളിലെയും കൊച്ചുകുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളാണ് മയിൽപ്പീലിയിൽ ഉൾപ്പെടുത്തിയത്.

**പ്രത്യേക പരിപാടികൾ**

**ഞാൻ ബോധവാനാണ്, മറ്റുള്ളവരേയും ബോധവാന്മാരാക്കും:** കാൻസർ വിവിധ ഘട്ടങ്ങൾ, ചികിത്സ എന്ന വിഷയത്തിൽ നല്ലൂർനാട് കാൻസർ സെന്ററിലെ ഡോ. നസീബ നടത്തിയ വിഷയാവതരണമാണ്

ഞാൻ ബോധവാനാണ്, മറ്റുള്ളവരേയും ബോധവാന്മാരാക്കും എന്ന പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**പ്രളയാനന്തര വയനാട്, വികസന ചിന്തകളും സാധ്യതകളും:** സുസ്ഥിര ഉത്തരവാദിത്ത വിനോദസഞ്ചാരം പ്രാദേശിക സാധ്യതകൾ എന്ന വിഷയത്തിൽ ശ്രീജിത് വി. നായർ നടത്തിയ വിഷയാവതരണത്തിന്റെ പ്രസക്ത ഭാഗങ്ങളാണ് പ്രളയാനന്തര വയനാട്, വികസന ചിന്തകളും സാധ്യതകളും എന്ന പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**മനുഷ്യാവകാശ ഉപഭോക്തൃ നിയമക്ലാസ്സ്:** മനുഷ്യാവകാശത്തെ കുറിച്ച് ലീഗൽ സൊസൈറ്റി ട്രെയിനർ അഡ്വ.ജോസഫ് നയിച്ച ക്ലാസ്സിലെ പ്രസക്ത ഭാഗങ്ങളാണ് മനുഷ്യാവകാശ ഉപഭോക്തൃ നിയമക്ലാസ്സ് എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**കാഴ്ചകളിലേക്ക് ഒരു ഫ്ളാഷ്:** 23 വർഷമായി ഫോട്ടോഗ്രഫി രംഗത്ത് പ്രവർത്തിക്കുന്ന ജോസ് മുണ്ടക്കുറ്റിയെ പരിചയപ്പെടുത്തിയ പ്രത്യേക പരിപാടിയാണ് കാഴ്ചകളിലേക്ക് ഒരു ഫ്ളാഷ്.

**അമ്മമലയാളം:** മാതൃഭാഷദിനത്തോട് അനുബന്ധിച്ച് പ്രക്ഷേപണം ചെയ്ത പ്രത്യേക പരിപാടിയാണ് അമ്മമലയാളം. കൂടാതെ മാതൃഭാഷാദിന ചിന്തകളും കവിതകളും ദ്വാരക എ.യു.പി.സ്കൂളിലെ ഫിദ ഇബ്രായിയും വെള്ളമുണ്ട ഡബ്ല്യൂ എം.ഒ. ഇംഗ്ലീഷ് അക്കാദമിയിലെ ജോസ്ന പി. ജോസഫും പങ്കുവെച്ചു.

**കേരള ചിക്കൻ പദ്ധതി:** ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി വഴി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പ്രത്യേക പദ്ധതിയായ കേരള ചിക്കൻ പദ്ധതിയെകുറിച്ച് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചെയർമാൻ പി.കൃഷ്ണപ്രസാദ് വിശദമാക്കി.

**മാറ്റേറിയ ആയിരം ദിനങ്ങൾ:** സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷ പരിപാടികളെ പരിചയപ്പെടുത്തിയ പ്രത്യേക പരിപാടിയാണ് മാറ്റേറിയ ആയിരം ദിനങ്ങൾ.

**നാടിന്റെ രക്ഷയ്ക്കായി:** എന്തായിരുന്നു പ്രളയത്തിന് കാരണമെന്നും ഇനി എപ്രകാരം മുന്നോട്ട് പോകണമെന്നും കബനി പ്രൊജക്ട് അസി.ഡയറക്ടർ പി.യു. ദാസ് നാടിന്റെ രക്ഷയ്ക്കായി എന്ന പരിപാടിയിലൂടെ വിശദമാക്കി.

**സ്ത്രീയ്ക്കുമുണ്ട് ജീവിതം:** മാർച്ച് എട്ട്, അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീയ്ക്കുമുണ്ട് ജീവിതം എന്ന ചിത്രീകരണം പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**February-March 2019**

The college has successfully completed the SSR work and quantitative assessment; entered the final phase of the third cycle of NAAC accreditation and is eagerly looking forward to the Peer Team visit which will take place by the end of March 2019. A few of our students won prizes in items like Gazal, Light Music and Kaavyakeli in the intercollegiate Fine Arts competitions held at Nehru College, Kanhangad. In the University level Judo competitions, our Men's team secured the second place in addition to the Bronze Medal in Wrestling.

The academic activities almost came to a close with the advent of End-semester University Examinations. The month of March is always characterized by examinations and farewells. This time around the college community is bidding adieu to the Principal, Dr Savio James V and Dr Sudha Devi A R of the Department of Zoology, two of the senior teachers of the college. The retiring teachers were given a warm farewell in a function in which our Patron, Mar Jose Porunnedom, gave the Benedictory Speech and Retirement Message.

In this connection, I would like to use this opportunity and space to express my sincere gratitude to the Management, Teaching & Non-teaching Staff, Support-staff, Parents, Students and Former Students for their cooperation and support that helped me discharge my duties both as a Teacher and the Principal. I would always cherish the memories of my association with all those who have been with me during my long stint at Mary Matha Arts& Science College, Mananthavady. I am sure the college will scale greater heights in the years to come and I wish everyone here all the best.

THANK YOU ALL & ADIEU

**Dr Savio James V**
Principal

ഒരു വിദ്യാഭ്യാസ വർഷം കൂടി കടന്നു പോകുന്നു. വർഷാവസാന പരീക്ഷകളെല്ലാം വളരെ നല്ല രീതിയിൽ എല്ലാ വിദ്യാലയങ്ങളിലും നടന്നു. മികച്ച വിജയം ലക്ഷ്യമാക്കി ചിട്ടയാർന്ന പ്രവർത്തനം കാഴ്ച വെക്കുവാൻ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എല്ലാ വിദ്യാലയങ്ങൾക്കും സാധിച്ചു. ഇത് വിജയശതമാനത്തെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. അടുത്ത വർഷത്തേക്കുള്ള കുട്ടികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നടക്കുകയാണ്. കൂടുതൽ കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിലേക്ക് കടന്നു വരുവാൻ ഇത് ഇടയാക്കട്ടെയെന്ന് ആശംസിക്കുന്നു.

**എച്ച്. എം. പ്രമോഷൻ ഇന്റർവ്യൂ**

2019-20 വർഷം ഒഴിവ് വരുന്ന ഹൈസ്ക്കൂൾ, പ്രൈമറി സ്ക്കൂൾ ഹെഡ്മാസ്റ്റർ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ ഇന്റർവ്യൂ മാർച്ച് 23-ാം തീയതി കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ചെയർമാനായ ഇന്റർവ്യൂ ബോർഡിൽ രൂപതാ പ്രൊക്യൂറേറ്റർ ഫാ. ജോൺ കോക്കണ്ടത്തിൽ, ഫാ. ജോസഫ് മുതിരക്കാലായിൽ, കോർപ്പറേറ്റ് മാനേജർ ഫാ. ജോൺ പൊൻപാറയ്ക്കൽ എന്നിവർ പങ്കെടുത്തു.

**സദ്ഗമയ 2019 മെയ് 15**

2019 മെയ് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 9.30 ന് ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സംഗമം 'സദ്ഗമയ 2019' മായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും യാത്രയയപ്പും ഇതോടൊപ്പം നൽകുന്നു.

**റിഫ്രഷ്മെന്റ് കോഴ്സ് - 2019**

2016 ജനുവരി ഒന്നിന് ശേഷം നിയമിതരായ ക്രൈസ്തവരായ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കുമായി രണ്ട് ദിവസത്തെ റീഫ്രഷ്മെന്റ് കോഴ്സ് മെയ് 11,12 തീയതികളിൽ ദ്വാരകയിൽ വെച്ച് നടത്തുതാണ്.

**പയനിയേഴ്സ് ക്യാമ്പ്**

ഈ വർഷത്തെ സ്ക്കൂൾ ക്യാംപസ് മിനിസ്ട്രിയുടെ ഭാഗമായ പയനിയേഴ്സ് ക്യാമ്പ് ആദ്യ വർഷക്കാർക്ക് മെയ് മാസം 26 മുതൽ 31

വരെ ബോയ്സ് ടൗണിൽ വെച്ച് നടത്തപ്പെടുന്നു.

ഈ വർഷം എട്ടാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരെയുമാണ് ആദ്യ വർഷ ക്യാംപിൽ പങ്കെടു പ്പിക്കുന്നത്. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ ഓരോ ഡിവിഷനിൽ നിന്നുമുള്ള രണ്ട് കുട്ടികളെ വീതമാണ് മാനദ ണ്ഡങ്ങൾക്ക് അനുസരിച്ച് ക്യാമ്പിൽ പങ്കെടുപ്പിക്കുക.

**സന്മാർഗപാഠം സ്കോളർഷിപ്പ് – ലിയാന ജോസിന് മൂന്നാം റാങ്ക്**

കെ. സി. ബി. സി. യുടെ വിദ്യാഭ്യാസ കമ്മീഷന്റെ ആഭിമുഖ്യ ത്തിൽ സംസ്ഥാന തലത്തിൽ നടത്തിയ സന്മാർഗപാഠം സ്കോളർഷിപ്പ് പരീക്ഷയിൽ മാനന്തവാടി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള നട വയൽ സെന്റ് തോമസ് ഹൈസ്ക്കൂളിലെ ലിയാന ജോസ് ഏഴാം ക്ലാസിൽ മൂന്നാം റാങ്ക് കരസ്ഥമാക്കി. ലിയാന ജോസിനും, പരീക്ഷക്ക് ഒരുക്കിയ അദ്ധ്യാപകർക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിനന്ദ നങ്ങൾ.

**ദ്വാരക എ. യു. പി. സ്ക്കൂൾ**

- ഈ വർഷത്തെ ന്യൂമാറ്റ്സ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഈ വിദ്യാലയത്തിലെ അർച്ചന ഇ. ആർ. വിജയിയായി.
- സന്മാർഗ്ഗപാഠത്തിന്റെ തുടർപ്രവർത്തനമായി കുട്ടികൾക്ക് ആരോഗ്യ നിയമ ബോധവൽക്കരണ ക്ലാസുകൾ അഡ്വക്കറ്റുമാരായ പ്രമോദ്, എൽസി മാത്യു എന്നിവർ നയിച്ചു.
- നല്ലപാഠം യുണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച സഹായനിധി ഉപയോഗിച്ച് നിർദ്ധനരായ രോഗികളെ സഹായിക്കുവാനും പ്രളയ ത്തിൽ ഭാഗികമായി തകർന്ന വീടുകൾ നന്നാക്കുവാനും സാധിച്ചു.
- നിലവിൽ ഉണ്ടായിരുന്ന ഓഡിയോ വിഷൽ തീയറ്റർ സ്മാർട്ട് മിനി തിയറ്ററാക്കി മാറ്റി.
- എൽ. പി. വിഭാഗം കുട്ടികൾക്കായി ക്ലബ്ബ്, ബുൾബുൾ യൂണിറ്റു കൾ ആരംഭിച്ചു.
- വിദ്യാലയത്തിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി കഴിഞ്ഞ നാല് വർഷമായി നടത്തി വരുന്ന അക്ഷരവെളിച്ചം പദ്ധതി ഈ വർഷവും വളരെ നല്ല രീതിയിൽ നടത്തുവാൻ സാധിച്ചു. ക്ലാസ് സമയത്തിന് ശേഷം മുക്കാൽ മണിക്കൂർ നേരം കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പരിപാടിയാണിത്.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ



# അറിയിപ്പുകൾ

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്കകോഴ്സ്

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ കഴിഞ്ഞവർഷം ആരംഭിച്ചിരുന്നല്ലോ. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെസിബിസി ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ ഇവർക്കുവേണ്ടിയുള്ള മാട്രിമോണിയൽ സർവീസും (KCBC Matrimony for the Deaf) കെസിബിസി തലത്തിൽ ആരംഭിച്ചിരിക്കുന്നു.

2019 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള മൂന്നു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

പാലാരിവട്ടം പിഒസിയിൽ

**A) പാലാരിവട്ടം പിഒസിയിൽ**

1) ഏപ്രിൽ 12, 13, 14, 2) ഒക്ടോബർ 11, 12, 13

**B) കൊല്ലം മേഖല**

3) ആഗസ്റ്റ് 9, 10, 11

**സ്ഥലം:** ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം

**ബന്ധപ്പെടേണ്ട വിലാസം:** സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം, കൊച്ചി-682 025, ഫോൺ: 99950 28229, 94958 12190, Email: kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org

# Pastoral Centre Programme



**April 2019**

| | | |
|---|---|---|
| 1-3 | - | Marriage Preparation course |
| 6 | - | Zion |
| 8 | - | Marian Singles |
| 8, 9 | - | CML |
| 11 -13 | - | Department of Catechism |
| 12-13 | - | DYM |
| 13 | - | Prathibha Sanghamam, Mathruvedi |
| 14-17 | - | Marriage Preparation course |
| 22-24 | - | CML |
| 25-28 | - | Christeen |
| 27 | - | CML |
| 29-30 | - | KCYM |

**Fr. Paul Vazhappilly**
Director, Pastoral Centre



# Bishop's Programme

## April 2019

| | |
|---|---|
| 01 Mon .................. | Visitors' Day |
| 02 Tue .................. | Engaged |
| 03 Wed .................. | Dwaraka: SABS Provincial House |
| 04 Thu .................... | Dwaraka: Charismatic Convention |
| 05 Fri ..................... | Tellicherry: Bishop's Meet |
| 06 Sat ...................... | Kaniyaram: Death Anniversary of Mar Emmanuel Pothanammuzhy |
| 07 Sun ................... | Kurumbalakotta: Grotto Blessing |
| 08 Mon ................... | Visitors' Day |
| 09 Tue 10 Wed ........ | Out of Station |
| 12 Fri ...................... | Kulathuvayal |
| 14 Sun .................... | Cathedral: Palm Sunday |
| 15 Mon .................. | Minor Orders |
| 18 Thu .................... | Cathedral: Maundy Thursday |
| 19 Fri ..................... | Cathedral: Good Friday |
| 20 Sat ..................... | Cathedral |
| 21 Sun .................... | Cathedral: Easter |
| 22 Mon 30 Tue ......... | USA |

## May 2019

| | |
|---|---|
| 01 Wed .................... | USA |
| 02 Thu .................... | Vestition SABS Sisters |
| 04 Sat ..................... | Jubilee SH Sisters |
| 06 Mon ................... | Engaged |
| 07 Tue .................... | Manimooly: Diocesan Day |

| | |
|---|---|
| *08 Wed ....................* | *Koruthodu: Priestly Ordination of Dn. Josekutty Powathil CSsR* |
| *10 Fri .....................* | *Out of Station* |
| *11 Sat ........................* | *Chulliyode: Blessing of the Cemetery* |
| | *Mullenkolly: Anniversary of Vincent De Paul Society* |
| *13 Mon ...................* | *Minor Seminary Interview* |
| *Afternoon......* | *Boy's Town: Blessing of the Church* |
| *14 Tue .....................* | *Vestition of Major Seminarians* |
| *.....................* | *Panamaram: Blessing of the Church* |
| *15 Wed ....................* | *Norbert House: Diocanate of Seminarians* |
| *...................* | *Corporate Teachers Convention* |
| *16 Thu ....................* | *Kelakam: First Holy Communion* |
| *17 Fri 18 Sat ..........* | *Out of Station* |
| *19 Sun ....................* | *Kallumukku: First Holy Communion* |
| *Afternoon ......* | *Gudallur: Blessing of the NDS Office* |
| *20 Mon ..................* | *Visitors' Day* |
| *21 Tue .....................* | *Golden & Silver Jubilee of Priests* |
| *22 Wed ....................* | *Vazahavatta: Priestly Ordination of Dn. Denish Kannukettiyil CSsR* |
| *23 Thu .....................* | *Kallody: Priestly Ordination of Dn. Philip Mooppattil OSB* |
| *24 Fri .....................* | *Out of Station* |
| *25 Sat .....................* | *Vincentgiri: Jubilee of the Sisters* |
| *27 Mon ...................* | *Visitors' Day* |
| *28 Tue 29 Wed .........* | *North Kerala Bishops' Meet* |
| *30 Thu 31 Fri ..........* | *Out of Station* |

• • •